'കേരളം ബഹുദൂരം; അതിവേഗം'എന്ന പേരിൽ ഒരു വർഷത്തെ കർമപദ്ധതിക്ക് സംസ്ഥാന മന്ത്രിസഭ അംഗീകാരം നൽകി. നൂറുദിന പരിപാടികളുടെ ചുവടു പിടിച്ച് അടുത്ത ഒരു വർഷം കൊണ്ട് വിവിധ വകുപ്പുകളിലൂടെ നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് പല സവിശേഷതകളുമുണ്ട്.

ഏറ്റവും മുന്തിയ പരിഗണന സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കാണ്. സുനാമി അപകടം വിതച്ച മേഖലകളിൽ കടൽഭിത്തി നിർമാണവും, കണ്ടൽകാടുകൾ വെച്ചുപിടിപ്പിക്കലും, ആലപ്പാട്, ക്ലാപ്പന, കരുനാഗപ്പള്ളി, കായംകുളം, ആറാട്ടുപുഴ, അന്ധകാരനഴി, പള്ളിത്തോട് പ്രദേശങ്ങളിൽ ശുദ്ധജല പദ്ധതി; വൈദ്യുതി വിതരണം പുനസ്ഥാപിക്കൽ; എല്ലാം നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ, ബോട്ടുകൾ, വലകൾ എന്നിവ നൽകൽ; നീണ്ടകര മത്സ്യബന്ധന തുറമുഖത്തിന്റെ ഡ്രെഡ്ജിങ്; ആറാട്ടുപുഴയും ആലപ്പാട്ടും രണ്ടു പുതിയ പാലങ്ങൾ നിർമിക്കൽ, റോഡുകളുടെ പുനർനിർമാണം എന്നിവ ഇതിൽ പ്രധാനമാണ്.

സുനാമി ദുരന്തബാധിത പ്രദേശങ്ങളിൽ കടൽഭിത്തി നിർമാണം സത്വരം നടപ്പാക്കും. തോട്ടപ്പള്ളി സ്പിൽവെയുടെ അറ്റകുറ്റപ്പണി ഉടൻ. ഷട്ടറുകൾ യന്ത്രവത്കൃതമാക്കും. നീണ്ടകര മത്സ്യബന്ധന തുറമുഖത്തിന്റെ അറ്റകുറ്റപ്പണിയും ആഴംകൂട്ടലും, സുനാമി ബാധിത പ്രദേശങ്ങളിൽ വനവത്കരണം, ആലപ്പുഴ മെഡിക്കൽ കോളജ് ആശുപത്രിയുടെ അടിസ്ഥാനസൗകര്യ വികസനം, തീരദേശത്തെ ആശുപത്രികളിൽ അത്യാവശ്യ ചികിത്സാസാമഗ്രികൾ, തീരദേശങ്ങളിൽ വൈദ്യുതിത്തകരാറുകൾക്ക് അടിയന്തര പരിഹാരം എന്നിവ നടപ്പാക്കും. സുനാമിയിൽ വീട് നഷ്ടപ്പെട്ടവർക്ക് വീട് നിർമിച്ച് നൽകും. സുനാമിയിൽ ഭാഗികമായി കേടുപാട് സംഭവിച്ച വീടുകളുടെ അറ്റകുറ്റ പ്പണി നടത്തും. തീരദേശത്തെ റോഡുകൾ അടിയന്തരമായി നന്നാക്കും. ദുരന്തനിവാരണത്തിന് അതോറിറ്റി.

# അതി



# ിവേഗത്തിൽ ബഹുദൂരം

പുതിയ കർമപദ്ധതിയിലൂടെ മൂന്ന് തീവ്രയത്ന പരിപാടികൾ - സുതാര്യതയ്ക്ക് വേണ്ടിയുള്ള യത്നം; അഴിമതിക്കെതിരെയുള്ള യത്നം; മദ്യവർജനത്തിനുവേണ്ടിയുള്ള യത്നം - എന്നിവ നടപ്പാക്കും. സർക്കാരിന്റെ പദ്ധതികളിലും പ്രവർത്തനങ്ങളിലും കൂടുതൽ സുതാര്യത ഉറപ്പുവരുത്തുന്നതിനായി സുതാര്യകേരളം പരിപാടി നടപ്പിലാക്കുകയാണ്. ലോകത്തിന്റെ ഏതു ഭാഗത്തുനിന്നും മുഖ്യമന്ത്രിയുമായി ഫോണിലൂടെയും വീഡിയോ കോൺഫറൻസിലൂടെയും ബന്ധപ്പെടാൻ സാധിക്കും. സംശയങ്ങൾക്ക് നിവാരണം നൽകാനും പരാതികൾക്ക് വേഗത്തിൽ പരിഹാരം കണ്ടെത്താനും ഇതിലൂടെ സാധിക്കും. പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനും സർക്കാർ പദ്ധതികൾ വേഗത്തിൽ നടപ്പിലാക്കുന്നതിനുമായി സെക്രട്ടറിമാരും വകുപ്പ് അധ്യക്ഷന്മാരും വർഷത്തിൽ രണ്ടു തവണയെങ്കിലും ജില്ലകൾ സന്ദർശിക്കുകയും ബന്ധപ്പെട്ടവരുമായി ചർച്ചകൾ നടത്തുകയും ചെയ്യും. കളക്ടറും പോലീസ് സൂപ്രണ്ടും ചേർന്നുള്ള ജനസമ്പർക്കപരിപാടി എല്ലാ താലൂക്കുകളിലും സംഘടിപ്പിക്കും. ഫയലുകളിൽ വേഗം തീർപ്പുണ്ടാക്കുന്നതിന് ഈ വർഷം രണ്ടു ത്വരിത പരിപാടികൾ നടപ്പിലാക്കും.

2004 ഡിസംബർ 31 വരെ കെട്ടിക്കിടന്ന കേസുകൾ, തെളിവെടുപ്പുകൾ, അപ്പീലുകൾ, പുനപ്പരിശോധനകൾ, അച്ചടക്ക നടപടികൾ എന്നിവയിൽ 2006 മാർച്ച് 31നു മുൻപ് തീർപ്പുണ്ടാക്കും. കേരള സംസ്ഥാന രൂപീകരണത്തിന്റെ സുവർണ ജൂബിലിയോടനുബന്ധിച്ച് അഞ്ചു വർഷ ദീർഘകാല പദ്ധതി രൂപീകരണം. എല്ലാ സർക്കാർ കെട്ടിടങ്ങളിലും മഴവെള്ളക്കൊയ്ത്ത് പദ്ധതി. എല്ലാ പുതിയ കെട്ടിടങ്ങളിലും ഇതു നിർബന്ധമാക്കും.



അഴിമതിക്കെതിരെയുള്ള തീവ്രയത്ന പരിപാടിയിൽ അറിയാനുള്ള അവകാശ ബിൽ കൊണ്ടുവരിക, പ്രധാന പദവികളിൽ ക്ളീൻ ഇമേജുള്ള ഉദ്യോഗസ്ഥരെ നിയമിക്കുക, അടിക്കടിയുള്ള സ്ഥലംമാറ്റൽ നിർത്തുക, സിറ്റിസൺസ് ചാർട്ടർ എല്ലാ പ്രധാന ഓഫീസുകളിലും പ്രദർശിപ്പിക്കുക, കാലഹരണപ്പെട്ട നിയമങ്ങൾ മാറ്റുക, സർക്കാർ ചട്ടങ്ങൾ ലഘൂകരിക്കുക എന്നിവ ഉൾപ്പെടുന്നു.

മദ്യവർജനത്തിന് വേണ്ടിയുള്ള തീവ്രയത്ന പരിപാടിയാണ് മൂന്നാമത്തേത്. എക്സൈസ് നിയമങ്ങളിലുള്ള ഭേദഗതി, മദ്യം ഉപയോഗിക്കുന്നത് നിരുത്സാഹപ്പെടുത്തുന്ന വിധമുള്ള നികുതിനയം, മദ്യപിച്ച് വണ്ടിയോടിക്കുന്നതിനെതിരെ കർശന നടപടി തുടങ്ങിയവ ഉണ്ടാവും. എക്സൈസ് അക്കാദമി സ്ഥാപിക്കും, മംഗല്യ ഇൻഷ്വറൻസ് പദ്ധതി, ട്രഷറി കമ്പ്യൂട്ടറുകൾക്ക് നെറ്റ് വർക്ക് എന്നിവ പ്രധാനങ്ങളാണ്. ഏഴുസ്ഥലങ്ങളിൽ പുതിയ സബ്ട്രഷറി തുറക്കും.

ദാരിദ്ര്യനിർമാർജനത്തിനു വേണ്ടിയുള്ള പരിപാടികൾ കുടുംബശ്രീ വഴി ഊർജസ്വലമായി നടപ്പിലാക്കാൻ പദ്ധതി ലക്ഷ്യം വയ്ക്കുന്നു. 350 പഞ്ചായത്തുകളിൽ കൂടി ആശ്രയപദ്ധതി, സംസ്ഥാനത്തുടനീളം ബാലസഭകൾ; 10000 ഹെക്ടർ ഭൂമിയിൽ പാട്ട ഭൂമി കൃഷി, 50000 വീടുകൾ വയ്ക്കാൻ ഭവനശ്രീ പദ്ധതിയിലൂടെ വായ്പ, കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ പാവപ്പെട്ട കുടുംബങ്ങൾക്ക് ഹെൽത്ത് ഇൻഷ്വറൻസ്, വാല്മീകി അംബേദ്കർ ആവാസ് യോജനയിലൂടെ 10000 പാവപ്പെട്ട കുടുംബങ്ങൾക്ക് ഭവന നിർമാണം; സ്വർണ ജയന്തി റോസ്ഗാർയോജനയിൽ ഉൾപ്പെടുത്തി നഗരങ്ങളിലുള്ള 1000-1500 പാവപ്പെട്ട കുടുംബങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക തുടങ്ങിയവ പ്രധാനമാണ്. പുതിയ നിയമ സർവകലാശാല സ്ഥാപിക്കാനും പരിപാടിയുണ്ട്.

ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിലും ബജറ്റിലും നിർദേശിച്ച പ്രധാനപ്പെട്ട പദ്ധതികളെല്ലാം ഈ കർമപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിലൊന്നും ഉൾപ്പെടാത്ത പ്രധാനപ്പെട്ട ഒരു പദ്ധതി കർമപരിപാടിയിലുണ്ട്. വിദേശനിക്ഷേപകരുടെ സഹായത്തോടെ നോർക്ക വകുപ്പ് നടപ്പിലാക്കാൻ പോകുന്ന നാനോ ടെക്നോ സെന്റർ (Nano Techno Centre) ആണിത്. പദാർത്ഥത്തെ (matter) ഏറ്റവും ചെറിയ ചെലവിൽ നിയന്ത്രിച്ചുകൊണ്ട് ഏറ്റവും പുതിയ വസ്തുക്കൾ ഉണ്ടാക്കുന്നതാണ് നാനോ ടെക്നോളജി. (It is a creation of Functions Material devices and systems through control of matter at a nanometer length scale and thereby exploiting the various novel properties) ഈ രംഗത്ത് ഗവേഷണം നടത്താനും ഗവേഷണ ഫലങ്ങൾ സാധാരണ ജനങ്ങളിലേക്ക് എത്തിക്കുന്നതിനും വേണ്ടി ഒരു നാനോ ടെക്നോ സെന്റർ തിരുവനന്തപുരത്ത് സ്ഥാപിക്കാൻ കർമപദ്ധതി ലക്ഷ്യം വയ്ക്കുന്നുണ്ട്. ലോകത്തിൽ ഇദം പ്രഥമമായിരിക്കും ഈ സംരംഭം.

കൃഷി, പരമ്പരാഗത വ്യവസായം, ആരോഗ്യം, വിദ്യാഭ്യാസം, ഐ.ടി, ഊർജം, പൊതുമരാമത്ത്, പട്ടികജാതി വർഗ വികസനം, ടൂറിസം, ട്രാൻസ്പോർട്ട്, ജലവിഭവം എന്നീ പ്രധാന വകുപ്പുകളിലൂടെ ലക്ഷ്യമിടുന്ന പദ്ധതികൾ പൂർത്തിയാക്കുന്നതിനുള്ള ശ്രമകരമായ ദൗത്യത്തിന് പദ്ധതി തുടക്കം കുറിക്കും. പദ്ധതി നിർവഹണത്തിന്റെ മേൽനോട്ടവും മോണിട്ടറിങ്ങും പുതുതായി രൂപം കൊടുത്തിട്ടുള്ള പദ്ധതി നിർവഹണ വകുപ്പിനായിരിക്കും.

## അഴിമതിവിരുദ്ധ പോരാട്ടം ശക്തമാക്കുന്നു

അനധികൃതമായി സമ്പാദിച്ച സ്വത്ത് കണ്ടുകെട്ടാൻ ബിൽ വരികയാണ്. അറിയാനുള്ള അവകാശം സംബന്ധിച്ച ബിൽ, നിയമം എന്നിവ കൊണ്ടുവരും. ഉന്നത തസ്തികകളിൽ സത്യസന്ധരായ ഉദ്യോഗസ്ഥർക്ക് നിയമനം നല്കും. കൂടെക്കൂടെയുള്ള സ്ഥലംമാറ്റം ഒഴിവാക്കും. സർക്കാർ ഓഫീസുകളിൽ നിന്നും സമയബന്ധിതമായി സേവനങ്ങൾ ലഭ്യമാക്കുന്നതിന് പൗരാവകാശ രേഖയ്ക്ക് രൂപംകൊടുത്ത് പ്രസിദ്ധീകരിക്കും. സെക്രട്ടേറിയറ്റിലും പ്രധാനപ്പെട്ട വകുപ്പുകളിലും ജില്ലാതല സർക്കാർ ഓഫീസുകളിലും നല്കിയിരിക്കുന്ന അപേക്ഷകളുടെ നിജസ്ഥിതി വെബ്ബിലൂടെ അറിയാൻ സൗകര്യം. വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ അഴിമതി കുറക്കാൻ നടപടി. കാലഹരണപ്പെട്ട നിയമങ്ങൾ റൂൾ ബുക്കിൽ നിന്ന് നീക്കംചെയ്യും. സർക്കാരിൽനിന്ന് ലഭിക്കേണ്ട സേവനങ്ങൾക്കുള്ള പ്രക്രിയകൾ പരമാവധി ലളിതവത്കരിക്കും. സർക്കാർ മാനുവലുകളും നിർദ്ദേശങ്ങളും മറ്റും വെബ്ബിൽ പ്രസിദ്ധീകരിക്കുകയും ന്യായവിലയ്ക്ക് അവ ജനങ്ങളിൽ എത്തിക്കുകയും ചെയ്യും.

**മദ്യവർജന പ്രചാരണം**

എക്സൈസ് നിയമങ്ങളിൽ കാലോചിതമായ മാറ്റംവരുത്തി മദ്യനിരോധന നടപടികൾ ശക്തിപ്പെടുത്തും. മദ്യലഭ്യത കുറയ്ക്കാൻ വിവിധ നടപടികൾ. മദ്യഷാപ്പുകളുടെ എണ്ണം കുറയ്ക്കുക മദ്യഷാപ്പുകൾ തുറന്നുവയ്ക്കുന്ന ദിവസങ്ങൾ കുറയ്ക്കുക, ദൂരപരിധി നിയമം കർശനമാക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കും. മദ്യപാനംമൂലമുണ്ടാകുന്ന ദോഷഫലങ്ങളെക്കുറിച്ച് ബോധവത്കരണം നടത്തും. മദ്യപാനം നിരുത്സാഹപ്പെടുത്താൻ നികുതി നിയമങ്ങളിൽ മാറ്റം വരും. മദ്യപാനം പ്രോത്സാഹിപ്പിക്കുന്ന പരസ്യങ്ങളും മറ്റും നിയന്ത്രിക്കും. മദ്യപിച്ച് വാഹനമോടിച്ചാൽ കർശന നടപടി. വ്യാജ മദ്യനിർമാണം, കള്ളക്കടത്ത്, കച്ചവടം എന്നിവ നിയന്ത്രിക്കാൻ എക്സൈസ് വകുപ്പിൽ കാലോചിതമായ പരിഷ്കരണം.



## 24 മണിക്കൂറും കൺട്രോൾ റൂം

പോലീസ് ആസ്ഥാനത്ത് എൻ.ആർ.ഐ സെൽ ആരംഭിക്കും. സംസ്ഥാനത്ത് എവിടെ നിന്നുമുള്ള പരാതികൾ സ്വീകരിക്കുന്നതിനായി 24 മണിക്കൂറും കൺട്രോൾ റൂം പ്രവർത്തിക്കും. സംയോജിത അപകട നിവാരണ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കും. പോലീസ് ആസ്ഥാനത്തെ കമ്പ്യൂട്ടർവത്കരണത്തിന്റെ പൂർത്തീകരണം. ദ്രുതകർമസേനയ്ക്ക് ദുരന്ത നിവാരണ പരിശീലനം നൽകും. ഇമിഗ്രേഷൻ വിംഗിന്റെ നവീകരണം. ക്രൈംബ്രാഞ്ച് സി.ഐ.ഡി ഓഫീസ്, കൊച്ചി, കോഴിക്കോട് സിറ്റികളിലെ പോലീസ് സ്റ്റേഷനുകൾ, തിരുവനന്തപുരത്തെയും കോഴിക്കോട്ടെയും സിറ്റി പോലീസ് കമ്മിഷണർ ഓഫീസുകൾ, സായുധ പോലീസ് ബറ്റാലിയനുകൾ എന്നിവയുടെ കമ്പ്യൂട്ടർവത്കരണം. പിടികിട്ടാപ്പുള്ളികളെയും മറ്റ് പ്രഖ്യാപിത കുറ്റവാളികളെയും കണ്ടെത്താൻ സോഫ്റ്റ്വെയർ വികസനം. പോലീസ് വകുപ്പിലെ കമ്പ്യൂട്ടറുകളെ ശൃംഖലയായി ബന്ധിപ്പിക്കാൻ POLNET. പോലീസ് ആസ്ഥാനത്തും പോലീസ് കമ്പ്യൂട്ടർ സെന്ററിലും ലോക്കൽ ഏരിയ നെറ്റ്വർക്ക് സ്ഥാപിക്കും. തിരുവനന്തപുരം ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ ഡി.എൻ.എ വിരലടയാള പരിശോധന പൂർണമായി പ്രവർത്തനസജ്ജമാക്കും. ആലപ്പുഴയിൽ അകാട്ടിക് പരിശീലന കേന്ദ്രം സ്ഥാപിക്കും. ചാക്ക, തൃശ്ശൂർ, ചാമക്കട എന്നിവിടങ്ങളിലെ അഗ്നിശമന സ്റ്റേഷനുകൾ പൂർത്തീകരിക്കും. ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം ആധുനികവത്കരിക്കും. ഹൈക്കോടതി സമുച്ചയം പൂർത്തിയാക്കും. ഉപ്പളയിലും, കൊടുങ്ങല്ലൂരിലും ഫയർ സ്റ്റേഷനുകൾ. തിരുവനന്തപുരം സെൻട്രൽ ജയിലിലും ജില്ലാ ജയിലിലും വീഡിയോ കോൺ ഫറൻസിങ്ങ് സംവിധാനം വരും.

**തലസ്ഥാന നഗരവികസനം**

പാളയം ഭൂഗർഭപാതയും ബേക്കറി ജംഗ്ഷൻ ഫ്ളൈ ഓവറും സമയ ബന്ധിതമായി പൂർത്തിയാക്കും. എയർപോർട്ട് റോഡ് വികസിപ്പിക്കും. കരമനയാർ, കിള്ളിയാർ, പാർവതി പുത്തനാർ എന്നിവ വൃത്തിയാക്കി മോടിപിടിപ്പിക്കും.

**കൃഷി**

സുഗന്ധവ്യഞ്ജനങ്ങൾ, ഔഷധ സസ്യങ്ങൾ, പുഷ്പച്ചെടി വളർത്തൽ എന്നിവയ്ക്ക് കയറ്റുമതി മേഖല. അടയ്ക്ക, കാപ്പി, കുരുമുളക്, നെല്ല് എന്നിവയുടെ ന്യായവില ഉറപ്പാക്കാൻ വിപണിയിൽ സമയോചിതമായ ഇടപെടൽ. സുൽത്താൻ ബത്തേരി, മരട്, വെങ്ങേരി എന്നിവിടങ്ങളിൽ യൂറോപ്യൻ ഇക്കണോമിക് കമ്യൂണിറ്റി മാർക്കറ്റ്. അടയ്ക്കാ മരങ്ങളുടെ രോഗങ്ങൾ നിയന്ത്രിക്കാൻ നടപടി. പതിനായിരം ഏക്കർ തരിശുഭൂമിയിൽ തൊഴിൽരഹിതരായ യുവാക്കൾക്ക് നെൽകൃഷി. തെങ്ങുകൃഷിക്ക് 64.55 കോടി രൂപയുടെ പദ്ധതി. കുരുമുളക് കൃഷിക്ക് 20 കോടിയുടെ പദ്ധതി. നഗരങ്ങളിൽ കൃഷി പ്രോത്സാഹിപ്പിക്കാൻ നഗരത്തിൽ ഒരു നാട്ടിൻപുറം പദ്ധതി. കാർഷികോത്പന്നങ്ങളുടെ ഉത്പാദനത്തിനും വിപണനത്തിനും നിയമനിർമാണം. ഉദ്യാനക്കൃഷി മിഷനും ജൈവകൃഷിനയവും രൂപീകരിക്കും.

**മൃഗസംരക്ഷണം**

കൊടുങ്ങല്ലൂർ, അരൂർ, പാലക്കാട് എന്നിവിടങ്ങളിൽ ആധുനിക പൊതുകശാപ്പുശാല. മാംസം, സമുദ്രോത്പന്നങ്ങൾ എന്നിവയുടെ പരിശോധനയ്ക്കും സർട്ടിഫിക്കേഷനും എൻ.എ. ബി.എൽ അക്രഡിറ്റേഷനുള്ള ലബോറട്ടറി. കേരള കാർഷിക സർവകലാശാലയുടെ പൂക്കോട് വെറ്ററിനറി കോളജിൽ അടിസ്ഥാന സൗകര്യം വികസിപ്പിക്കും. അരൂരിൽ പാൽ ഉത്പന്നങ്ങളുടെ നിർമാണത്തിന് കേന്ദ്രം സ്ഥാപിക്കും. മൂന്നു ലക്ഷം കോഴിക്കുഞ്ഞുങ്ങളെ 38 ബ്ലോക്കുകളിലെ 20000 സ്ത്രീകൾക്ക് വിതരണം ചെയ്യും.

**കയർ**

തിരുവനന്തപുരത്ത് ദേശീയ കയർ ഗവേഷണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കും. ആലപ്പുഴ ജില്ലയിൽ 56 കോടിയുടെ കയർ ക്ലസ്റ്റർ ഡവലപ്മെന്റ് പദ്ധതി വരും. മഹിള കയർ യോജന പദ്ധതിയിൽ മുപ്പതിനായിരം കയർ തൊഴിലാളികൾക്ക് പരിശീലനം നല്കും. അവർക്ക് യന്ത്രവത്കൃത റാട്ടുകൾ വിതരണം ചെയ്യും. കൂടാതെ തൊഴിൽ ചെയ്യാൻ ഷെഡ്ഡുകളും മൂലധനവും നല്കുന്നതാണ്. പൊതുമേഖലയിലും സഹകരണമേഖലയിലുമുള്ള കയർ യൂണിറ്റുകളിലെ ഉത്പന്നങ്ങൾക്കും അവയുടെ വിപണനത്തിനും പ്രത്യേക പദ്ധതി.

**സഹകരണം**

സഹകരണമേഖലയിൽ നിന്നുള്ള കാർഷിക വായ്പ ഒരു വർഷത്തിനുള്ളിൽ 50% വർദ്ധിപ്പിക്കും. കോ ബാങ്ക് വ്യാപാരി പദ്ധതിയിൽ ഒരു വായ്പക്കാരന് ഒരു ലക്ഷം രൂപ വീതം മൊത്തം 50 കോടി രൂപയുടെ വായ്പ അനുവദിക്കും. സഹകരണ ബാങ്കുകളിൽ ക്രെഡിറ്റ് ഇൻഷ്വറൻസ് പദ്ധതി. നബാർഡിന്റെ സഹായത്തോടെയുള്ള സ്വയംസഹായ ഗ്രൂപ്പുകളുടെ പ്രവർത്തനം എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കും.

**സാംസ്കാരിക വകുപ്പ്**

സാഹിത്യ അക്കാദമി ലൈബ്രറി നവീകരിക്കും. ജപ്പാന്റെ സഹായത്തോടെ വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ റിക്കാർഡിംഗ് സ്റ്റുഡിയോ. ഭാരതോത്സവം സംഘടിപ്പിക്കും. മൃഗശാല നവീകരിക്കും.

**മത്സ്യബന്ധനം**

തീരദേശ വികസനപദ്ധതി തയ്യാറാക്കി തീരദേശ വികസന ഏജൻസി മുഖേന നടപ്പാക്കും. മത്സ്യബന്ധനോപാധികൾ നഷ്ടപ്പെട്ടാൽ നഷ്ടപരിഹാരം നൽകാൻ ഇൻഷുറൻസ്. നൂറു മത്സ്യഭവനുകൾ തുറക്കും. പൂക്കോട്, ഓടയം എന്നിവിടങ്ങളിൽ മത്സ്യപ്രജനനകേന്ദ്രങ്ങൾ. ഫിഷറീസ് അഡ്മിനിസ്ട്രേഷൻ ആന്റ് മാനേജ്മെന്റ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിട നിർമാണം പൂർത്തിയാക്കും. അക്വാകൾച്ചർ വികസനത്തിന് മാസ്റ്റർ പ്ലാൻ. മത്സ്യത്തൊഴിലാളികൾക്ക് സ്മാർട്ട് കാർഡ്.

**ഭക്ഷ്യം, സിവിൽ സപ്ലൈസ്**


ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങൾക്ക് കെട്ടിടനിർമാണം. പരമ്പരാഗത ഭക്ഷ്യ സാധനങ്ങളുടെ കയറ്റുമതിക്കും വാണിജ്യവത്കരണത്തിനും ഫുഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കും. വാണിജ്യ പ്രാധാന്യമുള്ള കേന്ദ്രങ്ങളിൽ 22 മാവേലി സ്റ്റോറുകൾ. 1400 റേഷൻ കടകളിൽ പലവ്യഞ്ജനങ്ങളും ശബരി ബ്രാൻഡ് ഇനങ്ങളും മറ്റ് എഫ്.എം.സി.ജി ഉത്പന്നങ്ങളും വിൽക്കാൻ സൗകര്യമൊരുക്കും. ഉപഭോക്തൃ ക്ഷേമനിധി രൂപീകരിക്കും.

**വനം, വന്യജീവി**

ജൈവവൈവിധ്യ കേന്ദ്രം, ഫോറസ്റ്റ് മാനേജ്മെന്റ് കേന്ദ്രം എന്നിവ സ്ഥാപിക്കും. ഉയർന്ന പ്രദേശങ്ങളിൽ ഓർക്കിഡ് കൃഷി വ്യാപിപ്പിക്കും. പമ്പ ആക്ഷൻ പദ്ധതിയുടെ രണ്ടാം ഘട്ടം നടപ്പാക്കും. ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിക്ക് അംഗീകാരം നൽകി പണി ആരംഭിക്കും. ശബരിമല ബേസ് ക്യാമ്പിന് നിലയ്ക്കലിൽ 250 ഏക്കർ അനുവദിക്കും. വീട്ടുവളപ്പിലും മറ്റു സ്വകാര്യ ഭൂമിയിലും വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാൻ 17 ഹാബിറ്റാറ്റ് ഫോറസ്ട്രി പദ്ധതി പ്രിന്റ് ഗ്രാമം സ്ഥാപിക്കും.

**പൊതുഭരണം**

സ്പോർട്സ് ക്വാട്ടയിലെ ഒഴിവുകളിൽ നിയമനങ്ങൾ നടത്തും. സെക്രട്ടേറിയറ




## 5 ലക്ഷം പേർക്ക് സർവീസ് കണക്ഷൻ

മലങ്കര ജലവൈദ്യുത പദ്ധതി പ്രവർത്തനമാരംഭിക്കും. (10.5 MW) ലോവർ മീൻമുട്ടി ജലവൈദ്യുത പദ്ധതി പ്രവർത്തനമാരംഭിക്കും. (3.5 MW) കുറ്റ്യാടി ഓഗ്മെന്റേഷൻ പദ്ധതി കമ്മിഷൻ ചെയ്യും. കുറ്റ്യാർ ഡൈവേർഷൻ സ്കീം പൂർത്തിയാക്കും (37 മെഗാ വാട്സ്) പള്ളിവാസൽ എക്സ്റ്റെൻഷൻ പദ്ധതിയുടെ പണി (60 മെഗാവാട്സ്) ആരംഭിക്കും. ആതിരപ്പള്ളി ജലവൈദ്യുത പദ്ധതിയുടെ പണി (163 മെഗാവാട്സ്) ആരംഭിക്കും. 5 ലക്ഷം പേർക്ക് സർവീസ് കണക്ഷൻ നല്കും. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള 50,000 പേർക്ക് കണക്ഷൻ കൊടുക്കും പട്ടികജാതി - പട്ടിക വർഗ വിഭാഗങ്ങളിലെ യഥാക്രമം 5000, 2000 പേരുടെ വീടുകൾ വൈദ്യുതീകരിക്കും. 4000 കിലോ മീറ്റർ നീളത്തിൽ 11 കെ.വി ലൈൻ തീർക്കും. രണ്ട് 220 കെ.വി സബ് സ്റ്റേഷനുകൾ പൂർത്തിയാക്കും. രാമക്കൽ മേട്ടിൽ കാറ്റിൽ നിന്നു വൈദ്യുതി ഉത്പാദന പദ്ധതി ടെൻഡർ ചെയ്ത് അന്തിമ തീരുമാനമടുക്കും. റൈസ് മില്ലുകളിൽ ഊർജ്ജം ലാഭിക്കാവുന്ന നവീന സംവിധാനങ്ങൾ. 10 ജില്ലകളിൽ മീറ്ററും മറ്റ് ഇലക്ട്രിക്കൽ ഉപകരണങ്ങളും പരിശോധിക്കാൻ ലബോറട്ടറികൾ സ്ഥാപിക്കും. ആവശ്യാനുസരണം എല്ലാപേർക്കും ഒ.വൈ.ഇ.സി കണക്ഷനുകൾ അനുവദിക്കും. കഴിഞ്ഞ വർഷം അവസാനം വരെ അപേക്ഷിച്ചിട്ടുള്ളവർക്ക് സർവീസ് കണക്ഷൻ നൽകും. പുതിയ പോസ്റ്റ് ആവശ്യമുള്ള അപേക്ഷകളിൽ 2003 ഡിസംബർ 31 വരെ വരെയുള്ളവർക്ക് കണക്ഷൻ നൽകും. 1173 കോടി രൂപയുടെ പുതിയ പവർ ഡെവലപ്പ്മെന്റ് & റിഫോംസ് പ്രോഗ്രാം പദ്ധതി എൻ.ടി.പി.സി നിലയത്തെ സൂപ്പർ തെർമൽ സ്റ്റേഷനാക്കി അതിന്റെ ശേഷി 1950 മെഗാവാട്ടായി വർദ്ധിപ്പിക്കും.

# ഇക്കോ ടൂറിസം പദ്ധതി

**പൊ**തുജന - സ്വകാര്യ പങ്കാളിത്തത്തോടെ പാതിരാമണൽ വിനോദസഞ്ചാര പദ്ധതി ആവിഷ്കരിക്കും. എറണാകുളത്ത് ഗസ്റ്റ് ഹൗസ് സ്ഥാപിക്കും. ആലപ്പുഴയിലും കുട്ടനാട്ടിലും ബോട്ട് ടെർമിനലുകളും തടാകക്കരയിൽ റെസ്റ്റ് ഹൗസും തുറക്കും. ആലപ്പുഴ കനാലുകളുടെ സംരക്ഷണവും വികസനവും കണ്ണൂർ ജില്ലയിലെ അറയ്ക്കൽ കെട്ടിന്റെ സംരക്ഷണവും വികസനവും, പൈതൽമലയിൽ ഇക്കോ ടൂറിസം പദ്ധതി, വയനാട് പഴശ്ശി മെമ്മോറിയൽ മ്യൂസിയം, നിലമ്പൂരിൽ ഇക്കോ ടൂറിസം പദ്ധതി, മലബാറിൽ ബാക്ക് വാട്ടർ സർക്യൂട്ട് എന്നിവയുമുണ്ട്. കേരളത്തിലെ ആരോഗ്യ റീജുവനേഷൻ സംവിധാനത്തിനും ആയുർവേദ മരുന്നുകളുടെ ഉത്പാദനത്തിനും പ്രചരണത്തിനും വിപണനത്തിനുമായി ഒരു പദ്ധതി നടപ്പാക്കും. ●



റിലെ സെൻട്രൽ ലൈബ്രറിയുടെ കമ്പ്യൂട്ടറൈസേഷൻ പൂർത്തിയാക്കും. സെക്രട്ടേറിയറ്റിൽ മൊഡ്യൂളാർ സീറ്റിംഗ് സംവിധാനം പൂർത്തിയാക്കും.

**പൊതുവിദ്യാഭ്യാസം**

എല്ലാ ജില്ലകളിലും ഓരോ ലീഡ് സ്കൂൾ വരുന്നു. മുഴുവൻ സർക്കാർ ഗേൾസ് സ്കൂളുകളിലും ടോയ്ലറ്റ് നിർമിക്കും. എല്ലാ സ്കൂളുകളിലും കമ്പ്യൂട്ടർ വിദ്യാഭ്യാസത്തിനു സംവിധാനം. സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ പരീക്ഷണ ശാലകൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കും.

**മെഡിക്കൽ വിദ്യാഭ്യാസം**

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സർജിക്കൽ ഇന്റൻസീവ് കെയർ യൂണിറ്റ്, ട്രോമ കെയർ സെന്റർ, സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ എന്നിവ ഉണ്ടാക്കും. കോട്ടയം മെഡിക്കൽ കോളേജിൽ കാർഡിയോ തൊറാസിക് ബ്ലോക്ക്. തൃശ്ശൂർ ടൗൺ ആശുപത്രി മുളങ്കുന്നത്തു കാവിലേക്ക്. കോട്ടയത്ത് നഴ്സിങ്ങ് ഹോസ്റ്റൽ. കോട്ടയം മെഡിക്കൽ കോളജിൽ 4.25 കോടിരൂപയുടെ മേജർ ട്രീറ്റ്മെന്റ് പ്ലാന്റ്.

തൃശ്ശൂർ മെഡിക്കൽ കോളേജിൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്. കോഴിക്കോട് മെഡിക്കൽ കോളേജിൽ ട്രോമ കെയർ സെന്റർ, എം.ആർ.ഐ സ്കാൻ, സർജിക്കൽ ഗ്യാസ്ട്രോ യൂണിറ്റ്, ലുക്കേമിയ വാർഡ്, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് എന്നിവ ആരംഭിക്കാൻ പദ്ധതി. ടെലിഫോണിലൂടെ ആരോഗ്യ വിദ്യാഭ്യാസ പരിപാടി. കോഴിക്കോട്ട് ഓഫ്താൽമോളജി റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട്. കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിൽ റീജിയണൽ ലബോറട്ടറികൾ.

**ഉന്നതവിദ്യാഭ്യാസം**

എജുക്കേഷൻ ഗ്രിഡിൽ ഏറ്റവും ചുരുങ്ങിയത് 200 കോളേജുകളെയെങ്കിലും ബന്ധിപ്പിക്കും. കേരളത്തിലെ ഉന്നത വിദ്യാഭ്യാസത്തെ സംബന്ധിച്ച സമഗ്രമായ വാർഷിക സ്ഥിതിവിവരക്കണക്കും വിവരശേഖരവും പ്രസിദ്ധീകരിക്കും. കേരള കൽപിത സർവകലാശാല സ്ഥാപിക്കും. കേരളത്തിലെ സർവകലാശാലകളിൽ നിന്നും ഓരോ കലാശാലയെ തെരഞ്ഞെടുത്ത് മികവിന്റെ കേന്ദ്രങ്ങളായി വികസിപ്പിക്കും. യൂണിവേഴ്സിറ്റി കോളേജ്, മഹാരാജാസ് കോളേജ്, വിക്ടോറിയ കോളേജ്, ബ്രണ്ണൻ കോളേജ് എന്നിവയാണവ. തിരുവനന്തപുരം എൻജിനീയറിംഗ് കോളജിനെ മികവിന്റെ കേന്ദ്രമായി വികസിപ്പിക്കും. തിരുവനന്തപുരത്തെയും തൃശ്ശൂരിലെയും എൻജിനീയറിങ്ങ് കോളേജുകളോടു ചേർന്ന് ഇൻകുബേഷൻ സെന്ററുകൾ. തൊഴിൽ സാദ്ധ്യതാ പദ്ധതികൾ നടപ്പാക്കും. ബിരുദധാരികളിൽ സോഫ്റ്റ് സ്കിൽ വികസിപ്പിക്കാൻ നടപടികൾ. കാസർഗോഡ് പ്രാദേശിക ശാസ്ത്ര കേന്ദ്രത്തിന് തുടക്കം. ആഗോള വിദ്യാഭ്യാസ സമ്മേളനം സംഘടിപ്പിക്കൽ. തെരഞ്ഞെടുത്ത കോളേജുകൾക്ക് സ്വയംഭരണാവകാശം. തിരുവനന്തപുരത്തെ കുട്ടികളുടെ ലൈബ്രറി

# സാംക്രമിക രോഗങ്ങളുടെ നിരീക്ഷണത്തിനു സംയോജിത പദ്ധതി



**കൊ**ല്ലം, എറണാകുളം, പാലക്കാട് ജില്ലകളിൽ റീജണൽ ഡയഗ്നോസ്റ്റിക് കേന്ദ്രങ്ങൾ സ്ഥാപിക്കും. ആശുപത്രി ഉപകരണങ്ങൾ വാങ്ങുവാൻ നയം രൂപീകരിക്കും (കേന്ദ്രീകൃത വാങ്ങൽ സംവിധാനം). മെഡിക്കൽ സ്റ്റോറുകൾ കംപ്യൂട്ടർവത്കരിക്കും. ആശുപത്രികളിലെ കേടായ ഉപകരണങ്ങൾ നന്നാക്കാൻ ഹോസ്പിറ്റൽ എക്യുപ്മെന്റ് മോണിറ്ററിങ്ങ് സെൽ. സാംക്രമിക രോഗങ്ങളുടെ നിരീക്ഷണത്തിനു സംയോജിത പദ്ധതി. നൂറു കിടക്കകളിൽ അധികമുള്ള സർക്കാർ ആശുപത്രികളിൽ ബയോമെഡിക്കൽ വെയ്സ്റ്റ് ഡിസ്പോസൽ. തിമിര ശസ്ത്രക്രിയ വ്യാപകമാക്കാൻ അന്ധതാ നിവാരണപരിപാടി. ക്ഷയരോഗനിയന്ത്രണത്തിന് ദേശീയ പദ്ധതി. തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിലെ മെഡിക്കൽ ഹെൽത്ത് സെന്ററുകളിൽ മാനസികാരോഗ്യ പ്രശ്നങ്ങൾക്ക് ഇന്റൻസീവ് കെയർ യൂണിറ്റ്. ഇടുക്കിയിലും വയനാട്ടിലും ജില്ലാതല മാനസികാരോഗ്യ പരിപാടികൾ. സൈക്യാട്രിക് നഴ്സിംഗ് ഡിപ്ലോമ കോഴ്സ് ആരംഭിക്കും. നിലവിലുള്ള മാനസികാരോഗ്യ കേന്ദ്രങ്ങൾ നവീകരിക്കും. പാലക്കാട്, മലപ്പുറം, ഇടുക്കി ജില്ലകളിലെ പ്രാഥമിക സ്കൂൾ വിദ്യാർഥികൾക്ക് ആരോഗ്യ പദ്ധതി. വയനാട്, ഇടുക്കി, പാലക്കാട് ജില്ലകളിലെ ആദിവാസി മേഖലകളിൽ മാസത്തിൽ രണ്ടു തവണ മെഡിക്കൽ ക്യാംപുകൾ. എൻഡോസൾഫാനുമായി ബന്ധപ്പെട്ട രോഗബാധിതർക്ക് തുടർചികിത്സാസൗകര്യങ്ങൾ. എല്ലാ ജില്ലകളിലും തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ഔഷധച്ചെടിത്തോട്ടം. പരിയാരം, കൊരട്ടി, നൂറനാട് എന്നിവിടങ്ങളിൽ ബയോ മെഡിക്കൽ വെയ്സ്റ്റ് ഡിസ്പോസൽ കേന്ദ്രം. ആലുവ ആശുപത്രിയിൽ ശതാബ്ദി സ്മാരക ബ്ലോക്ക്. കാസർഗോഡ് ജില്ലാ ആശുപത്രിക്ക് സാമ്പത്തിക സഹായം നല്കും. വയനാട് ജില്ലാ ആശുപത്രിക്ക് കെട്ടിടം നിർമ്മിക്കും. ●

പൂർണമായി പ്രവർത്തനക്ഷമമാക്കും. സംസ്ഥാനത്ത് ഐ.ഐ.റ്റി സ്ഥാപിക്കും. വിവിധ മത്സരപരീക്ഷകളിൽ പരിശീലനം നൽകുന്നതിന് തിരുവനന്തപുരത്ത് ഒരു കേന്ദ്രം സ്ഥാപിക്കും.

### ഹൗസിംഗ്

ഹഡ്കോയുടെ സഹായത്തോടെ കവടിയാറിൽ ഹാബിറ്റാറ്റ് സെന്റർ സ്ഥാപിക്കും. സ്വിറ്റ്സർലന്റിന്റെ സഹായത്തോടെ കേരള സംസ്ഥാന നിർമാണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 55 പഞ്ചായത്തുകളിൽ ഗ്രാമീണ ഭവന നിർമാണ പദ്ധതി. കെട്ടിട നിർമാണത്തിന് മുളയുടെയും മറ്റും ഉപയോഗത്തെ സംബന്ധിച്ച ഗവേഷണവും പരിശീലനവും. ബാംബൂ സെന്റർ ഓഫ് എക്സലൻസ് പൂർത്തീകരിക്കും. രണ്ടു പുതിയ ഭവന പദ്ധതികൾ (സുരക്ഷ, മൈത്രി) തുടങ്ങും. ലക്ഷം വീടു പദ്ധതി പ്രകാരം നിർമ്മിച്ച വീടുകൾ പുതുക്കിപ്പണിയാനും അറ്റകുറ്റപ്പണി നടത്താനും പദ്ധതി.

### വ്യവസായം

കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരിയിൽ ഇൻ ഹൗസ് പരിശോധനാ ലബോറട്ടറി തുറക്കും. തുറമുഖങ്ങളെ ബന്ധപ്പെടുത്തി പ്രത്യേക സാമ്പത്തിക മേഖല. (SEZ) കൊച്ചിയിൽ ദ്രവീകൃത പ്രകൃതി വാതക ടെർമിനൽ (LNG Terminal). സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഒറ്റത്തവണ സാമ്പത്തിക സഹായ പദ്ധതി. കൊച്ചിയിൽ സ്വതന്ത്ര വ്യാപാര മേഖലയും വെയർ ഹൗസിംഗ് മേഖലയും. പള്ളിപ്പുറത്തും ചേർത്തലയിലും ടെക്സ്റ്റൈലിനും ഗാർമെന്റിനും പ്രത്യേക സാമ്പത്തിക മേഖല. 3000 ആളുകൾക്ക് തൊഴിൽ ലഭിക്കുവാനുതകുന്ന വിധത്തിൽ 500 ഗ്രാമീണ തൊഴിൽദാന പദ്ധതി യൂണിറ്റുകൾ. മൾബറികൃഷി 500 ഏക്കറിൽ വ്യാപിപ്പിച്ച് പട്ടുനൂൽ ഉത്പാദനം 75 ടൺ വർദ്ധിപ്പിക്കും. തിരുവനന്തപുരത്തും കണ്ണൂരും തനിമ, കൃതിക എന്ന പേരിൽ കേന്ദ്ര സഹായത്തോടെയുള്ള എസ്.ജി.എസ്.വൈ പദ്ധതികൾ. കരകൗശല വ്യവസായങ്ങൾക്ക് പുനരുദ്ധാരണ നിധി രൂപീകരിക്കും. നാടൻ കരകൗശല വികസനത്തിനായി രണ്ട് ഗ്രാമങ്ങളെ തിരഞ്ഞെടുത്ത് നാടൻ കരകൗശല പരിശീലന കേന്ദ്രങ്ങളും വിപണന കേന്ദ്രങ്ങളും സ്ഥാപിക്കും. കൈത്തറി സാങ്കേതിക വിദ്യയ്ക്ക് ദേശീയ ഇൻസ്റ്റിറ്റ്യൂട്ട്.

### വിവര സാങ്കേതിക വിദ്യ

അക്ഷയ - ഇ-ലിറ്ററസി പദ്ധതി 7 ജില്ലകളിൽകൂടി. തിരുവനന്തപുരത്ത് വിവര സാങ്കേതികവിദ്യാകോറിഡോർ ബ്ലോക്ക് തലത്തിൽ വൈഡ് ഏരിയ നെറ്റ്വർക്ക് പൂർത്തീകരിക്കും. കൊച്ചിയിൽ സംയോജിത ഐ.ടി ടൗൺഷിപ്പ്. സംയോജിത സർക്കാർ സർവ്വീസസ് ഗേറ്റ്വേ.

### തൊഴിൽ

തോട്ടം തൊഴിലാളികൾക്ക് ഹാബിറ്റാറ്റ് വന പദ്ധതി. അഞ്ച് ഐ.ടി.ഐ കളെ മികവിന്റെ കേന്ദ്രങ്ങളാക്കും. കേരള ബിൽഡിംഗ് വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിന്റെ കീഴിൽ ബിൽഡിംഗ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട്.

### തദ്ദേശ സ്വയംഭരണം

58 കോർപറേഷനുകളിലും മുനിസിപ്പാലിറ്റികളിലും കമ്പ്യൂട്ടർവത്കരണം നടപ്പാക്കും. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഇന്റർനെറ്റ് ക്ലബ്ബ്. സംസ്ഥാന ഭൂപട വിജ്ഞാനശൃംഖലാ വികസനം. എല്ലാ കോർപറേഷനുകളിലും ആശുപത്രി കിയോസ്കുകൾ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരെയും പെൻഷൻകാരെയും ഉൾപ്പെടുത്തി വിവര ശൃംഖല വികസിപ്പിക്കും. കൊച്ചി, കോഴിക്കോട്, കൊല്ലം, തൃശ്ശൂർ, കോട്ടയം എന്നിവിടങ്ങളിൽ ജലവിതരണം, ഖരമാലിന്യ നിർമാർജനം, അഴുക്കു ചാൽ, റോഡുകൾ എന്നിവയുടെ വികസനത്തിന് പദ്ധതികൾ.

### ഭരണനവീകരണ പരിപാടി

ഭരണ നവീകരണ പരിപാടിയിൽ സേവനം മെച്ചപ്പെടുത്തും. താഴെപ്പറയുന്ന സർക്കാർ ഓഫീസുകളിലെ 7 കളക്ടറേറ്റുകൾ, 31 താലൂക്ക് ഓഫീസുകൾ, 240 വില്ലേജ് ഓഫീസുകൾ, ആരോഗ്യവകുപ്പിന്റെ കീഴിൽ 2 ജില്ലാ ആശുപത്രികൾ, 7 താലൂക്ക് ആശുപത്രികൾ, 50 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, 9 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ.

രജിസ്ട്രേഷൻവകുപ്പിന്റെ കീഴിൽ 34 സബ്രജിസ്ട്രാർ ഓഫീസുകൾ. വിദ്യാഭ്യാസ വകുപ്പിൽ 14 വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ, 28 ഹയർ സെക്കന്ററി സ്കൂളുകൾ 28 അപ്പർ പ്രൈമറി

സ്കൂളുകൾ 112 ലോവർ പ്രൈമറി സ്കൂളുകൾ. തദ്ദേശ സ്വയംഭരണ വകുപ്പിൽ 51 ഗ്രാമപഞ്ചായത്തുകൾ 7 മുനിസിപ്പാലിറ്റികൾ, 2 മുനിസിപ്പൽ കോർപറേഷനുകൾ. 34 താലൂക്ക് സപ്ലൈ ഓഫീസുകൾ / സിറ്റി റേഷനിങ്ങ് ഓഫീസുകൾ. 28 പോലീസ് സ്റ്റേഷനുകൾ, 7 വൃദ്ധസദനങ്ങൾ, 17 ക്ഷേമസ്ഥാപനങ്ങൾ, 551 അംഗനവാടികൾ. ശാരീരികമായും മാനസികമായും വൈകല്യമനുഭവിക്കുന്നവർക്ക് സാമൂഹ്യ പുനരധിവാസപദ്ധതി നടപ്പിലാക്കും. മഴവെള്ളക്കൊയ്ത്ത് പദ്ധതി ഊർജിതമാക്കും.

**നോർക്ക**

കൊച്ചിയിൽ അറ്റസ്റ്റേഷൻ കേന്ദ്രം സ്ഥാപിക്കും, കൊച്ചിയിൽ ഫിനിഷിംഗ് സ്കൂൾ, മാവേലിക്കരയിൽ ഹെറിറ്റേജ് വില്ലേജ്, മറുനാടൻ മലയാളികൾക്ക് തിരിച്ചറിയൽ കാർഡ്, മറുനാടൻ മലയാളികൾക്കും വിദേശത്തുനിന്ന് മടങ്ങിയെത്തിയ കേരളീയർക്കും പ്രത്യേക ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, തിരുവനന്തപുരത്ത് നാനോ ടെക്നോ സെന്റർ എന്നിവ പ്രധാനങ്ങളാണ്. കൊച്ചിയിൽ നോർക്ക കേന്ദ്രം തുറക്കും. കൊച്ചിയിലും തിരുവനന്തപുരത്തും മറുനാടൻ കേരളീയർക്ക് ക്ലബ്. സമവായം, സമന്വയം, സമാഗമം പരിപാടികൾ സംഘടിപ്പിക്കും.

**ആസൂത്രണം**

വയനാട്ടിൽ അഞ്ച് ഗ്രാമീണ വിഭവ കേന്ദ്രങ്ങൾ. വിവിധ ഏജൻസികളുടെ സഹായത്താൽ ദാരിദ്ര്യ നിർമാർജന നിരീക്ഷണ പദ്ധതി നടപ്പാക്കും. മാനവശേഷി വികസന റിപ്പോർട്ട്, സംസ്ഥാന വികസന റിപ്പോർട്ട് എന്നിവ മലയോര വികസന ഏജൻസി പ്രസിദ്ധീകരിക്കും.

**തുറമുഖം**

വിഴിഞ്ഞം അന്തർദേശീയ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ സ്ഥാപനത്തിന് കമ്പനിയുണ്ടാക്കി കരാറിൽ ഒപ്പുവയ്ക്കും. ബേപ്പൂർ തുറമുഖത്തിന് പ്രൊമോട്ടറുമായി കരാറുണ്ടാക്കി ചരക്കു ഗതാഗതത്തിനു തുടക്കമിടും. അഴീക്കൽ തുറമുഖത്തിന്റെ ബ്രേക്ക്‌വാട്ടർ പൂർത്തീകരിച്ച് തുറമുഖ വികസനത്തിനുള്ള ഏജൻസിയെ തിരഞ്ഞെടുക്കും.

**പൊതുമരാമത്ത്**

2004-05ൽ റോഡുകളുടെ നിർമാണത്തിന് 250 കോടി രൂപയുടെ ഭരണാനുമതി. കേന്ദ്രസർക്കാരിന്റെ അംഗീകാരത്തോടെ ദേശീയപാത 47, 17 എന്നിവ നാലുവരി ആക്കുന്നതിനു നടപടി എടുക്കും. നബാഡിന്റെ 350 കോടി രൂപ ഉപയോഗിച്ച് പ്രധാനറോഡുകളുടെ വികസനവും, പാലങ്ങളുടെ നിർമ്മാണവും നടത്തും. കാസർഗോഡ് മുതൽ പാലക്കാട് വരെ മലയോര പാത. ലോകബാങ്ക് സഹായത്തോടെ കെ.എസ്.ടി.പിയുടെ രണ്ടാംഘട്ട വികസനം. 17 റയിൽവേ മേൽപാലങ്ങളുടെ പൂർത്തീകരണം. സി.ആർ.എഫിന്റെ സഹായത്തോടെ തിരുവനന്തപുരം, തൃശ്ശൂർ, പത്തനംതിട്ട, കണ്ണൂർ എന്നീ ജില്ലകളിൽ 8 പദ്ധതികൾ. തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ സിവിൽ സ്റ്റേഷന്റെ പണി ആരംഭിക്കും.

**രജിസ്ട്രേഷൻ**

എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളുടെയും സമ്പൂർണ കമ്പ്യൂട്ടർവത്കരണം.

**റവന്യൂ**

പട്ടയത്തിനായി 2004 ഡിസംബർ 31 വരെ ലഭിച്ച തീർപ്പാകാത്ത അപേക്ഷകളിന്മേൽ 2005 ജൂൺ 30നകം തീരുമാനം. 30 വില്ലേജുകളിലെ സർവേ രേഖകൾ ഡിജിറ്റലൈസ് ചെയ്യും. മിച്ചഭൂമിയായി കണ്ടെത്തിയ 1800 പട്ടയവും ലാന്റ് ട്രിബ്യൂണൽ മുഖേന 2600 പട്ടയവും ഉൾപ്പടെ 4400 പട്ടയവിതരണം.

**ഗ്രാമീണ വികസനം**

എസ്.ജി.എസ്.വൈ പദ്ധതികളിലൂടെ 25000 പേർക്ക് തൊഴിൽ അവസരം. ഇന്ദിര ആവാസ് പദ്ധതിയിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 20000 പേർക്ക് പുതിയ വീടുകൾ. ഇന്ദിരാ ആവാസ് പദ്ധതിയിലുൾപ്പെടുത്തി ഗ്രാമീണ മേഖലയിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 5000 കുടുംബങ്ങളുടെ നിലവിലുള്ള വീടുകൾ നവീകരിക്കും.

**പട്ടികജാതി വികസനം**

കോട്ടയം ജില്ലയിലെ നാട്ടകത്ത് പെൺകുട്ടികൾക്കായി പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമിക്കും. പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് പി.ഇ.ടി.സി ഉദ്ഘാടനം. കുടുംബശ്രീയുടെ സഹായത്തോടെ പട്ടികജാതി വനിതകൾക്ക് ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിന് സഹായം.

**ശാസ്ത്രവും സാങ്കേതികവിദ്യയും**

ബയോടെക്നോളജിരംഗത്ത് വ്യാവസായികാധിഷ്ഠിത ഗവേഷണത്തിനും പുരോഗതിക്കും ഊന്നൽ. യുവശാസ്ത്രകാരൻമാരെ വളർത്തിക്കൊണ്ടുവരുന്നതിന് പുതിയ പദ്ധതി. ബയോടെക്നോളജിയിൽ പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്, ബയോഡൈവേഴ്സിറ്റി ബോർഡ് രൂപീകരണം.

**സാമൂഹ്യക്ഷേമം**

കുടുംബശ്രീയുടെ ആശ്രയ പദ്ധതിയിലൂടെ കണ്ടെത്തിയ 7000 നിരാലംബ കുടുംബങ്ങളെ സാധുജന സുരക്ഷ പദ്ധതിയിലുൾപ്പെടുത്തി വീട്, ആരോഗ്യ പരിരക്ഷ, കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള പരിശീലനം, തൊഴിൽ എന്നിവ ലഭ്യമാക്കുന്നതിന് നടപടി. എൻഡോസൾഫാനുമായി ബന്ധപ്പെട്ട് കഷ്ടത അനുഭവിക്കുന്ന ആളുകളുടെ പുനരധിവാസത്തിന് സമഗ്ര പദ്ധതി. മാനസികമായും ശാരീരികമായും വൈകല്യമുള്ള കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്ക് പ്രത്യേക പദ്ധതി. വൃദ്ധസദനങ്ങളുടെ നിർമാണത്തിന് പ്രത്യേക പദ്ധതി.

## കുടുംബശ്രീ: 50,000 അഭ്യസ്തവിദ്യർക്ക് തൊഴിലവസരം



50,000 അഭ്യസ്തവിദ്യർക്ക് തൊഴിലവസരം ലഭ്യമാക്കും. 350 പഞ്ചായത്തുകളിൽകൂടി അഗതികളെ പുനരധിവസിപ്പിക്കാൻ ആശ്രയ പദ്ധതി. സംസ്ഥാനവ്യാപകമായി ബാലസഭകൾ. 10,000 ഹെക്ടർ സ്ഥലത്ത് പാട്ടകൃഷി. 50,000 വീടുകളുടെ നിർമ്മാണത്തിന് വനശ്രീ പദ്ധതിയിൽ വായ്പ. കുടുംബശ്രീ അയൽകൂട്ടങ്ങളിലെ നിർദ്ധനർക്ക് ആരോഗ്യ ഇൻഷ്വറൻസ്. വാല്മീകി അംബേദ്കർ ആവാസ് യോജന പദ്ധതിയിൽ നഗരങ്ങളിലെ ചേരി നിവാസികളിൽ 10,000 കുടുംബങ്ങൾക്ക് ഭവനനിർമാണം. സ്വർണജയന്തി ശഹരി റോസ്ഗാർ യോജനയിൽ നഗരങ്ങളിലെ ചേരി നിവാസികളായ 1000-1500 കുടുംബങ്ങൾക്ക് തൊഴിലവസരം. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങൾക്ക് വികസന പദ്ധതി.



**ഗതാഗതം**

കമ്മ്യൂണിറ്റി സെന്റർ, പെരിഷബിൾ കാർഗോ സെന്റർ, അപ്രോൺ എക്സ്പാൻഷൻ, ടെർമിനൽ ബിൽഡിങ്ങ്, നായതോട് – അങ്കമാലി റോഡ്, പോലീസ് സ്റ്റേഷൻ, നെടുമ്പാശ്ശേരി എയർപോർട്ടിന് ലാന്റ് യൂട്ടിലൈസേഷൻ പ്ലാൻ. തലസ്ഥാന വികസന പദ്ധതിയിൽ തമ്പാനൂർ, ഈഞ്ചക്കൽ ബസ് സ്റ്റേഷനുകളിൽ പൈസ കൊടുത്ത് ഉപയോഗിക്കുന്ന ടോയ്‌ലറ്റുകളുടെ നവീകരണം. ദേശീയ പാതകളിലും സംസ്ഥാന പാതകളിലും മറ്റ് എല്ലാ പ്രധാന പാതകളിലും അപകട പ്രതിരോധ പദ്ധതി നടപ്പാക്കൽ എന്നിവ പ്രധാനങ്ങളാണ്. കെ.എസ്.ആർ.ടി.സി പുതുതായി 600 സാധാരണ ബസുകളും 25 എ.സി ബസുകളും നിരത്തിലിറക്കും. പാത സുരക്ഷാ അതോറിറ്റിയും, പാത സുരക്ഷാ ഫണ്ടും കൊച്ചിയിൽ മെട്രോ റെയിൽവേ നടപ്പാക്കുന്നതിന്റെ അനുയോജ്യത സംബന്ധിച്ച് സമഗ്ര പഠനം നടത്തും.

**കായികം**

തിരുവനന്തപുരം ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം പുനരുദ്ധരിക്കും. കോഴിക്കോട് കോർപറേഷൻ സ്റ്റേഡിയത്തിലും തിരുവനന്തപുരം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലും സിന്തറ്റിക് ട്രാക്ക്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ പദ്ധതി പ്രകാരം കണ്ണൂരിലും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ പദ്ധതി പ്രകാരം കോട്ടയത്തും ഇൻഡോർ സ്റ്റേഡിയം. വൈമാനിക പരിശീലനത്തിന് വിമാനം വാങ്ങും. വണ്ടൂരിൽ കായിക സ്കൂൾ സ്ഥാപിക്കും.

**പട്ടികവർഗ വികസനം**

പട്ടികവർഗ വിദ്യാർത്ഥികൾക്കായി കോഴിക്കോടും പാലക്കാടും പോസ്റ്റ് മെട്രിക് ഹോസ്റ്റൽ. 45 ആദിവാസി ഗോത്രങ്ങൾക്ക് സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ നീർത്തട വികസന പദ്ധതി. അട്ടപ്പാടിയിൽ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി സ്ഥാപിക്കും.

**പട്ടികവർഗ വികസനവും വനവും**

പട്ടിക വർഗക്കാർക്ക് ആറളംഫാം, വനഭൂമി കൂടാതെ മറ്റു പ്രദേശങ്ങളിലുമായി 7693 ഹെക്ടർ ഭൂമി വിതരണം.


**വാണിജ്യനികുതി**

2004 ഡിസംബർ 31 വരെയുള്ള എല്ലാ അസ്സെസ്സ്മെന്റുകളുടെയും തീർപ്പാക്കൽ. ഡിസംബർ 31 വരെ പരിഹരിക്കപ്പെടാതെ കിടന്ന അപ്പലേറ്റ് അസ്സിസ്റ്റന്റ് കമ്മിഷണർ, ഡെപ്യൂട്ടി കമ്മിഷണർമാർ എന്നിവരുടെ മുൻപാകെയുള്ള, അപ്പീലുകൾ തീർപ്പാക്കും. പ്രധാന ചെക്ക്പോസ്റ്റുകളിൽ ചരക്കുപരിശോധനക്ക് ഇലക്ട്രോണിക് സ്കാനർ.

**ജലവിഭവം**

ഓരോ ജില്ലയിലും 240 വീതം സംസ്ഥാനത്താകെ 3300 കുഴികിണറുകളിലും കുഴൽകിണറുകളിലും കൊല്ലം, ആലപ്പുഴ ജില്ലകളിലെ 240 ഉറക്കിണറുകളിലും, 240 ഫിൽറ്റർ പോയിന്റ് കിണറുകളിലും ഭൂഗർഭ ജലപഠനം നടത്തും. കേരള ജല അതോറിറ്റിക്കായി ആവശ്യാനുസരണം 63 ഉറക്കിണറുകൾ, 1620 കുഴൽകിണറുകൾ, 1080 ഫിൽറ്റർ പോയിന്റ് കിണർ എന്നിവയുടെ നിർമാണം നടത്തും. കേരള വാട്ടർ അതോറിറ്റിയുടെ 101 ജലവിതരണ പദ്ധതികൾ നടപ്പിലാക്കും. ഗ്രാമപഞ്ചായത്തുകൾക്ക് ഒറ്റ വില്ലേജ് ജലവിതരണ പദ്ധതികൾ കൈമാറും. കമാന്റ് ഏരിയ ഡെവലപ്പ്മെന്റ് അതോറിറ്റിയുടെ കീഴിലുള്ള പദ്ധതി പ്രദേശത്ത് പാർട്ടിസിപ്പേറ്ററി ഇറിഗേഷൻ മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കും. സംസ്ഥാനത്ത് മൊത്തം 17 എൽ.ഐ പദ്ധതികളും 8 ചെക്ക് ഡാമുകളും പൂർത്തിയാക്കും. സംസ്ഥാനത്തുടനീളം 13 വെന്റഡ് ക്രോസ് ബാർ (വി.സി.ബി) നിർമിക്കും. മൂവാറ്റുപുഴ ജലസേചന പദ്ധതിയുടെ പൂർത്തീകരണവും കമ്മിഷനിംഗും. കല്ലട ജലസേചന പദ്ധതിയുടെ അവശേഷിക്കുന്ന പണികളുടെ പൂർത്തീകരണം, ബാണാസുരസാഗർ മെയിൻ കനാലിന്റെ അക്വഡക്റ്റ്സ് പൂർത്തീകരണം, കാരാപ്പുഴ പദ്ധതിയുടെ പ്രധാന ഡാം നിർമ്മാണ ജോലി കമ്മിഷനിംഗ്, ഭാരതപ്പുഴയ്ക്ക് കുറുകെ തൃത്താലയിൽ റെഗുലേറ്റർ കം ബ്രിഡ്ജ് കമ്മിഷനിംഗ്, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ നാലു ജില്ലകളിലായി 1194 ജലനിധി ജലവിതരണ പദ്ധതികൾ എന്നിവ മറ്റ് പ്രധാന പരിപാടികളാണ്. ജെ.ബി.ഐ.സി.യുടെ സഹായത്താൽ നടപ്പിലാക്കിയ പദ്ധതികൾക്ക് വൻപുരോഗതിയാണ്.

## ലോകത്തിലെ ആദ്യ നാനോ സെന്റർ കേരളത്തിൽ



**ലോ**കത്തിലെ ആദ്യ നാനോ സെന്ററിന് കേരളം വേദിയാകും. ദ്രവ്യത്തിന്റെ ചെറിയ അംശങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമായ പുതിയ പദാർത്ഥങ്ങൾ ഉണ്ടാക്കുന്നതാണ് നാനോ സാങ്കേതികവിദ്യ. പുതുയുഗത്തിന്റെ സാങ്കേതികവിദ്യയായാണ് ഇത് അറിയപ്പെടുന്നത്. കാർഷിക ആരോഗ്യ മേഖലകളിൽ വിപ്ലവകരമായ മാറ്റം കുറിക്കാൻ ഇതിനു കഴിയും. പൂവൻപഴത്തിന്റെ രുചിയുള്ള കൈതച്ചക്കയും തക്കാളിയുടെ നിറമുള്ള പേരയ്ക്കയും നാനോ വിദ്യയുടെ വിസ്മയങ്ങളിൽ ചിലതു മാത്രം. ഡയബറ്റിക്സ്, ഹൃദയാഘാതം എന്നിവയ്ക്കുള്ള ഔഷധങ്ങളിൽ നാനോ ടെക്നോളജിക്ക് അതിവിപുലമായ സാധ്യതകളാണുള്ളത്. ശാസ്ത്ര നോവലുകൾ വായനക്കാരന്റെ മുന്നിൽ തുറന്നിടുന്ന വിസ്മയലോകത്തിന്റെ മാസ്മരികത യാഥാർത്ഥ്യമാക്കാൻ നാനോ ടെക്നോളജിക്ക് കഴിയും. 500 കോടി രൂപ ചെലവിൽ കേരളത്തിലെ പ്രവാസികളാണ് നാനോ സെന്റർ തുടങ്ങുന്നത്. മനുഷ്യന്റെ ആയുസ്സ് 150 വർഷം വരെ നീട്ടുന്നതിനുള്ള ഗവേഷണങ്ങൾ ഈ മേഖലയിൽ നടന്നു വരുന്നു.

# സമ്മതിയുടെ

ഉമ്മൻചാണ്ടി സർക്കാർ അധികാരമേറ്റിട്ട് ഫെബ്രുവരി 28ന് ആറ് മാസം പൂർത്തിയായി. ഈ ആറുമാസക്കാലയളവിൽ സംസ്ഥാന സർക്കാർ കൈവരിച്ച നേട്ടങ്ങൾ സർവകാല റെക്കോർഡാണ്. ജനാഭിലാഷം നിറവേറ്റുന്നതിൽ കാണിക്കുന്ന ശുഷ്കാന്തിയും പ്രതിബദ്ധതയും എതിരാളികളുടെ പോലും അംഗീകാരം നേടാനായിട്ടുണ്ട്. ഭരണം ചലനാത്മകവും ചടുലവുമായി. ജനകീയഭരണം ശരിയായ ദിശയിലാണെന്ന് ഭരണകൂടത്തിനൊപ്പം ജനങ്ങൾക്കും ബോധ്യമായി. ജനങ്ങളുടെ ജീവിതനിലവാരത്തിൽ ഗുണപരമായ മാറ്റം വരുത്താനുള്ള ശ്രമങ്ങൾ ഏറെ പ്രശംസിക്കപ്പെട്ടു. ഭരണം ലളിതവും സുതാര്യവുമായി. ഇത് കേരള ജനതയ്ക്ക് പുതിയൊരു അനുഭവമാണ്. ഭരണവ്യവസ്ഥയിൽ നിന്ന് എക്കാലവും അകറ്റി നിർത്തപ്പെട്ട സാധാരണ ജനങ്ങൾക്ക് ഭരണം പടിവാതിലിൽ എത്തി എന്ന തോന്നലാണിപ്പോൾ.

കേരളത്തെ വികസിത സംസ്ഥാനമാക്കാനുള്ള യത്നങ്ങളുടെ തുടക്കമാണിത്. ജനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾ അവഗണിക്കപ്പെട്ടു പോകുന്നില്ലെന്ന് ഉറപ്പാക്കുന്നതോടൊപ്പം കേരളത്തിന്റെ മുഖച്ഛായ മാറ്റാൻ ഉതകുന്ന വൻപദ്ധതികൾക്കും സർക്കാർ തുടക്കമിട്ടു. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പദ്ധതി, കൊച്ചിയിലെ എൽ.എൻ.ജി. ടെർമിനൽ, വിഴിഞ്ഞം തുറമുഖ വികസന പദ്ധതി, കാക്കനാട്ടെ സ്മാർട്ട് സിറ്റി, കായംകുളം താപനിലയത്തിന്റെ ശേഷി വർദ്ധിപ്പിക്കൽ എന്നിവ രാജ്യത്തിന്റെ ശ്രദ്ധ കേരളത്തിലേക്ക് തിരിയാൻ ഇടയാക്കിയിരിക്കുകയാണ്. സുതാര്യ കേരളം പദ്ധതിയും കേരളം ബഹുദൂരം, അതിവേഗം എന്ന പ്രഖ്യാപിത പരിപാടിയും ലോകത്തിനുതന്നെ മാതൃകയായി. സർക്കാരിന്റെ 100 ദിന കർമപരിപാടി ലക്ഷ്യം കവിഞ്ഞ നേട്ടമാണ് കൈവരിച്ചത്. ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള ഒരു വർഷത്തെ കർമപദ്ധതി അതിന്റെ തുടർച്ചയാണ്. ഇച്ഛാശക്തിയുള്ള ഒരു സർക്കാരും ആത്മവിശ്വാസം കൊണ്ട് കരുത്തനായ ഒരു ജനതയും സംസ്ഥാനത്തിന്റെ ഗതിവിഗതികളെ ക്രിയാത്മകമായി മാറ്റി മറിച്ചിരിക്കുന്നു. ഭരണത്തിന്റെ ആറുമാസം ചെറിയൊരു കാലയളവാണ്. എന്നാൽ ഈ കാലയളവിൽ സർക്കാർ കൈവരിച്ച നേട്ടങ്ങൾ ആരിലും മതിപ്പുളവാക്കും. ലക്ഷ്യബോധവും പ്രതിബദ്ധതയുമാണ് എല്ലാ നേട്ടങ്ങൾക്കും പിൻബലം. ആറുമാസം കൊണ്ട് കൈവരിച്ച നേട്ടങ്ങളിൽ ചിലതിന്റെ ലഘുവിവരണമാണ് ചുവടെ.

## ജനസമ്പർക്ക പരിപാടി

ജനങ്ങളുടെ ദൈനംദിന പ്രശ്നങ്ങൾ അവഗണിച്ചുപോയ സാഹചര്യത്തിന് അന്ത്യം കുറിച്ച പരിപാടിയായിരുന്നു ഇത്. ജനകീയ ഭരണത്തിന്റെ സാന്നിദ്ധ്യം ജനങ്ങൾ നേരിട്ടനുഭവിച്ചു. മുഖ്യമന്ത്രിക്കു ലഭിച്ച അരലക്ഷത്തോളം പരാതികളിൽ 42152 പരാതികളിൽ ഉടൻ പരിഹാരമായി. അവശേഷിച്ച പരാതികൾ വിവിധ വകുപ്പുകൾ മുഖേന സത്വരം തീർപ്പാക്കി. ജനസമ്പർക്ക പരിപാടിയുടെ 14 ജില്ലകളിലെയും ജനങ്ങളുടെ ഇടയിലേക്കാണ് മുഖ്യമന്ത്രി ഇറങ്ങിചെന്ന് പരാതികൾ നേരിട്ട് കേട്ട് പരിഹാരം നിർദ്ദേശിച്ചത്. സംസ്ഥാനത്തിന്റെ ചരിത്രത്തിലെ തിളക്കമാർന്ന ഒരധ്യായമാണ് ഇവിടെ വിരചിതമായത്.

## 100 ദിന പരിപാടി

സർക്കാരിന്റെ 100 ദിനകർമപരിപാടി വൻ വിജയമായിരുന്നു. കാർഷിക വ്യാവസായിക മേഖലകളിൽ നവീകരണം ഉണ്ടായി. വൈദ്യുതി, കുടിവെള്ളക്ഷാമം, പരമ്പരാഗത മേഖലകളിലെ പ്രശ്നങ്ങൾ, തൊഴിലില്ലായ്മ എന്നീ പ്രശ്നങ്ങൾക്ക് സത്വര പരിഹാരമായി.

## സുതാര്യ കേരളം

പൊതുജനങ്ങളുടെ പരാതികൾ കേട്ട് പരിഹാരമുണ്ടാക്കുന്ന സ്ഥിരം സംവിധാനമായ സുതാര്യകേരളം സംസ്ഥാന ഭരണചരിത്രത്തിലെ നാഴികക്കല്ലാണ്. ജനകീയ പ്രശ്നങ്ങൾക്ക് ഉടൻ പരിഹാരം നിർദേശിക്കുന്ന ഈ നൂതന സംരംഭം ജനങ്ങൾക്കും സർക്കാരിനും ഇടയിലെ അദൃശ്യ മറ ഇല്ലാതാക്കും. ഭരണത്തിന്റെ വാതായനങ്ങൾ ജനങ്ങൾക്ക് മുമ്പിൽ തുറന്നിടുകയാണ്.

## സുനാമിദുരന്ത നിവാരണം

തികച്ചും അപരിചിതമായ സുനാമിത്തിരകളുടെ ആക്രമണത്തിന് മുമ്പിൽ സർക്കാർ പതറിയില്ല. ചടുലമായ ഒരു സർക്കാരിന്റെ സാന്നിദ്ധ്യം ജനങ്ങൾ അറിഞ്ഞു. ദുരിതബാധിതർക്ക് 3000 വീടുകൾ നിർമിക്കുകയാണ്. 12 അംഗൻവാടികൾ, മൂന്ന് ആരോഗ്യകേന്ദ്രങ്ങൾ, അഞ്ച് ലൈബ്രറികൾ, പത്ത് സ്കൂളുകൾ, മൂന്ന് കമ്മ്യൂണിറ്റി സെന്ററുകൾ എന്നിവയും നിർമിക്കുന്നു. 3267 ബോട്ടുകൾ, 230 ടൺ വല എന്നിവ വാങ്ങാൻ സഹായം നൽകി. ആലപ്പാട്ടും ആറാട്ടുപുഴയിലും കടൽഭിത്തി നിർമിക്കാൻ നടപടി തുടങ്ങി. തീരദേശജനതയ്ക്ക് സമഗ്ര ഇൻഷ്വറൻസ് പദ്ധതിയായി. ഉദ്യോഗാർത്ഥികൾക്ക് പ്രത്യേക സൗകര്യം അനുവദിച്ചു. ദുരിതബാധിതരെ പുനരധിവസിപ്പിക്കാനുള്ള ദീർഘകാല പദ്ധതികൾക്ക് സർക്കാർ തുടക്കമിട്ടു.



**ഉമ്മൻചാണ്ടി സർക്കാർ അധികാരമേറ്റിട്ട് ഫെബ്രുവരി 28ന് ആറ് മാസം പൂർത്തിയായി. ഈ ആറുമാസക്കാലയളവിൽ സംസ്ഥാന സർക്കാർ കൈവരിച്ച നേട്ടങ്ങൾ സർവകാല റെക്കോർഡാണ്. ആറുമാസം കൊണ്ട് കൈവരിച്ച നേട്ടങ്ങളിൽ ചിലതാണ് ഇവിടെ പ്രതിപാദിക്കുന്നത്.**

## പ്രത്യേക വകുപ്പും നിയമവും

പ്രകൃതി ദുരന്തങ്ങൾ നേരിടാനും പുനരധിവാസപ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും റവന്യൂ വകുപ്പിന്റെ കീഴിൽ സീനിയർ ഐ.എ.എസ് ഓഫീസറുടെ ചുമതലയിൽ പ്രത്യേക വകുപ്പ് രൂപവത്കരിച്ചു. പ്രകൃതി ദുരന്തം നേരിടാൻ പ്രത്യേക നിയമത്തിനും നടപടിയായി. ഇതിനായി ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പ് ചെയർമാൻ ഡോ. എ. ഇ. മുത്തുനായകം തലവനായി സമിതി രൂപീകരിച്ചു. പ്രകൃതിദുരന്തം കൈകാര്യം ചെയ്യാൻ സ്ഥിരം അതോറിറ്റി രൂപീകരിക്കാനും നടപടിയായി.

## കമ്പ്യൂട്ടർവത്കൃത കളക്ടറേറ്റ്

പാലക്കാട് കളക്ടറേറ്റ് രാജ്യത്തെ ആദ്യ സമ്പൂർണ കമ്പ്യൂട്ടർവത്കൃത കളക്ടറേറ്റായി. കമ്പ്യൂട്ടർവത്കരിക്കുന്ന രാജ്യത്തെ 600 കളക്ടറേറ്റുകളിൽ ആദ്യഘട്ടം പ്രവർത്തനക്ഷമമായ ആദ്യ കളക്ടറേറ്റാണിത്. സേവനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ച് സുതാര്യത ഉറപ്പാക്കുകയാണ് ലക്ഷ്യം.

## വല്ലാർപാടം

കേരളത്തിന്റെ വികസനചരിത്രത്തിൽ പുതിയ അധ്യായം കുറിച്ച വല്ലാർപാടം കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് പദ്ധതിയുടെ നിർമാണ

പ്രവർത്തനങ്ങൾക്ക് തുടക്കമായി. ഒന്നര പതിറ്റാണ്ടുകാലം കടലാസ്സിലും ചർച്ചകളിലുമായി ഒതുങ്ങിക്കിടന്ന വൻവികസന പദ്ധതിയാണ് നിർമാണഘട്ടത്തിലേക്ക് പ്രവേശിച്ചിരിക്കുന്നത്. 7445 കോടി രൂപയുടെ സംയോജിത കൊച്ചി തുറമുഖ വികസന പരിപാടിയിൽ ഒന്നാണ് ടെർമിനൽ പദ്ധതി. വല്ലാർപാടം പദ്ധതി കേരളത്തിന്റെ വികസന പ്രവാഹത്തിനാണ് സംരംഭം കുറിച്ചിരിക്കുന്നത്.

### കായംകുളം താപനിലയം

കായംകുളം താപവൈദ്യുതി നിലയത്തിലെ രണ്ടാംഘട്ടത്തിന്റെ നിർമാണം തുടങ്ങി. 7584 കോടിയാണ് ചെലവ്. 2009 ൽ ഇത് പൂർത്തിയാവുമ്പോൾ നിലയത്തിന്റെ വൈദ്യുതോത്പാദന ശേഷി 2300 മെഗാവാട്ട് ആയി ഉയരും.

### വിഴിഞ്ഞം തുറമുഖം

വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് ആരംഭം കുറിച്ചു. പദ്ധതി യാഥാർത്ഥ്യമാവുമ്പോൾ കേരളത്തിൽ വൻ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും.

### നെല്ല് സംഭരണം

നെല്ല് സംഭരണത്തിന് സ്ഥിരം സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചു. ഇപ്പോഴുള്ള വിലയിടിവ് പരിഹരിക്കാൻ അടിയന്തര നെല്ല് സംഭരണത്തിന് ആറു കോടി രൂപ അനുവദിച്ചു. സംഭരണത്തിന് ഈ വർഷം ആകെ 11 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

# ട നിറവിൽ

### പി.എസ്.സി. നിയമനം

20000-ൽ പരം പേർക്ക് നിയമനം ലഭിക്കത്തക്കവിധം വിവിധ വകുപ്പുകളിലെ ഒഴിവുകൾ മുഴുവൻ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തു. ഇത് റെക്കോർഡാണ്. നിയമന നിരോധനത്തിന് അന്ത്യം കുറിച്ചു. 2395 ഹയർ സെക്കന്ററി അധ്യാപകർ, 650 അസിസ്റ്റന്റ് സർജന്മാർ, 2000 ത്തോളം ജൂനിയർ ഹയർസെക്കന്ററി അധ്യാപകർ എന്നിവർ ഇതിൽപെടും. വൈദ്യുതി ബോർഡിൽ മസ്ദൂർ, കെ.എസ്.ആർ.ടി.സിയിൽ വർക്ക് അസിസ്റ്റന്റ്, ബ്ലാക്ക് സ്മിത്ത്, ജല അതോറിറ്റിയിൽ അസി. എഞ്ചിനീയർ, പമ്പ് ഓപ്പറേറ്റർ, സർവേ ലാന്റ് റെക്കോർഡ്സിൽ സർവെയർ, മരാമത്ത് വകുപ്പിൽ ഓവർസിയർ തുടങ്ങിയ തസ്തികകളിലും നിയമനത്തിന് ശുപാർശ നല്കിയിട്ടുണ്ട്. ഇതിനു പുറമെ 14 ജില്ലകളിലും പോലീസ് കോൺസ്റ്റബിൾ, വിവിധ വകുപ്പുകളിൽ ക്ലാർക്കുമാർ, ശിപായിമാർ, ആരോഗ്യവകുപ്പിൽ സ്റ്റാഫ് നഴ്സ് എന്നിവരുടെ ഒഴിവുകളും പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

### പട്ടയം

ഭൂരഹിതരായ 26099 പേർക്ക് പട്ടയവും കൈവശാവകാശ രേഖയും നല്കി. മൈത്രി പദ്ധതി പ്രകാരം 30490 പേർക്ക് വായ്പാ ഗഡുക്കൾ നൽകി വീടുകൾ പൂർത്തീകരിച്ചു. വികസന പ്രവർത്തനങ്ങൾക്ക് ത്വരിതഗതിയിൽ ഭൂമി ഏറ്റെടുത്ത് നൽകുന്നതിനായി റവന്യൂ വകുപ്പിന്റെ കീഴിൽ ഫാസ്റ്റ് ട്രാക്ക് പദ്ധതി നടപ്പാക്കി. കൊല്ലം-ചെങ്കോട്ട റയിൽവെ ബ്രോഡ്ഗേജാക്കി മാറ്റുന്നതിന് സ്ഥലം ഏറ്റെടുത്ത് കൈമാറി.

### മരാമത്ത് പണികൾ

65 കോടിയുടെ പദ്ധതിവിഹിതവും നബാർഡിന്റെ 350 കോടിയുമുൾപ്പെടെ 600 കോടി രൂപയുടെ മരാമത്ത് ജോലികൾക്ക് അനുമതി നല്കി. ഗ്രാമറോഡുകൾ ഉൾപ്പെടെ 8193 കിലോമീറ്റർ റോഡ് ഏറ്റെടുത്തു. 25 റോഡുകളും നാല് പാലങ്ങളും പൂർത്തിയാക്കി. ദേശീയപാതയിൽ ചേർത്തല-തിരുവനന്തപുരം നാലുവരിപ്പാതയാക്കുന്നതിന് 639.42 ഹെക്ടർ ഭൂമി ഏറ്റെടുത്തു.

### ആശ്രയപദ്ധതി

അഗതികളായ സ്ത്രീകൾക്ക് തലചായ്ക്കാൻ ഇടവും അത്താഴത്തിന് വകയും നൽകുന്ന കുടുംബശ്രീയുടെ ആശ്രയപദ്ധതി 117 പഞ്ചായത്തുകളിൽ കൂടി നടപ്പാക്കി. 8863 കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. 179 പഞ്ചായത്തുകളിൽ പദ്ധതി നേരത്തെ നടപ്പാക്കി.

### വൈദ്യുതി വിതരണം

72641 കുടുംബങ്ങൾക്ക് സൗജന്യ കണക്ഷൻ നല്കി. 1140 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു. 28210 തെരുവുവിളക്കുകൾ സ്ഥാപിച്ചു. 495 കിലോമീറ്റർ 11 KV ലൈൻ വലിച്ചു. 23 സബ്സ്റ്റേഷനുകൾ തുറന്നു. 4.25 ലക്ഷം കണക്ഷൻ അനുവദിച്ചു. 2380 പേർക്ക് നിയമനം നൽകി. തലസ്ഥാനനഗരത്തിന് വേണ്ടി 163 കോടി രൂപയുടെയും കൊച്ചി നഗരത്തിന്റെ വികസനത്തിനായി 200 കോടി യുടെയും പദ്ധതികൾ ആവിഷ്കരിച്ചു.

### ജലവിതരണം

വൻകിട ശുദ്ധജലവിതരണ പദ്ധതികളിൽ 16 എണ്ണം ഇതിനകം പൂർത്തിയായി. 384 സ്കൂൾ ജലപദ്ധതികൾ പൂർത്തിയായി. 517 മഴവെള്ള സംഭരണ യൂണിറ്റുകളും പൂർത്തീകരിച്ചിട്ടുണ്ട്.

### ഗതാഗതം

കഴിഞ്ഞ ആറു മാസത്തിനുള്ളിൽ 200 പുതിയ ബസ്സുകൾ കെ.എസ്.ആർ.ടി.സി നിരത്തിലിറക്കി.

### വ്യവസായ ക്ലസ്റ്റർ

ചെറുകിട വ്യവസായങ്ങളുടെ 30 വ്യവസായ ക്ലസ്റ്ററുകൾ പ്രവർത്തനം തുടങ്ങി. കൈത്തറി റിബേറ്റ് മാർക്കറ്റിങ് ഇൻസെന്റീവ് ഇനത്തിൽ 6.23 കോടി രൂപ കൊടുത്തു. കാപ്പക്സിന്റെ കീഴിലുള്ള ഫാക്ടറികളിൽ 125 ദിവസം തൊഴിൽ നല്കി.

### തീരസുരഭി പദ്ധതി

തീരസുരഭി പദ്ധതി തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ നടപ്പാക്കി. തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമാണം ആരംഭിച്ചു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 5698 കുടുംബങ്ങൾക്ക് വീട് വച്ച് നൽകി.

### ക്ഷേമനിധി

ബാർബർ, അലക്ക്, ആട്ടോമൊബൈൽ തൊഴിലാളികൾക്ക് പ്രത്യേകം ക്ഷേമനിധി ഏർപ്പെടുത്തി.

### കൃഷി

2028 ഹെക്ടർ സ്ഥലത്ത് കുരുമുളക് കൃഷി അനുവദിച്ചു. 12 ലക്ഷം കന്നുകാലികൾക്ക് പ്രതിരോധ കുത്തിവയ്പ് നടത്തി. കയർ മേഖലയിൽ 1000 സ്ത്രീത്തൊഴിലാളികൾക്ക് തൊഴിൽ സൗകര്യം ഏർപ്പെടുത്തി.

### ലീഡ് സ്കൂൾ

തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, വയനാട്, കാസർഗോഡ് ജില്ലകളിൽ ലീഡ് സ്കൂൾ ആരംഭിച്ചു.

### ഫിനിഷിംഗ് സ്കൂൾ

നോർക്ക വകുപ്പിന്റെ ആഭിമുഖ്യത്തിൽ കളമശ്ശേരിയിൽ ഫിനിഷിംഗ് സ്കൂൾ ആരംഭിക്കാൻ നടപടി തുടങ്ങി. •

# ലക്ഷ്യം കൈവരിക്ക



**ഗ്രേഡിംഗ് സമ്പ്രദായത്തിൽ നടക്കുന്ന ആദ്യ എസ്.എസ്.എൽ.സി. പരീക്ഷയെക്കുറിച്ച് എന്താണ് പ്രതീക്ഷ?**

വിദ്യാഭ്യാസ രംഗത്ത് മറ്റു സംസ്ഥാനങ്ങൾക്ക് എന്നും മാതൃകയും വഴികാട്ടിയുമാണ് കേരളം. ഗ്രേഡിംഗിലും ഇതാവർത്തിക്കുകയാണ്. വിദ്യാർത്ഥികളുടെ ഓർമ്മ പരിശോധിക്കുകയാണ് പഠനത്തിന്റെയും ബോധനത്തിന്റെയും അളവുകോൽ എന്ന ധാരണ തിരുത്തപ്പെടുകയാണ് ഗ്രേഡിംഗ് നടപ്പാക്കുന്നതിലൂടെ. വിദ്യാർത്ഥികളുടെ ബുദ്ധിശേഷി വർദ്ധിപ്പിക്കാനും പാഠ്യഭാഗങ്ങളിലെ വ്യത്യസ്ത തലങ്ങൾ സ്വയം കണ്ടെത്തി വിശകലനം ചെയ്യാൻ പ്രാപ്തരാക്കാനും പുതിയ പാഠ്യപദ്ധതി സഹായകരമാണ്. വിശകലനം ചെയ്യാനും തീരുമാനത്തിലെത്താനും അഭിപ്രായം പ്രകടിപ്പിക്കാനും പ്രയോഗിക്കാനും കുട്ടികളുടെ കഴിവ് വിലയിരുത്തുന്നതാണ് പുതിയ രീതി. മോഡൽ പരീക്ഷയുടെ ഫലങ്ങളിൽ ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന്റെ ശുഭകരമായ ലക്ഷണങ്ങൾ പ്രകടമായിരുന്നു. അതുകൊണ്ടുതന്നെ മാർച്ചിൽ നടക്കുന്ന എസ്.എസ്.എൽ.സി. പരീക്ഷയെ സംബന്ധിച്ച് ശുഭ പ്രതീക്ഷയാണ് വിദ്യാഭ്യാസ വകുപ്പിനുള്ളത്.

**തിരുവനന്തപുരത്ത് ജനുവരിയിൽ നടന്ന കൗൺസിൽ ഓഫ് ബോർഡ്സ് ഓഫ് സെക്കണ്ടറി & ഹയർ എഡ്യൂക്കേഷന്റെ (കോബ്സെ) യോഗം ഗ്രേഡിംഗിനെക്കുറിച്ച് മതിപ്പാണ് രേഖപ്പെടുത്തിയത്..........**

ഒരു രാജ്യാന്തര യോഗമായിരുന്നു അത്. സംസ്ഥാനത്ത് നടപ്പാക്കിയ ഗ്രേഡിംഗ് സമ്പ്രദായത്തെക്കുറിച്ച് മനസ്സിലാക്കാൻ പ്രതിനിധികൾ ഏറെ താല്പര്യം കാണിച്ചു. മറ്റ് സംസ്ഥാനങ്ങളിലും ഇത് നടപ്പാക്കണമെന്ന് കോബ്സെ അഭിപ്രായപ്പെടുകയുണ്ടായി. കേരളത്തിന് ലഭിച്ച അംഗീകാരമായി ഞാൻ ഇതിനെ കാണുന്നു.

**മോഡൽ പരീക്ഷയുടെ ഉത്തരക്കടലാസുകൾ വിലയിരുത്തപ്പെട്ടുവല്ലോ. ഏതെങ്കിലും മേഖലയിൽ കൂടുതൽ ശ്രദ്ധ വേണമെന്ന് കണ്ടെത്തിയിട്ടുണ്ടോ?**

ഗ്രേഡിംഗിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ വിലയിരുത്തൽ പ്രയോജനപ്പെട്ടു. പ്രതീക്ഷയേക്കാൾ ഉയർന്ന നിലവാരമാണ് ഉത്തരക്കടലാസുകളിൽ പ്രതിഫലിച്ചു കണ്ടത്.



**മാർച്ചിൽ നടക്കുന്ന എസ്.എസ്.എൽ.സി. പരീക്ഷയെ സംബന്ധിച്ച് ശുഭ പ്രതീക്ഷയാണ് വിദ്യാഭ്യാസ വകുപ്പിനുള്ളത്. പുതിയ പാഠ്യപദ്ധതിയിലെയും ഗ്രേഡിംഗിലെയും അപാകതകൾ കണ്ടെത്തി പരിഹാരം കാണാനും പരീക്ഷാ നടത്തിപ്പ് കുറ്റമറ്റതാക്കാനും വേണ്ട ആത്മാർത്ഥ ശ്രമങ്ങൾ വിദ്യാഭ്യാസവകുപ്പ് നടത്തിയിട്ടുണ്ട്.**

***വിദ്യാഭ്യാസമന്ത്രിയുമായി ജനപഥം നടത്തിയ അഭിമുഖത്തിൽ നിന്ന്.***

വിദ്യാർത്ഥികളുടെ വിവിധ കഴിവുകൾ പരിപോഷിപ്പിക്കാൻ ഗ്രേഡിംഗ് സംവിധാനം പ്രയോജനപ്പെടുമെന്ന് മോഡൽ പരീക്ഷ തെളിയിക്കുന്നു. എങ്കിലും ചില വിഷയങ്ങളിൽ അൽപം കൂടി നിലവാരമുയരേണ്ടതാണ്.

**മോഡറേഷൻ?**

മോഡറേഷനും റാങ്കുമില്ലാതെ നമ്മുടെ കുട്ടികളിൽ ഒളിച്ചിരിക്കുന്ന കഴിവുകൾ പരമാവധി വികസിപ്പിച്ചെടുക്കാൻ ഗ്രേഡിംഗിനും പുതിയ പാഠ്യപദ്ധതിക്കും കഴിയും.

**ആദ്യമായി ഏർപ്പെടുത്തിയ ഐ.ടി. പരീക്ഷ വിജയകരമായിരുന്നല്ലോ**

കംപ്യൂട്ടറിനുണ്ടായ ചില തകരാറുകൾ ഒഴിവാക്കിയാൽ വിദ്യാർത്ഥികൾക്ക് പറയത്തക്ക ബുദ്ധിമുട്ട് നേരിട്ടതായി പറയാൻ കഴിയില്ല. സോഫ്റ്റ്‌വെയറിൽ ഒന്നും തകരാർ ഉണ്ടായില്ല. പൊതുവെ വളരെ തൃപ്തികരമായിരുന്നു ഈ പരീക്ഷ. പരീക്ഷ നട

കവർസ്റ്റോറി

# ...കുന്ന ഗ്രേഡിംഗ്



ത്തിപ്പിൽ അദ്ധ്യാപകരും അവരുടെ സംഘടനകളും നൽകിയ സഹകരണം പ്രത്യേകം എടുത്തുപറയേണ്ടതു തന്നെയാണ്. ഭൂരിഭാഗം വിദ്യാർത്ഥികളും ഐ.ടി. വിഷയത്തിൽ മികവ് പുലർത്തിയതായി മോഡൽ പരീക്ഷയുടെ അവലോകനത്തിൽ കണ്ടെത്തി.

**പ്രോജക്ടുകളുടെ മഴവെള്ളപാച്ചിലുണ്ടായിയെന്ന് വാർത്തയുണ്ടായിരുന്നുവല്ലോ. അതെത്രത്തോളം ശരിയാണ്?**

പുതിയ പാഠ്യപദ്ധതിയനുസരിച്ച് സമയബന്ധിതമായി നടപ്പാക്കേണ്ടവയാണ് പ്രോജക്ടുകളും, സെമിനാറുകളും മറ്റും. തുടർന്നുവന്ന രീതിയിൽ നിന്നുള്ള മാറ്റം ഉൾക്കൊള്ളാനുള്ള മാനസികമായ തയ്യാറെടുപ്പു വൈകിയതുകൊണ്ട് പ്രോജക്ടുകളുടെ ബാഹുല്യത്തെക്കുറിച്ച് വേവലാതിയുണ്ടായതെന്നാണ് എനിക്ക് തോന്നുന്നത്. പുതിയ പാഠ്യപദ്ധതിയിലേയും ഗ്രേഡിംഗിലേയും അപാകതകൾ കണ്ടെത്തി അവയ്ക്ക് യഥാസമയം പരിഹാരം കാണാൻ ശ്രമിച്ചിട്ടുണ്ട്. ഇപ്രാവശ്യത്തെ പ്രവർത്തനങ്ങൾ സമഗ്രമായി അവലോകനം ചെയ്ത് ആവശ്യമെങ്കിൽ അടുത്തവർഷം ഭേദഗതികൾ വരുത്തും. പുതിയ സമ്പ്രദായം കുറ്റമറ്റതാക്കാൻ ആത്മാർത്ഥമായ ശ്രമമാണ് സർക്കാർ നടത്തുന്നത്.

**കരിക്കുലത്തിന്റെ ഉള്ളടക്കത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ ആവശ്യമല്ലേ?**

ആവശ്യമാണ്. ഇപ്പോൾ തന്നെ പാഠ്യപദ്ധതിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

**അദ്ധ്യാപക-വിദ്യാർത്ഥി ബന്ധം സൗഹൃദപരമാക്കാനും വിപുലമാക്കാനും പുതിയ പാഠ്യപദ്ധതി സഹായകരമായിട്ടുണ്ട്.........**

ശരിയാണ്; ക്ലാസ്സിൽ ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ മടിച്ചിരുന്ന വിദ്യാർത്ഥികൾ പോലും അദ്ധ്യാപകരോട് സംശയങ്ങളും മറ്റും ചോദിച്ച് മനസ്സിലാക്കുവാൻ മുന്നോട്ട് വരുന്നുണ്ട്. പാഠ്യ-പാഠ്യേതര വിഷയങ്ങളെക്കുറിച്ചറിയാനും ചിന്തിക്കാനും അവ പ്രോജക്ടുകളിലൂടെയും സെമിനാറുകളിലൂടെയും വെളിപ്പെടുത്താനും വിദ്യാർത്ഥികൾക്ക് കഴിയുന്നത് അദ്ധ്യാപക-

വിദ്യാർത്ഥികൾക്കിടയിലെ നല്ലബന്ധത്തിന്റെ ഉദാഹരണമാണ്.

**പുതിയ സമ്പ്രദായത്തിൽ പരീക്ഷയെഴുതുന്നവർക്ക് പ്ലസ് വൺ പ്രവേശനം എപ്രകാരമായിരിക്കും.**

ഓരോ പേപ്പറിനും ചുരുങ്ങിയത് ഡി+ (സ്കോർ 18-23; 30-39%) എങ്കിലും നേടിയവർക്ക് പ്ലസ് വൺ പ്രവേശനത്തിന് അപേക്ഷിക്കാം. ഗ്രേഡിന്റെ അടിസ്ഥാനത്തിലുള്ള പ്രവേശന രീതിയെക്കുറിച്ച് ഇതിനോടകം തന്നെ ധാരണയായിട്ടുണ്ട്.

**പ്ലസ്ടു, വി.എച്ച്.എസ്.സി തുടങ്ങിയവയിലും ഗ്രേഡിംഗ് ഏർപ്പെടുത്താനാണല്ലോ തീരുമാനം**

അതെ. പ്ലസ്ടുവിൽ ഗ്രേഡിംഗ് നടപ്പാക്കുന്നതിനുള്ള പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. വി.എച്ച്.എസ്.ഇ.യിൽ ആദ്യഘട്ടം അദ്ധ്യാപക പരിശീലനവും കഴിഞ്ഞു. വി.എച്ച്.എസ്.ഇ.യിൽ 8,9,11,12 ക്ലാസുകളിൽ ഗ്രേഡിംഗ് നടപ്പാക്കാനാണ് തീരുമാനം. വിശദമായ ചർച്ചകൾക്കു ശേഷമായിരിക്കും അവസാന തീരുമാനം തയ്യാറാക്കുക.

**ഗ്രേഡിംഗ് സംബന്ധിച്ച് രക്ഷകർത്താക്കളുടെ ആശങ്ക അകറ്റാനായിട്ടുണ്ടോ?**

എല്ലാ വിഭാഗം ആൾക്കാരുടെയും സംശയങ്ങളും ആശങ്കകളും ദൂരികരിക്കാൻ വിദ്യാഭ്യാസ വകുപ്പ് നിരവധി പരിപാടികളാണ് നടപ്പാക്കിയത്. ഹെൽപ്പ് ലൈൻ സംവിധാനം, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴിയുള്ള ക്ലാസ്സുകളും ചർച്ചകളും , ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ്, വിദ്യാഭ്യാസ വകുപ്പുകൾ പുറത്തിറക്കിയ കൈപുസ്തകങ്ങൾ, ലഘുലേഖകൾ പത്രപരസ്യങ്ങൾ തുടങ്ങിയവ ബോധവൽക്കരണത്തിനായി സംവിധാനം ചെയ്തിരുന്നു. ഇതിനെക്കെളപരിയായി പത്രമാധ്യമങ്ങൾ ഇതു സംബന്ധിച്ച പ്രസിദ്ധീകരിച്ച വാർത്തകളും ഫീച്ചറുകളും പാഠ്യപദ്ധതി അടിസ്ഥാനമാക്കിയുള്ള ലേഖനങ്ങളും വലിയൊരു സഹായമാണ് ചെയ്തത്. പത്രങ്ങളുടെ ഈ ശ്രമം സ്വാഗതാർഹവും ശ്ലാഘനീയവുമായിരുന്നു. ●

# പഠനം മികവില

**സി. ഗോകുലദാസൻ പിള്ള**
അസി. പ്രൊഫസർ
എസ്.സി.ഇ.ആർ.ടി

**കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ ആദ്യമായി ഗ്രേഡിംഗ് സമ്പ്രദായത്തിൽ എസ്.എസ്.എൽ.സി പരീക്ഷ നടത്തുകയാണ്. ചർച്ചകൾക്കും വിശകലനങ്ങൾക്കും ആശങ്കകൾക്കും വിധേയമായിക്കൊണ്ടിരിക്കുന്ന ഗ്രേഡിംഗ് സമ്പ്രദായത്തിന്റെ മൂല്യവിചാരങ്ങളിലേക്ക് ..........**



കവർസ്റ്റോറി

# …ന്റ് പാതയിൽ

സെക്കന്ററി തലത്തിൽ പത്താംതരം വരെ നടപ്പിലാക്കിയിരിക്കുന്ന പഠനബോധന പ്രക്രിയയും മൂല്യനിർണയരീതിയും പഠിതാക്കൾക്ക് ഒട്ടേറെ മികവുകൾ നേടുന്നതിന് പര്യാപ്തമായെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. പത്താംതരത്തിലെ പാഠ്യപദ്ധതിയുമായി ബന്ധപ്പെടുത്തി മെച്ചപ്പെട്ട ഭാഷാശേഷികൾ കൈവരിക്കുന്നതിനും സാമൂഹ്യശേഷികൾ നേടുന്നതിനും ശാസ്ത്രാവബോധം ഉൾക്കൊള്ളുന്നതിനും ഗണിതനൈപുണികൾ കൈവരിക്കുന്നതിനും, ടെക്നോളജിക്കൽ അവബോധം നേടുന്നതിനുമായിരുന്നു കൂടുതൽ ഊന്നൽ നൽകിയിരുന്നത്. വ്യക്തിത്വവികസനത്തിനും ആശയവിനിമയശേഷി നേടുന്നതിനും ശാരീരിക കഴിവുകൾ നേടുന്നതിനും കൂടുതൽ അവസരങ്ങൾ ഒരുക്കിയിരുന്നു. ഇവയൊക്കെ എത്രമാത്രം നേടിയിട്ടുണ്ട് എന്ന് മനസ്സിലാക്കുന്നതിനുവേണ്ടി നടത്തിയ പഠനത്തിൽ നിന്ന് ലഭിച്ച വിവരങ്ങൾ ഏറെ ശുഭമായ ചില സൂചനകളാണ് നൽകിയിരിക്കുന്നത്.

പത്താംതരത്തിൽ നടത്തിയ മോഡൽ പരീക്ഷയും നിരന്തര മൂല്യനിർണയത്തിന്റെ ഭാഗമായി നടത്തിയ പോർട്ട് ഫോളിയോയിലൂടെയുള്ള വിലയിരുത്തലുമാണ് പഠനത്തിന് ആധാരമായി സ്വീകരിച്ചത്.

മുൻവർഷങ്ങളെ അപേക്ഷിച്ച് നാനാ തരത്തിലുമുള്ള ശേഷികൾ നേടുന്നതിൽ കുട്ടികൾ ഏറെ മുന്നോക്കം പോയിരിക്കുന്നു. ഭാഷാ ശേഷിയുടെ കാര്യത്തിൽ അസൂയാർഹമായ നേട്ടം കുട്ടികൾ കൈവരിച്ചിരിക്കുന്നു. കാണാതെ പഠിച്ച് ഉത്തരം എഴുതുന്നതിൽ നിന്ന് മാറി സ്വന്തം മനസ്സിന്റെ ഭാഷയിലൂടെ പ്രതികരിച്ചപ്പോൾ ആശയങ്ങളുടെ പ്രളയം തന്നെ ഉത്തരക്കടലാസ്സുകളിൽ കാണാനായി എന്നാണ് ഒരു ഭാഷാധ്യാപകൻ പ്രതികരിച്ചത്. ആശയവിനിമയത്തിന്റെ ഉപാധിയായി ഭാഷയെ കണ്ടുകൊണ്ട് വിലയിരുത്തൽ നടത്തിയപ്പോൾ അത്തരം വിലയിരുത്തലിനെ കുട്ടികൾ അംഗീകരിച്ചിരിക്കുന്നതിന്റെ സൂചനയാണിത്. മാത്രമല്ല ഏതു വിഷയത്തെ സംബന്ധിച്ചും ഭയമില്ലാതെ, അന്ധാളിപ്പ് ഇല്ലാതെ സ്വന്തം ഭാഷയിൽ പ്രതികരിക്കാൻ ഇപ്പോൾ കുട്ടികൾക്കു കഴിയുന്നു. മാതൃഭാഷയിൽ മാത്രമല്ല, ഇംഗ്ലീഷിലും, ഹിന്ദിയിലും തന്റെ കഴിവുകൾക്കനുസരിച്ച് ആശയം പ്രകടിപ്പിക്കാൻ ശ്രമിക്കുന്നത് ആത്മവിശ്വാസം വർദ്ധിച്ചതിന്റെ സൂചനയാണ്. സാധാരണ ഇംഗ്ലീഷ് വിഷയം കുട്ടികൾക്ക് ഏറെ പ്രശ്നങ്ങൾ ഉണ്ടാക്കാറുള്ള വിഷയമായിരുന്നു.

**ശാസ്ത്രീയമായ കാഴ്ചപ്പാട് ഉൾക്കൊണ്ടുകൊണ്ട് പരീക്ഷണങ്ങൾ ചെയ്തും നിരീക്ഷണഫലങ്ങൾ ക്രോഡീകരിച്ചും നിഗമനങ്ങളിൽ എത്തിയും ശാസ്ത്രപഠനം ആഹ്ളാദകരമായിത്തീർന്നിരിക്കുന്നു എന്നാണ് വിലയിരുത്തൽ സൂചിപ്പിക്കുന്നത്.**

എന്നാൽ ഇപ്രാവശ്യം അത്തരത്തിലുള്ള ഒരു പിന്നോക്കം പോകൽ ഉണ്ടായില്ല. ഹിന്ദിയുടെ കാര്യത്തിലും ഇതുതന്നെ സ്ഥിതി.

സാമൂഹ്യശേഷികൾ കൈവരിയ്ക്കുന്നതിനു വേണ്ടിയുള്ള സാമൂഹ്യശാസ്ത്രവിഷയത്തിന്റെ കാര്യത്തിൽ സമൂഹത്തെ അറിയാനും സാമൂഹ്യ പ്രതിബദ്ധത ഉൾക്കൊള്ളാനും നമ്മുടെ ഭരണരീതിയെക്കുറിച്ച് അറിയുന്നതിനും കുട്ടികൾ ഏറെ താല്പര്യം കാട്ടുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട സാമൂഹ്യശാസ്ത്രം ഒന്നാം പേപ്പറിൽ മികച്ച നിലവാരം കുട്ടികൾ കൈവരിച്ചിരിക്കുന്നു. എന്നാൽ നാം നിവസിക്കുന്ന ഭൂമിയെക്കുറിച്ച് മനസ്സിലാക്കുന്ന കാര്യത്തിൽ എന്തുകൊണ്ടോ അതിന്റെ ശാസ്ത്രീയമായ അടിത്തറ പൂർണമായി ഉൾക്കൊള്ളുന്നതിന് പത്താംതരക്കാർക്ക് പൂർണമായി കഴിഞ്ഞിട്ടില്ലെന്ന് പഠനം സൂചിപ്പിക്കുന്നു.

ഭൂമിശാസ്ത്രവുമായി ബന്ധപ്പെട്ട സാമൂഹ്യശാസ്ത്രം സെക്കന്റിന്റെ പഠനത്തിൽ ഇനിയും പുരോഗതി കൈവരിക്കേണ്ടിയിരിക്കുന്നു. പ്രശ്നം എന്താണെന്ന് മനസ്സിലാക്കി അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

ശാസ്ത്രീയമായ കാഴ്ചപ്പാട് ഉൾക്കൊണ്ടുകൊണ്ട് പരീക്ഷണങ്ങൾ ചെയ്തും നിരീക്ഷണഫലങ്ങൾ ക്രോഡീകരിച്ചും നിഗമനങ്ങളിൽ എത്തിയും ശാസ്ത്രപഠനം ആഹ്ളാദകരമായിത്തീർന്നിരിക്കുന്നു എന്നാണ് വിലയിരുത്തൽ സൂചിപ്പിക്കുന്നത്. അതിൽ തന്നെ ഊർജതന്ത്രത്തിലും, ജീവശാസ്ത്രത്തിലും ഏറെ മുന്നോട്ട് പോകാൻ കുട്ടികൾക്ക് കഴിഞ്ഞു. രസതന്ത്രത്തിലെ കണക്കുകൾ പലർക്കും ചില്ലറ പ്രശ്നങ്ങൾ ഉണ്ടാക്കിയിട്ടുണ്ട് എന്നാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്.

ഗണിതപഠനത്തിന്റെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ ആവശ്യമാണെന്ന് പഠനം സൂചിപ്പിക്കുന്നു. വളരെക്കൂടുതൽ കുട്ടികൾ ഭയപ്പാടോടെ സമീപിച്ചിരിക്കുന്ന വിഷയമായി ഗണിതം മാറിയിരിക്കുന്നു. പഠിച്ച കാര്യങ്ങൾ പ്രയോഗിക്കാനും ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കി അതിനനുസരിച്ച് പ്രതികരിക്കാനും കുട്ടികൾ ഏറെ ബുദ്ധിമുട്ടുന്നു. തെളിയിക്കുക, സമർത്ഥിക്കുക, കാരണം പറയുക എന്നീ തരത്തിലുള്ള ഗണിത പ്രശ്നങ്ങൾ ഒന്ന് അപഗ്രഥിക്കാൻ പോലും പലരും ശ്രമിച്ചു കാണുന്നില്ല. ഗണിതപഠനത്തിന്റെ കാര്യത്തിൽ പ്രത്യേക പഠനം ആവശ്യമാണ്. ഗണിതത്തിലെ ഉയർന്ന ശേഷികൾ നേടാൻ പ്രാഥമിക ശേഷിയും നേടേണ്ടതുണ്ട്. പ്രത്യേകശ്രദ്ധയും പരിഗണനയും ഗണിതത്തിന് ആവശ്യം തന്നെ.

പത്താംതരത്തിൽ പുതുതായി ഉൾപ്പെടുത്തിയ ഇൻഫർമേഷൻ ടെക്നോളജി കുട്ടികൾ സ്വാഗതം ചെയ്ത വിഷയമായിരിക്കുന്നു എന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. ബേസിക് ആയുള്ള കാര്യങ്ങളിലെല്ലാം കൃത്യമായ ഉത്തരങ്ങൾ കുട്ടികൾ എഴുതിയിരിക്കുന്നു. ബാലാരിഷ്ടതകൾ മാറുമ്പോൾ ഐ.ടി കുട്ടികളുടെ പ്രിയപ്പെട്ട വിഷയമാകും എന്ന കാര്യത്തിൽ സംശയമില്ല.

പൊതുവെ പറഞ്ഞാൽ പത്താംതരത്തിലെ പുതിയ രീതിയിലുള്ള പഠനം ഏറെ ശേഷികൾ നേടുന്നതിന് കുട്ടികൾക്ക് അവസരം ഒരുക്കിയിരിക്കുന്നു എന്ന് പറയാം.

ഫീൽഡിൽ നിലവിലിരിക്കുന്ന നിരന്തര മൂല്യനിർണയത്തെ സംബന്ധിച്ചും ഐ.ടിയെ സംബന്ധിച്ചും മറ്റുമുള്ള ചില്ലറ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടുകൊണ്ട് അനുഭവങ്ങളുടെ വെളിച്ചത്തിൽ ചില ഭേദഗതികളോടെ വരുംകൊല്ലങ്ങളിൽ മെച്ചപ്പെട്ട പഠനം സാധ്യമാക്കുന്നതിന് അവസരമൊരുക്കാൻ സാധിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം. അതിന് നമുക്ക് കൂട്ടായി ശ്രമിക്കാം.



# “...തേരുരുൾ പ

ഡോ.പി. മുരളി

വിദ്യാഭ്യാസപദ്ധതിയുടെ മൂല്യപരമായ ലക്ഷ്യബോധത്തെക്കുറിച്ചും വിദ്യാഭ്യാസമേഖലയിലെ അനിവാര്യമായ പരിവർത്തനങ്ങളെക്കുറിച്ചും നമ്മൾ നടത്തിക്കൊണ്ടിരിക്കുന്ന ചർച്ചകൾ, നിർഭാഗ്യവശാൽ വല്ലാത്തൊരു പൊരുത്തക്കേടിലേക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. ഏറ്റവും കൂടുതൽ കമ്മീഷനുകൾ, ഒരു പക്ഷേ അപഗ്രഥനം നടത്തിയിട്ടുള്ളത് വിദ്യാഭ്യാസ പ്രശ്നങ്ങളെക്കുറിച്ചായിരിക്കുമെന്ന് എനിക്ക് തോന്നുന്നു. ഓരോ കമ്മീഷനും ആവർത്തിച്ചു പറയുന്ന കാര്യമിതാണ് : വിദ്യാഭ്യാസ പരിഷ്കരണങ്ങളിൽ സൈദ്ധാന്തികമായും പ്രായോഗികമായും സമഞ്ജസമായ സമവായമുണ്ടായിരിക്കണം. നമ്മുടെ വിദ്യാഭ്യാസ ചിന്തകളിലും പരിഷ്കരണങ്ങളിലും പാരസ്പരികതയുടെ പൊരുത്തം വേണ്ടത്ര നിഷ്കർഷിതമായിക്കാണുന്നില്ല.

കേരളത്തിലെ വിദ്യാഭ്യാസ മേഖലയിലിന്ന് ചർച്ചകൾക്കും വിശകലനങ്ങൾക്കും ഒരു പരിധിവരെ വിമർശനങ്ങൾക്കും വിധേയമായിക്കൊണ്ടിരിക്കുന്ന ഒരു നവീകൃത വിദ്യാഭ്യാസ പദ്ധതിയാണല്ലോ ‘സർവശിക്ഷാഅഭിയാൻ’ എന്ന എസ്.എസ്.എ. ഇരുപത് കൊല്ലത്തെ കോളേജ് അധ്യാപന പരിചയം ഒരു മുതൽക്കൂട്ടായി നിലനിർത്തിക്കൊണ്ട്, 2005 മാർച്ചിൽ ഗ്രേഡിംഗ്രീതിയിൽ പരീക്ഷ എഴുതാൻ പോകുന്ന ഒരു വിദ്യാർത്ഥിയുടെ രക്ഷിതാവ് എന്ന നിലയിൽ ഗ്രേഡിംഗ് സമ്പ്രദായത്തിന്റെ മൂല്യവിചാരങ്ങളിലേക്ക് ഒരെത്തിനോട്ടം നടത്തുവാനാണ് ഇവിടെ ശ്രമിക്കുന്നത്.

ഏതൊരു പുത്തൻ പദ്ധതിയും അതിന്റെ പ്രാരംഭദശയിൽ ഒരുപാട് പരിമിതികളിലൂടെ കടന്നുപോയേ മതിയാകൂ. അത്തരമൊരു ദുർഘട പ്രതിസന്ധിയാണ് ഗ്രേഡിംഗ് സമ്പ്രദായം ഇന്ന് അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്നത്. ഗ്രേഡിംഗിനെക്കുറിച്ചുള്ള ഇന്നത്തെ വേവലാതികൾ ഒരു സിനിമാഗാനത്തിന്റെ പാഠഭേദത്തിലേയ്ക്കാണ് നമ്മെ നയിക്കുന്നത്.

“പേടി തോന്നി ആദ്യം കേട്ടപ്പോൾ; മറ്റെന്തൊക്കെയോ തോന്നി പിന്നെയറിഞ്ഞപ്പോൾ..........”

ഒരു പുത്തൻ വ്യവസ്ഥിതിയുടെ ആവിഷ്കരണത്തിൽ ഭയാശങ്കകൾ ഉണ്ടാവുക സ്വാഭാവികമാണ്. ഈയൊരു പ്രക്രിയ എന്തെല്ലാം ആയിത്തീരുമെന്ന വേവലാതി പിന്നത്തെ അവസ്ഥയാണ്. ഇതൊക്കെയൊന്ന് കലങ്ങിത്തെളിയുമെന്ന് പ്രത്യാശാഭരിതമായ ചിന്താഗതി ഇതിന്റെയൊരു മൂന്നാം ഘട്ടമാണ്. 2005 മാർച്ചിലെ പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന കുട്ടികളും അവരെ അതിലേക്ക് നയിക്കുന്ന അധ്യാപകരും രക്ഷിതാക്കളും മേൽപറഞ്ഞ മൂന്നാമത്തെ അവസ്ഥയിലേക്ക് വന്നെത്തിക്കൊണ്ടിരിക്കുകയാണ്.

സാധാരണ ബുദ്ധിനിലവാരമുള്ള വിദ്യാർത്ഥിയും അസാധാരണ ബുദ്ധിസാമർത്ഥ്യമുള്ള മറ്റൊരു വിദ്യാർത്ഥിയും പഠന നിലവാരത്തിന്റെ രണ്ടു ധ്രുവങ്ങളെ പ്രതിനിധീകരിക്കുന്ന പഴഞ്ചൻ വിദ്യാഭ്യാസ പദ്ധതിയിൽ നിന്ന് കാര്യഗ്രഹണത്തിന്റെ പരിതോവസ്ഥകളിലേക്ക് വിദ്യാർത്ഥിയുടെ ഗ്രാഹ്യബോധത്തെ കൊണ്ടു ചെന്നെത്തിക്കുക എന്ന വിപ്ലവോന്മുഖമായ ആശയമാണ് ഗ്രേഡിംഗിലൂടെ സാക്ഷാത്കൃതമാകുന്നത്.

ഏറ്റവും കുറച്ച് കാര്യങ്ങൾ സൂക്ഷ്മമായി കുട്ടികൾക്ക് ബോധ്യപ്പെടുത്തിക്കൊടുക്കുക എന്ന ആഹ്വാനമാണ് ഗ്രേഡിംഗിന്റെ പൂർവ മാതൃകയായിട്ടുണ്ടായിരുന്നത്. Minimum Level of Learning (MML) എന്ന തത്ത്വസംഹിതയാണിത്. ഇതിനെത്തുടർന്നാണ് ഡി.പി.ഇ.പി. എന്ന ജില്ലാ പ്രാഥമിക വിദ്യാഭ്യാസ പരിപാടി ആവിഷ്കൃതമായത്. ഈയൊരു പദ്ധതിയുടെ പുരോഗമനാത്മകരൂപമെന്ന നിലയ്ക്കാണ് ‘സർവശിക്ഷാഅഭിയാൻ’ പദ്ധതി നിലവിൽ വരുന്നത്. വിദ്യാർത്ഥി പുസ്തകത്തിലധിഷ്ഠിതമായ അറിവിന്റെ പരിമിതിയിൽ മാത്രം ഒതുങ്ങി നിന്നു കൊണ്ട്, ഒരു പുസ്തകപ്പുഴുവായി ജന്മമൊടുക്കുന്ന രീതി ഒരർത്ഥ



# പായിക്കുമ്പോൾ”

ത്തിൽ ഏറെ എളുപ്പമുള്ളതാണ്. ഇവിടെ അധ്യാപകർ പകർന്നു കൊടുക്കുന്ന അറിവും പുസ്തകത്തിൽ നിന്ന് ലഭിക്കുന്ന വിജ്ഞാനവും സമന്വയിച്ച് കുട്ടിയിൽ ഒരു സങ്കുചിത വിജ്ഞാനാർജ്ജനമേ ഉണ്ടായിത്തീരുന്നുള്ളൂ. കൂടുതൽ വ്യാപ്തിയിലേക്ക് പോകുവാൻ കുട്ടിയെ അനുവദിക്കാത്ത ഒരു പദ്ധതിയാണിത്.

ഗ്രേഡിംഗിന്റെ ഏറ്റവും പ്രാഥമികതലം എന്നത് വിദ്യാർത്ഥി എന്തു പഠിക്കുന്നു എന്നതല്ല; മറിച്ച് വിദ്യാർത്ഥി അറിവിന്റെ ഏതേതു മേഖലകളിലേക്ക് കടന്നു ചെല്ലാൻ പ്രാപ്തി നേടുന്നു എന്നതാകുന്നു. ക്ലാസ്സിൽ അധ്യാപകർ പഠിപ്പിക്കുക എന്ന യാന്ത്രിക ദൗത്യമാണ് നിർവഹിച്ചിരുന്നതെങ്കിൽ പുതിയ സമ്പ്രദായത്തിൽ അധ്യാപകർ വിദ്യാർത്ഥികൾക്ക് മുന്നിൽ വിജ്ഞാനത്തിന്റെ വാതിലുകൾ തുറന്നു കൊടുക്കുക മാത്രമാണ് ചെയ്യുന്നത്. അനന്ത വിസ്തൃതമായ അറിവിന്റെ മേഖലകളിലേക്ക് കടന്നു ചെല്ലുവാനുള്ള തന്റേടമാർജിക്കുവാൻ ഇക്കാര്യം വിദ്യാർത്ഥിയെ സഹായിക്കുന്നു. കാണാപാഠം പഠിച്ച്, പഠിച്ചത് അതുപോലെ പരീക്ഷാ പേപ്പറിലേക്ക് ഛർദ്ദിക്കുന്ന രീതി പാടെ നിരാകരിച്ചു കൊണ്ട് ത്യാജ്യ-ഗ്രാഹ്യ വിവേചന ബുദ്ധിയോടെ പഠനമേഖലയെ സമീപിക്കുവാൻ പുത്തൻ വിദ്യാഭ്യാസനയം കുട്ടിയെ പ്രേരിപ്പിക്കുന്നു. അടിസ്ഥാന വിദ്യാഭ്യാസ സമ്പ്രദായത്തിലെ പ്രാഥമിക തലവും തുടർന്നുള്ള അപ്പർ പ്രൈമറി തലവും ചെന്നെത്തുന്നത് ഹൈസ്കൂൾ വിദ്യാഭ്യാസത്തിന്റെ സങ്കീർണതകളിലേക്കാണ്. എസ്.എസ്.എൽ.സി പരീക്ഷ ഒരു വിദ്യാർത്ഥിയുടെ ജീവിതത്തിലെ ഏറ്റവും നിർണായകമായ വഴിത്തിരിവാണ്. വിദ്യാർത്ഥിയുടെ ബൗദ്ധിക നിലവാരത്തെ റാങ്കിന്റെയും ഡിസ്റ്റിങ്ഷന്റെയും ക്ലാസ്സിന്റെയും തരംതിരിവിൽ കുരുക്കി മെരുക്കിയെടുക്കുന്ന സാമ്പ്രദായികരീതി പൊളിച്ചെഴുതപ്പെടുന്ന വിപ്ലവാത്മകമായ സമീപനമാണ് ഗ്രേഡിംഗിലൂടെ സുസ്ഥാപിതമാകാൻ പോകുന്നത്. ഗ്രേഡിംഗ് സമ്പ്രദായം കാര്യക്ഷമമാകുന്നതോടെ വിദ്യാർത്ഥിയുടെ അറിവിന്റെ മേഖല വികസ്വരതയിലേക്ക് കുതിക്കുന്ന അനുഭവമാണ് നമുക്കുണ്ടാവുക. ‘ആരും തോൽക്കുന്നില്ല’ എന്ന വിളംബരം ഗ്രേഡിംഗിന്റെ മൂല്യപരമായ മഹത്വത്തെയാണ് പ്രകടമാക്കുന്നത്. കാരണം, ജയത്തിന്റെ മറ്റേ തലയ്ക്കൽ നമ്മൾ കെട്ടിയിടുന്ന ഒരു ദുർബലഘടനയാണ് പരാജയമെന്നത്. ഒരിക്കലും പരാജയത്തിന്റെ പടുകുഴിയിൽ വീഴ്ത്താതെ, വിജയത്തിന്റെ ഏതേതു തലങ്ങളിൽ നിൽക്കുന്നു എന്ന് നിങ്ങളെ ബോധ്യപ്പെടുത്തുകയാണ് ഗ്രേഡിംഗ് സമ്പ്രദായം. ഏറ്റവും ഉയർന്നതും ഏറ്റവും താഴ്ന്നതുമായ ഗ്രേഡിംഗിലൂടെ പഠനത്തിന്റെ വിലയിരുത്തൽ ഒരു ശ്രേണീകരണമായി നില കൊള്ളുന്നു. നിരന്തര മൂല്യനിർണയത്തിലൂടെ വിദ്യാർത്ഥിയുടെ ബഹുമുഖമായ കഴിവുകൾ വിലയിരുത്തപ്പെടുന്നു. ഓരോ വിഷയത്തിനും സൈദ്ധാന്തിക വസ്തുതകൾ പഠിക്കുന്നതോടൊപ്പം, നിരന്തര മൂല്യനിർണയബോധനവും അനിവാര്യമാണ്. സെമിനാർ, പ്രോജക്ട്, അസൈൻമെന്റ് എന്നിവയിലെ ഗുണനിലവാരം പരിഗണിച്ച് ഒരു വിദ്യാർത്ഥിയുടെ ആർജ്ജിതമായ അറിവിന്റെ മാനദണ്ഡം അളക്കുക എന്ന നയമാണ് ഗ്രേഡിംഗിലൂടെ സാധിതമാകുന്നത്. സംസ്ഥാന വിദ്യാഭ്യാസപദ്ധതിയിൽ ഗ്രേഡിംഗ് എന്നത് ആശങ്കയുളവാക്കുന്ന ഒരു പുത്തൻ ഇറക്കുമതിയാണെന്ന് സങ്കുചിതമായി ചിന്തിക്കുന്നവർ, കേന്ദ്രീയ വിദ്യാഭ്യാസ പദ്ധതിയിൽ ഗ്രേഡിംഗ് എന്ന ശാസ്ത്രീയ വിദ്യാഭ്യാസ നയം നടപ്പിലായിക്കഴിഞ്ഞിരിക്കുന്നു എന്നറിയുന്നത് ഉചിതമായിരിക്കും. ക്രമാനുഗതമായി ഗ്രേഡിംഗ് നടപ്പിലാക്കി വരുമ്പോൾ ‘തത്തമ്മേ പൂച്ച പൂച്ച......’ എന്ന പഴഞ്ചൻ മാമൂൽ പല്ലവിയിൽ നിന്ന് കുട്ടികൾ മുക്തരായി ചിന്തിക്കുന്ന, വസ്തുനിഷ്ഠമായി പ്രതികരിക്കുന്ന തലമുറയുടെ വക്താക്കളായിത്തീരുമെന്നതിന് യാതൊരു സംശയവുമില്ല.

പത്താംക്ലാസ്സിൽ സമാരംഭിച്ച ഗ്രേഡിംഗ് സമ്പ്രദായം ഹയർ സെക്കണ്ടറി തലത്തി

ലേക്ക് വ്യാപിപ്പിക്കുവാനുള്ള പരിശ്രമമുള്ള തായിട്ടറിയുന്നു. ഏറെ പ്രോത്സാഹജനക മായ നല്ല ഒരു ഉദ്യമമാണത്. തുടർന്ന് കലാ ശാലാതലത്തിലും ഗ്രേഡിംഗിന്റെ പുരോഗ മനാത്മക പ്രവണതകൾ പ്രാവർത്തികമാക്കാ വുന്നതാണ്. കലാശാലാതലത്തിൽ ചോദ്യ പേപ്പറിന്റെ മാർക്ക് നിലവാരം നൂറിൽ നിന്ന് എൺപതാക്കി നിജപ്പെടുത്തുകയും ബാക്കി ഇരുപത് മാർക്ക് അസൈൻമെന്റ്, ടെസ്റ്റ് പേപ്പർ, ഹാജർ നിലവാരം എന്നിവയുടെ അടിസ്ഥാനത്തിൽ ക്രമീകരിക്കുകയും ചെയ്തപ്പോൾ തുടക്കത്തിൽ ചില പ്രശ്ന ങ്ങൾ ഉണ്ടായെങ്കിലും ഇപ്പോഴത് സ്വാഭാവി കമായ ഒരു പദ്ധതിയായി പരിണമിച്ചിരി ക്കുന്നു.

കേരളത്തിലെ ഗ്രേഡിംഗിന്റെ മൂല്യപര മായ മേന്മകൾ അംഗീകരിച്ച് മറ്റു സംസ്ഥാ നങ്ങളും 'കേരളാ മോഡൽ ഗ്രേഡിംഗ് സമ്പ്ര ദായം' നടപ്പിലാക്കാൻ ആലോചിച്ചു വരുന്നു എന്നത് ഈ രീതിയുടെ ഒരു അനു കൂലഘടകമാകുന്നു.

ഗ്രേഡിംഗ് രീതിയിൽ ആദ്യമായി പരീക്ഷ എഴുതുവാൻ പോകുന്ന കേരളത്തിലെ വിദ്യാർത്ഥി സമൂഹം അടിസ്ഥാനരഹിതമായ വേവലാതികളുടെയും വിഹ്വലതകളുടെയും അമ്പരപ്പുകളുടെയും ഇത്തിരിവട്ടത്തിൽ നിന്ന്, ആത്മവിശ്വാസത്തിന്റെയും ആർജ്ജ വബോധത്തിന്റയും വിശാലതകളിലേക്ക് കുതികൊള്ളുകയാണ്. ശക്തിയുടെ കവി എന്ന വിശേഷണത്തിന് അർഹനായ ഇട ശ്ശേരിയുടെ 'അമ്പാടിയിലേക്ക് വീണ്ടും' എന്ന കവിതയിലെ വരികളുടെ ഒരു മാറ്റൊ ലി ഞാനീ നിരീക്ഷണത്തിന്റെ ശീർഷകമായി നൽകിയത് അന്വർത്ഥബോധത്തോടെയാണ്.

"എനിക്ക് രസമീ നിമ്നോന്നതമാം
വഴിക്ക് തേരുരുൾ പായിക്കൽ
ഇതേതിരുൾക്കുഴിമേലുരുളട്ടെ
വിടില്ല ഞാനീ രശ്മികളെ......"

എന്ന് അദ്ദേഹം പാടിയത് ശുഭാപ്തി വിശ്വാസത്തിന്റെ ഉറച്ച തറയിൽ നിന്നു കൊണ്ടായിരുന്നു. വേദനകളെ കുഴിവെട്ടി മൂടി ശക്തിയിലേക്ക് കുതികൊൾവാൻ ('കു ഴിവെട്ടിമൂടുക വേദനകൾ; കുതികൊൾക ശക്തിയിലേക്ക് നമ്മൾ' – ഇടശ്ശേരിയുടെ 'പണിമുടക്കം' എന്ന കവിതയിലെ ചില വരി കൾ). വിദ്യാർത്ഥിസമൂഹത്തിന് ആഹ്വാന പരമായ പ്രേരകശക്തി നൽകുന്ന ഒരു വിപ്ല വാവേശമാണ് ഗ്രേഡിംഗ് സമ്പ്രദായം. ഗ്രേഡിംഗിന്റെ നിമ്നോന്നതങ്ങളിൽ തേരു രുൾ പായിച്ച്, അത് ഏത് ഇരുൾക്കുഴിമേ ലുരുണ്ടാലും, നിശ്ചയദാർഢ്യമാകുന്ന രശ്മി കളെ മുറുകെപ്പിടിക്കുമെന്ന ദൗത്യവുമായി വിദ്യാർത്ഥിസമൂഹം മുന്നേറട്ടെ എന്ന പ്രാർത്ഥനയോടെ ഈ നിരീക്ഷണം ഞാൻ അവസാനിപ്പിക്കുന്നു.



# വിലയിരുത്തൽ കുറ്റമറ്റത്

**ബാവ കെ. പാലുകുന്ന്**
അധ്യാപകൻ, ജി.എച്ച്.എസ്.എസ് മീനങ്ങാടി, വയനാട്

സംസ്ഥാനത്ത് നടപ്പിലാക്കുന്ന പുതിയ പാഠ്യപദ്ധതിയും ഗ്രേഡിംഗ് സമ്പ്രദായവും നമ്മുടെ വിദ്യാഭ്യാസരംഗത്ത് വിപ്ലവകരമായ പരിവർത്തനങ്ങൾക്ക് വഴി തുറന്നിരിക്കുകയാണ്. ഏത് പരിഷ്കാരവും തുടക്കത്തിൽ ചില ആശയക്കുഴപ്പങ്ങളും ആശങ്കകളും സൃഷ്ടിക്കുക സാധാരണമാണ്; ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെ ഭാവിയെ സംബന്ധിക്കുന്ന വിഷയമാകുമ്പോൾ വിശേഷിച്ചും. ഈ വിഷയത്തിൽ സർക്കാർ പുലർത്തുന്ന തുറന്ന സമീപനത്തെ പ്രശംസിക്കാതെ വയ്യ. ഓരോ പ്രശ്നവും വിദ്യാഭ്യാസവിചക്ഷണരോടും, അധ്യാപക പ്രതിനിധികളോടും ചർച്ച ചെയ്തും പോരായ്മകൾ പരിഹരിച്ചും മുന്നോട്ടു പോകുന്നതിലൂടെ ഉന്നതമായ ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ സർക്കാരിന് സാധിക്കുന്നുണ്ട്.

പത്താംതരത്തിലെ അധ്യാപകർക്കുള്ള വിവിധ പരിശീലനപരിപാടികളിൽ ഒരു പരിശീലകൻ എന്ന നിലയിൽ നിരവധി അധ്യാപകരുമായി ഇടപഴകാനും ഗ്രേഡിംഗുമായി ബന്ധപ്പെട്ട ക്ലാസ്റൂം പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ സജ്ജരാക്കാനും ഈ കുറിപ്പുകാരനു സാധിച്ചിട്ടുണ്ട്. ഇത്തരം അനുഭവങ്ങളുടെ വെളിച്ചത്തിലാണ് ഈ മേഖലയിലെ പ്രശ്നങ്ങളെ വിലയിരുത്താൻ ശ്രമിക്കുന്നത്.

പുതിയ സമ്പ്രദായത്തെക്കുറിച്ച് അധ്യാപകർക്കുള്ള പരിശീലനത്തിന് 2004 മാർച്ചിൽതന്നെ സർക്കാർ തുടക്കം കുറിച്ചിരുന്നു. ജൂൺമാസത്തിൽ ഏറെക്കുറെ ഇത് പൂർത്തിയാവുകയും ചെയ്തു. ഇങ്ങനെ പരിഷ്കരണ സംരംഭവുമായി ബഹുദൂരം മുന്നോട്ടുപോയ ശേഷം ഈ വർഷം ഗ്രേഡിംഗ് നടപ്പാക്കേണ്ടതില്ലെന്ന തീരുമാനം ഇടയ്ക്കുവെച്ച് സർക്കാർ കൈക്കൊണ്ടതായിരുന്നു ആശയക്കുഴപ്പങ്ങളുടെ മുഖ്യ ഹേതു. എന്നാൽ പഴയരീതിയിലുള്ള മൂല്യനിർണയരീതി പുതിയ പാഠ്യപദ്ധതിയുടെ അന്തസ്സത്തയ്ക്കു നിരക്കുന്നതല്ലെന്ന തിരിച്ചറിവിൽ നിന്നും ഗ്രേഡിംഗ് പുനസ്ഥാപിക്കാൻ സർക്കാർ സന്നദ്ധമായി. അതോടൊപ്പം നിരന്തരമൂല്യനിർണയം വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഒരു ഭാരമാവരുതെന്ന ഉദ്ദേശ്യത്തോടെ ഓരോ വിഷയത്തിലും തയ്യാറാക്കേണ്ട രേഖകളുടെ എണ്ണവും കുറച്ചു.

ഇപ്പോൾ നിരന്തരമൂല്യനിർണയം സംബന്ധിച്ച പ്രവർത്തനങ്ങൾ പൂർത്തിയായിരിക്കുന്നു. ഓരോ വിഷയത്തിനും കുട്ടികൾക്ക് ലഭിച്ച മാർക്ക് സ്കൂൾ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. പൊതുപരീക്ഷയുടെ മാതൃകയിലുള്ള രണ്ട് പരീക്ഷകൾ സംസ്ഥാനത്തൊട്ടാകെ ഒരേ ചോദ്യപേപ്പർ ഉപയോഗിച്ചു നടത്തി. ഇതിൽ ക്രിസ്തുമസ് പരീക്ഷയുടെ ചോദ്യം ചോർന്നത് ഒരു ന്യൂനതയാണെങ്കിലും, ചോദ്യമാതൃകകൾ പരിചയപ്പെടാൻ കുട്ടികൾക്കും അധ്യാപകർക്കും സാധിച്ചുവെന്നത് ഒരു പ്രധാനകാര്യം തന്നെയാണ്.

ഗ്രേഡിംഗ് സമ്പ്രദായവും പരീക്ഷാരീതിയും കുറ്റമറ്റതാക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്ന് സത്വരനടപടികൾ ഉണ്ടാവേണ്ടതുണ്ട്. സിദ്ധാന്തങ്ങൾ പ്രായോഗികതലത്തിലെത്തുമ്പോൾ പാളിപ്പോകാനിടവരരുത്. ഇത് സംബന്ധമായ ചില നിർദേശങ്ങൾ കൂടി സമർപ്പിക്കുന്നു.

പ്രോജക്ട്, സെമിനാർ, അസൈൻമെന്റ് തുടങ്ങിയ നിരന്തര മൂല്യനിർണയോപാധികൾ ക്ലാസ്മുറിയിലെ വിവിധ പഠനപ്രവർത്തനങ്ങളുടെ ഭാഗമായിത്തന്നെ നടക്കേണ്ടതുണ്ട്. ഇവ പ്രത്യേകമായെടുത്ത് റെക്കോർഡുകൾ ശരിയാക്കുന്നതിനായി കുട്ടികൾ ആഴ്ചകളോളം കഠിനാധ്വാനം ചെയ്യുന്ന സാഹചര്യം ഉണ്ടാവരുത്. വിവിധവിഷയങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സമയബന്ധിതമായിത്തന്നെ പൂർത്തിയാക്കേണ്ടതുണ്ട്. ഇതിനാവശ്യമായ മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തണം. സമർത്ഥരായ വിദ്യാർത്ഥികൾ തയ്യാറാക്കുന്ന പ്രോജക്ടുകളും ഇതര രേഖകളും പകർത്തിയെഴുതുകയാണ് മിക്ക കുട്ടികളും ചെയ്തുവരുന്നത്. കുട്ടികൾക്കാവശ്യമായ സഹായ സംവിധാനങ്ങൾ നൽകി അവരെ പ്രവർത്തനനിരതരാക്കുന്നതിനു പകരം, അധ്യാപകർ തന്നെ രേഖകൾ തയ്യാറാക്കി വിദ്യാർത്ഥികളെ പകർത്തിയെഴുതിക്കുന്ന പ്രവണതയുമുണ്ട്.

നിരന്തര മൂല്യനിർണയത്തിന്റെ മാർക്ക് പൊതുപരീക്ഷയുടെ മാർക്കിനോടൊപ്പം ചേർക്കുമെന്നതിനാൽ മാനദണ്ഡങ്ങൾ പാലിക്കാതെ മുഴുവൻ മാർക്കും വിദ്യാർത്ഥികൾക്കു നൽകി വിജയശതമാനം വർദ്ധിപ്പിക്കാൻ ചില വിദ്യാലയാധികൃതർ ശ്രമിക്കുന്നത് പഴയ മത്സരമനോഭാവത്തിന്റെ തുടർച്ച തന്നെയാണ്. ഇത്തരം പ്രവണതകൾ തുടക്കത്തിലേ തിരിച്ചറിഞ്ഞ് പരിഹാരം കണ്ടെത്തിയില്ലെങ്കിൽ അത് ഗ്രേഡിംഗ് സമ്പ്രദായത്തിന്റെ വിശ്വാസ്യത തന്നെ തകർക്കാനിടയാകും.

പാർട്ട് രണ്ട്, മൂന്ന് വിഭാഗങ്ങളുടെ മൂല്യനിർണയം പൊതുപരീക്ഷയുടെ ഭാഗമായി ഈ വർഷം നടപ്പാക്കുന്നില്ലെന്നും എന്നാൽ സ്കൂൾതലത്തിൽ ഇവ നടത്തി സ്കൂൾ രേഖകളിൽ ചേർക്കണമെന്നും സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. പക്ഷേ, ഇതു സംബന്ധമായ വിശദാംശങ്ങളോ, തുടർനിർദേശങ്ങളോ ഉണ്ടായില്ല. ഇവയുടെ മൂല്യനിർണയവുമായി ബന്ധപ്പെട്ട് അടുത്ത അധ്യയന വർഷാരംഭത്തിന് മുൻപുതന്നെ, അധ്യാപകർക്ക് കാര്യക്ഷമമായ പരിശീലനം നൽകുന്നത് ഉചിതമായിരിക്കും.

മലയാളം പോലുള്ള ചില വിഷയങ്ങളിൽ പാഠ്യഭാഗങ്ങളുടെ ബാഹുല്യം പഠനപ്രവർത്തനങ്ങളെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. പാഠ്യപദ്ധതിയിലെ പ്രധാന ഉദ്ദേശ്യങ്ങൾ സാക്ഷാത്കരിക്കത്തക്കവിധത്തിൽ തന്നെ പാഠ്യഭാഗങ്ങളുടെ ബാഹുല്യം കുറയ്ക്കാൻ കഴിയും.

പ്രോജക്ട്, സെമിനാർ, അസൈൻമെന്റ് മുതലായവ സംബന്ധിച്ച് മാർഗരേഖകളിൽ കുട്ടികൾക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകേണ്ടതുണ്ട്. ഓരോ വിഷയവുമായും ബന്ധപ്പെട്ട നിരവധി അസൈൻമെന്റുകൾ ക്ലാസ്റൂമിൽ വിദ്യാർത്ഥി ചെയ്യുന്നുണ്ട്. സോഴ്സ് ബുക്കിൽ നിർദേശിച്ച അസൈൻമെന്റുകൾക്കു പകരം കുട്ടി ചെയ്ത അസൈൻമെന്റുകളിൽ ഏറ്റവും മികച്ചതെന്ന് അവന് ബോധ്യമായിട്ടുള്ളവ മൂല്യനിർണയത്തിന് വിധേയമാക്കുന്ന രീതി പരിഗണിക്കാവുന്നതാണ്.

ഈ വർഷം വിദ്യാർത്ഥികൾ ചെയ്ത പ്രോജക്ടിനും സെമിനാറിനും നൽകിയ വിഷയങ്ങൾ അടുത്ത വർഷവും ആവർത്തിക്കാതിരിക്കാൻ അധ്യാപകർക്ക് നിർദേശം നൽകണം. പരീക്ഷയുമായി ബന്ധപ്പെട്ട് കൂടുതൽ വിദ്യാർത്ഥികളും ഉന്നയിച്ച പ്രശ്നം നിശ്ചിത സമയത്തിനകം എഴുതി പൂർത്തിയാക്കാൻ സാധിക്കുന്നില്ലെന്ന പ്രയാസമാണ്. ഇത് പരിഹരിക്കാൻ, ചോദ്യങ്ങൾ വായിച്ചു മനസ്സിലാക്കുന്നതിനും മാനസികമായി തയ്യാറെടുക്കുന്നതിനുമായി പരീക്ഷ ആരംഭിക്കുന്നതിന് പത്തുമിനിറ്റ് മുമ്പ് ചോദ്യപേപ്പർ നൽകുന്നതും നന്നായിരിക്കും.

# വരും തലമുറയെ A+ ഗ്രേഡിലെത്തിക്കാൻ

**ബക്കർ ചൂളിയാട്**
(ഹെഡ്മാസ്റ്റർ, സി.എച്ച്.എം.എച്ച്.എസ്., എളയാവൂർ,കണ്ണൂർ)

**ക**ഴിഞ്ഞ നൂറ്റാണ്ടിൽ നമ്മുടെ വ്യക്തി ജീവിതം, കുടുംബജീവിതം, സാമൂഹ്യജീവിതം, വിദ്യാഭ്യാസം, തൊഴിൽ എന്നിവ എല്ലാം സ്വാധീനിച്ച എസ്.എസ്.എൽ.സി. പരീക്ഷ ഈ നൂറ്റാണ്ടിന്റെ പ്രാരംഭത്തിൽ തന്നെ ബൃഹത്തായ പരിഷ്കരണത്തിന് വിധേയമാവുകയാണ്. "Wisdom is not measured in the amount of knowledge acquired, but in its degree of application". (പാണ്ഡിത്യം അളക്കപ്പെടുന്നത് അറിവിന്റെ അളവ് പരിശോധിച്ചല്ല, പ്രായോഗികത പരിഗണിച്ചാണ്.) എന്ന സ്വാമി വിവേകാനന്ദന്റെ വിദ്യാഭ്യാസചിന്തകളുടെ സാഫല്യത്തിലേക്കാണ് എസ്.എസ്.എൽ.സി. ഗ്രേഡിംഗ് സമ്പ്രദായം വിരൽ ചൂണ്ടുന്നത്.

കരിക്കുലത്തിന്റെ ഉള്ളടക്കത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങളൊന്നും സംഭവിച്ചിട്ടില്ലെന്ന് കാണാവുന്നതാണ്. ഭാഷയുടെ ധർമ്മമോ ഗണിതശാസ്ത്രസിദ്ധാന്തങ്ങളോ ശാസ്ത്രസത്യങ്ങളോ സാമൂഹ്യനീതിയോ പരിഷ്കരിച്ച സിലബസിൽ മാറ്റി മറിച്ചിട്ടില്ല. വിശപ്പില്ലാത്തവനെ സമ്മർദ്ദതന്ത്രം ഉപയോഗിച്ച് ഭക്ഷണം തീറ്റിച്ച് ഛർദിപ്പിക്കുന്നതു പോലെ അറിവ് അടിച്ചേല്പിക്കുന്ന അധ്യയനരീതിയും അറിവ് ഛർദിപ്പിക്കുന്ന പരീക്ഷാ രീതിയുമാണ് മാറിയിരിക്കുന്നത്. അധ്യയനരംഗം രുചികരമാക്കി കുട്ടികളിൽ വൈജ്ഞാനിക വിശപ്പ് ജനിപ്പിച്ച് ആവേശത്തോടെ ആഹരിക്കുന്ന വിജ്ഞാനം ഛർദിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുകയാണ് പുതിയ രീതിയുടെ സവിശേഷത.

2001-2002 വർഷത്തിലാണ് പുതിയ സമ്പ്രദായം ഹൈസ്കൂൾ തലത്തിൽ നടപ്പിൽ വരുന്നത്. എട്ടാം തരത്തിൽ ഒട്ടേറെ പരിശീലനങ്ങൾ നല്കിയും, പ്രസിദ്ധീകരണങ്ങളിറക്കിയും വിദ്യാഭ്യാസ വകുപ്പ് സ്കൂൾ തലത്തിൽ നടത്തിയ പദ്ധതികൾ വേണ്ടത്ര ഗുണം ചെയ്തില്ല. മൂന്ന് വർഷം മുമ്പ് തുടങ്ങിയ പരിഷ്ക്കരണ പദ്ധതികൾക്ക് ഉദ്ദേശിച്ച ഫലം ലഭിക്കാൻ അവസാന നാളുകളിൽ പെടാപ്പാട് പെടേണ്ടിവന്നത് താഴെപ്പറയുന്ന കാരണങ്ങളാലാണെന്ന് കണ്ടെത്താവുന്നതാണ്.

- പരിഷ്ക്കരണ നടപടികൾ സ്കൂൾ തലത്തിൽ എത്തിക്കുന്നതിൽ പ്രധാന അധ്യാപകർ വേണ്ടത്ര വിജയിച്ചില്ല.
- അധ്യാപക പരിശീലന ക്ലാസുകളിലെ സന്ദേശങ്ങൾ ക്ലാസ്മുറിയിലെത്തിക്കുന്നതിൽ അധ്യാപകർക്ക് വേണ്ടത്ര വിജയിക്കുവാൻ സാധിച്ചില്ല.
- കാര്യക്ഷമത ഉറപ്പ് വരുത്തുന്നതിൽ മോണിറ്ററിംഗ് സമ്പ്രദായം ഫലപ്രദമായി നടപ്പിലാക്കിയില്ല.
- എട്ട്, ഒൻപത് ക്ലാസുകളിൽ ക്ലാസ് കയറ്റം നടത്തുമ്പോൾ പുതിയ മൂല്യ നിർണയരീതി മഹാഭൂരിഭാഗം സ്കൂളുകളും പരിഗണിച്ചിട്ടില്ല.
- പതിമൂന്നാമത്തെ വിഷയമായി അവതരിപ്പിക്കപ്പെട്ട ഐ.റ്റി. മറ്റ് പന്ത്രണ്ട് വിഷയങ്ങളെയും പുറന്തള്ളി ഒന്നാം സ്ഥാനത്തേയ്ക്കെത്തുന്ന അവസ്ഥ വന്നപ്പോൾ അടിസ്ഥാന വിഷയങ്ങളെല്ലാം അവഗണിക്കപ്പെട്ടു.
- പാർട്ട് രണ്ടും പാർട്ട് മൂന്നും മൂല്യനിർണയത്തിന് വിധേയമാക്കുമ്പോൾ ഉണ്ടാകുന്ന ഒരുപാട് പ്രായോഗിക പ്രശ്നങ്ങൾ പരിഗണിച്ചില്ല.
- നിരന്തര മൂല്യനിർണയത്തിലെ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുമ്പോൾ കുട്ടികളുടെയും അധ്യാപകരുടെയും ജോലിഭാരം വർദ്ധിച്ചെന്നുമാത്രമല്ല, വിഷയവുമായി ബന്ധമില്ലാത്ത സിഇ പ്രവർത്തനങ്ങൾ ചില വിഷയങ്ങളിൽ നിർദേശിക്കപ്പെട്ടിട്ടുമുണ്ട്.

# ശരിയായ നിരീക്ഷണ സംവിധാനം വേണം

**മധുസൂദനൻ എൻ.**
**ജുമാഅത്ത് ഹയർസെക്കണ്ടറി സ്കൂൾ,**
**ചെമ്മനാട്, കാസർഗോഡ്**

**അ**ദ്ധ്യാപകനെന്ന നിലയിൽ ഗ്രേഡിംഗുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പങ്കാളിയാകുവാൻ എനിക്ക് സാധിച്ചിട്ടുണ്ട്. ഇതിന്റെ വെളിച്ചത്തിൽ എനിക്ക് അനുഭവപ്പെട്ട ചില കാര്യങ്ങൾ സൂചിപ്പിക്കുവാൻ ഈ അവസരം ഉപയോഗിക്കുന്നു.

പരീക്ഷയെന്നാൽ പഠനപ്രക്രിയയിൽ നിന്ന് വേറിട്ട ഒന്നാണെന്ന ഒരു മിഥ്യാധാരണ മിക്ക അധ്യാപകരിലും വിദ്യാർത്ഥികളിലും ഉണ്ടായിരുന്നു. ഗ്രേഡിംഗിന്റെ വരവോടെ ഇത് പതുക്കെ പതുക്കെ തിരുത്തപ്പെട്ടുകൊണ്ടിരിക്കുകയാണ്. നിലവിലുള്ള പരീക്ഷാസമ്പ്രദായത്തിന്റെ കുറെയേറെ ന്യൂനതകൾ പരിഹരിക്കുവാൻ പുതിയ മൂല്യനിർണയരീതിക്ക് കഴിയും. നിരന്തര മൂല്യനിർണയത്തിന്റെ ലക്ഷ്യങ്ങളിലൊന്ന് കുട്ടിയുടെ പഠനം മെച്ചപ്പെടുത്തലാണ്. കൂടാതെ വർഷം മുഴുവൻ കുട്ടിയുടെ കഴിവുകൾ തുടർച്ചയായി വിലയിരുത്താനും കഴിയും. ഇങ്ങനെ പഠനപുരോഗതി വിലയിരുത്തുമ്പോൾ ജൂൺമാസത്തിൽ പ്രോജക്ട്, ജൂലൈയിൽ ക്ലാസ്ടെസ്റ്റ്, ആഗസ്റ്റിൽ സെമിനാർ എന്നിങ്ങനെ മുൻകൂട്ടി തരംതിരിക്കുന്നതിനെക്കാൾ നല്ലത് ഓരോ വിഷയത്തിന്റെയും ബോധന ആവശ്യങ്ങൾക്കനുസരിച്ച്, അത് നടപ്പിലാക്കുന്ന വിദ്യാലയത്തിന്റെ പരിമിതികൾ കൂടി കണക്കിലെടുത്തുകൊണ്ട് പഠന പ്രവർത്തനങ്ങൾ നല്കാനുള്ള സ്വാതന്ത്ര്യം അതത് വിദ്യാലയങ്ങളിലെ സബ്ജക്ട് കൗൺസിലുകൾക്ക് നൽകുന്നതായിരിക്കും. ഇത്തരം പ്രവർത്തനങ്ങൾക്ക് മോണിറ്ററിംഗിലൂടെ ഐകരൂപ്യം വരുത്തുവാനും കഴിയും.

ക്ലാസിലെ കുട്ടികളുടെ എണ്ണക്കൂടുതൽ സുഗമമായ മൂല്യനിർണയ പ്രവർത്തനങ്ങൾക്ക് ഒരു പരിധിവരെ തടസ്സം നില്ക്കുന്ന ഘടകമാണ്. ഇത് പരിഹരിക്കുവാൻ 30 വിദ്യാർത്ഥികൾക്ക് ഒരു അദ്ധ്യാപകൻ എന്ന രീതിയിൽ മാറ്റം വരുത്തിയാൽ നന്നായിരിക്കും. മോഡൽ അടക്കമുള്ള പരീക്ഷകളുടെ ഉത്തരക്കടലാസുകൾ മൂല്യനിർണയത്തിന് വിധേയമാക്കിയപ്പോൾ, ശാസ്ത്രവിഷയങ്ങളെ അപേക്ഷിച്ച് ഭാഷാവിഷയങ്ങൾക്ക് കൂടുതൽ പുരോഗതി കൈവരിക്കുവാൻ കുട്ടികൾക്ക് കഴിഞ്ഞു എന്ന് മനസ്സിലായി. ഇത് കുട്ടികളുടെ ശാസ്ത്രീയാന്വേഷണത്വര വർദ്ധിപ്പിച്ചിട്ടുണ്ട്. അതിനെക്കാളുപരി കുട്ടികളുടെ സർഗപരമായ, സാഹിത്യപരമായ കഴിവുകളാണ് വളരെപ്പെട്ടെന്ന് പുരോഗതി കൈവരിച്ചിട്ടുള്ളതെന്ന് കാണാം. ഇതിന്റെ കാരണമെന്താണെന്ന് കണ്ടെത്തേണ്ടിയിരിക്കുന്നു.

പുതിയ പാഠ്യപദ്ധതിയുടെ അവിഭാജ്യ ഘടകമായ പുതിയ മൂല്യനിർണയരീതിയെ നിലനിറുത്തേണ്ടതും സംരക്ഷിക്കേണ്ടതും ശരിയായ രീതിയിൽ നടപ്പിലാക്കേണ്ടതും അദ്ധ്യാപകരുടെ കൂടി കടമയാണ്. ഇതിന് സഹായകമാകുംവിധം ഹൈസ്കൂൾ ക്ളാസുകളിലെ മൂല്യനിർണയത്തെക്കുറിച്ച് നിരന്തരമായ പഠനം നടത്തണം. സ്കൂളുകളിൽ എന്ത് നടക്കുന്നു, എന്തൊക്കെ നടന്നു, പോരായ്മകൾ എന്തൊക്കെ എന്ന് പരിശോധിക്കുവാനും, അദ്ധ്യാപകരുടെ ആത്മവിശ്വാസമുയർത്തുവാനുമുള്ള ഉചിതമായ നടപടികൾ, ശരിയായ രീതിയിലുള്ള മോണിറ്ററിംഗ് സംവിധാനങ്ങൾ (അദ്ധ്യാപകരെ വെറുപ്പിക്കാത്ത, അവന് സഹായകമാകും വിധമുള്ള) നടപ്പിൽ വരുത്തിക്കൊണ്ട് മുന്നേറിയാൽ ഇതിന്റെ ഗുണഫലങ്ങൾ നേടിയെടുക്കാൻ കഴിയും; ഇല്ലെങ്കിൽ മറിച്ചായിരിക്കും ഫലം.

സ്കൂൾ തലത്തിൽ പത്ത് വർഷക്കാലം ക്രമമായി നടത്തേണ്ട പരിഷ്ക്കരണപ്രവർത്തനങ്ങൾ മൂന്ന് വർഷംകൊണ്ട് നടപ്പിലാക്കാനുള്ള ശ്രമം ഉണ്ടാവുകയും ആറുമാസക്കാലം കൊണ്ട് നടപ്പിലാക്കുകയും ചെയ്യേണ്ട സാഹചര്യം സംജാതമായി. അനിശ്ചിതത്വവും മെല്ലെപ്പോക്കും വ്യാപകമായി ഉണ്ടായെങ്കിലും കഴിഞ്ഞ 6 മാസത്തെ പ്രവർത്തനങ്ങൾ അത്ഭുതകരമായ ഫലം ഉളവാക്കിയിട്ടുണ്ടെന്ന കാര്യം അനിഷേധ്യമാണ്. പരിമിതികളും പോരായ്മകളും പരിഹരിക്കുവാൻ താഴെ പറയുന്ന കാര്യങ്ങൾ പരിഗണിക്കാവുന്നതാണ്:-

- അധ്യാപക പരിശീലനം നല്കുമ്പോൾ ഓരോ വിഷയത്തിനും ഓരോ അധ്യാപകനെ ഓരോ സ്കൂളിൽനിന്നും പരിശീലിപ്പിച്ച്, അദ്ദേഹത്തെ ഉപയോഗിച്ച്, അതേ സ്കൂളിലെ സഹാധ്യാപകർക്ക് പരിശീലനം നല്കിയാൽ അധ്യയന തടസ്സം ഒഴിവാക്കാവുന്നതാണ്.
- സ്കൂൾ തല സബ്ജക്റ്റ് കൗൺസിൽ സജീവമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
- തുടർമൂല്യനിർണയത്തിന്റെ ഭാഷാവിഷയങ്ങൾക്കും സാമൂഹ്യപാഠത്തിനും അസൈൻമെന്റ്, സെമിനാർ, ക്ലാസ് ടെസ്റ്റ് എന്നിവയും സയൻസ്, കണക്ക് വിഷയങ്ങൾക്ക് പ്രോജക്റ്റ്, പ്രാക്റ്റിക്കൽ, ക്ലാസ്ടെസ്റ്റ് എന്നിവയും നടപ്പിലാക്കാവുന്നതാണ്.
- പാർട്ട് രണ്ടിലെ കലാപഠനം, ഭാഷാപഠനത്തിലെ സിഇ-യോടൊപ്പം നടത്താവുന്നതാണ്. പാർട്ട് രണ്ടിലെതന്നെ പ്രവൃത്തിപരിചയ വിഭാഗം, സയൻസ് വിഭാഗത്തിലെ സിഇ വർക്കിനോട് ബന്ധപ്പെടുത്തി ചെയ്യാവുന്നതാണ്. അതോടെ പാർട്ട് രണ്ട് എന്ന ഒരു പ്രത്യേക വിഭാഗം ഒഴിവാക്കാനാകും.
- ഐ.റ്റി. ഒരു പ്രത്യേക വിഷയമാക്കുന്നതിന് പകരം ഫിസിക്സ് വിഷയത്തിൽ കമ്പ്യൂട്ടർ സയൻസ് കൂടി ഉൾപ്പെടുത്തി പഠിപ്പിക്കാവുന്നതാണ്. ഫിസിക്സിലെ നിരന്തരമൂല്യനിർണ്ണയത്തിൽ കമ്പ്യൂട്ടർ പ്രാക്റ്റിക്കൽ ഉപയോഗപ്പെടുത്താവുന്നതിനാൽ കമ്പ്യൂട്ടർ പ്രാക്റ്റിക്കലിന് പൊതുപരീക്ഷ ഒഴിവാക്കാവുന്നതാണ്. ഐറ്റി പ്രാക്റ്റിക്കൽ പരീക്ഷയുടെ നടത്തിപ്പിനുള്ള ആസൂത്രണവും പ്രവർത്തനവും എക്കാലത്തും പ്രയാസങ്ങൾ സൃഷ്ടിക്കുമെന്നതിനാൽ ഐറ്റി പ്രാക്റ്റിക്കൽ ഫിസിക്സിന്റെ ഭാഗമാക്കി സ്കൂളിൽതന്നെ നടത്തുന്നതാണ് ഫലപ്രദം.

വിദ്യാഭ്യാസവകുപ്പ്, അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ എന്നീ ഘടകങ്ങളുടെ കൂട്ടായ്മയിലൂടെ ഗ്രേഡിങ് സിസ്റ്റം എ+ ഗ്രേഡിൽ എത്തിക്കുവാൻ സാധിക്കുമെന്നതിൽ സംശയത്തിന് അവകാശമില്ല. ●



# ഗ്രേഡിംഗിന്റെ നേട്ടങ്ങൾ

**കൃഷ്ണകുമാരി, പ്രിൻസിപ്പാൾ**
(ജി.എം.എം. ജി.എച്ച്.എസ്.എസ്, പാലക്കാട്)

**തോൽവിയില്ല**

കഴിഞ്ഞവർഷം വരെ '210' എന്ന ഒരു വര വരച്ച് അതും അതിനുമുകളിലും ലഭിക്കുന്നവർ 'മിടുക്കരും' അതിനു താഴെയുള്ളവർ ഒന്നിനും കൊള്ളാത്തവരുമാണെന്ന് സമർത്ഥിക്കുന്ന രീതിയായിരുന്നു. എസ്.എസ്.എൽ.സി ബുക്കിൽ 'Failed' എന്ന മുദ്ര പതിച്ചിരിക്കുന്നത് കുട്ടികളിൽ ഏൽപിക്കുന്ന മാനസികാഘാതം ചില്ലറയല്ല. പലരെയും ആത്മഹത്യയ്ക്കു വരെ ഇത് പ്രേരിപ്പിക്കുന്നു. ഇനി ആരും തന്നെ തോൽക്കുന്നില്ല. അവരുടെ ബഹുമുഖകഴിവിനെ A+ മുതൽ E വരെയുള്ള 'Nine Point Grade'-ൽ രേഖപ്പെടുത്തുന്നു. ഇത് മനശ്ശാസ്ത്രപരമായ സമീപനമാണ്.

**ഉപരിപഠനം**

എല്ലാ വിഷയങ്ങളിലും D+ കിട്ടിയാലേ ഉപരിപഠനത്തിനർഹതയുള്ളൂ. വേണ്ടവർക്ക് ഓരോ വിഷയം തനിച്ചെഴുതി അതിനുള്ള അർഹത നേടാവുന്നതാണ്. അല്ലാത്തവർക്ക് യാതൊരു മാനഹാനിയുമില്ലാതെ അവരുടെ വഴി തിരഞ്ഞെടുക്കാവുന്നതാണ്.

**മത്സരവീര്യം കുറയുന്നു**

ക്ലാസ്സിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിക്കുന്നവൻ എന്നതിനു പകരം കേമൻമാർ ആകും ഇനിമുതൽ. 10% മാർക്കിന് ഒരു ഗ്രേഡ് നിശ്ചയിച്ചിരിക്കുകയാണ്. ഇത് കുട്ടികൾ തമ്മിലുള്ള അനാരോഗ്യകരമായ മത്സരം കുറയ്ക്കുന്നു. ഒരു മാർക്കിന്റെ വ്യതിയാനം ഒരു വ്യത്യാസവുമുണ്ടാക്കുന്നില്ല.

**മാനസികസംഘർഷം ഒഴിവാക്കുന്നു**

ഇത് രക്ഷകർത്താക്കളെയും കൂടി ഉദ്ദേശിച്ചിട്ടുള്ളതാണ്. അടുത്തവീട്ടിലെ കുട്ടിയെക്കാൾ ഒരു മാർക്കെങ്ങാൻ തനിക്ക് കുറഞ്ഞാൽ കുട്ടി അനുഭവിക്കേണ്ടിവരുന്ന മാനസികപീഡനം കനത്തതാണ്. ഇത്തരത്തിലുള്ള പ്രവണത ഗ്രേഡിംഗ് ഒരു പരിധിവരെ കുറയ്ക്കുന്നു. ആകെ മാർക്ക് എഴുതുന്നില്ലെന്നതും ഈ അവസ്ഥയ്ക്ക് ആശ്വാസകരമാണ്. രക്ഷകർത്താക്കളെ ഇത് ബോധ്യപ്പെടുത്തേണ്ടതുണ്ട്.

**സംഘപ്രവർത്തനം**

ക്ലാസിനകത്തും പുറത്തും കുട്ടികൾ കൂട്ടായി പ്രവർത്തിക്കുന്നത് അവരിൽ സംഘബോധം വളർത്തുന്നതിനുപകരിക്കുന്നു. 'ഓർമശക്തി' പരീക്ഷയിൽ നിന്നും പലതും 'Application Level' -ൽ എത്തി നിൽക്കുന്നു. നേതൃത്വപാടവം വളർത്തുന്നു.

**ക്ലാസിന് പുറത്തുള്ള പ്രവർത്തനം**

പ്രോജക്ട്, അസൈൻമെന്റ്, സെമിനാർ, കളക്ഷൻ തുടങ്ങിയവയ്ക്കായി കുട്ടികൾ അവരുടെ ചുറ്റുമുള്ള വീടുകൾ, സ്ഥാപനങ്ങൾ, ഓഫീസുകൾ, വ്യവസായശാലകൾ ഇവയുമായി ബന്ധം പുലർത്തേണ്ടിവരുന്നത് അവരിൽ സാമൂഹിക അവബോധം വളർത്തുന്നതിന് സഹായകമാണ്. മാത്രമല്ല പല കാര്യങ്ങളും അവർ നേരിട്ടു കണ്ടു മനസ്സിലാക്കുന്നു.

**വ്യക്തിത്വ വികസനം**

അവനവനിൽ അന്തർലീനമായിരിക്കുന്ന കഴിവുകൾ അവനറിയാതെ തന്നെ പുറത്തുവരുന്ന ചില സാഹചര്യങ്ങൾ പുതിയ സമ്പ്രദായത്തിൽ ഉരുത്തിരിയുന്നുണ്ട്. പലതും വിദ്യാർത്ഥികൾ സ്വയം ചെയ്യുന്നതാകയാൽ അവരുടെ വ്യക്തിത്വവികസനത്തെ സഹായിക്കുന്നു.

**അധ്യാപക വിദ്യാർത്ഥി ബന്ധത്തിന് ബലം കൂടുന്നു.**

ക്ലാസിൽ ഒരു സംശയം പോലും ചോദിക്കാൻ ധൈര്യപ്പെടാത്ത കുട്ടികൾ, പ്രോജക്ട്, അസൈൻമെന്റ്, സെമിനാർ തുടങ്ങിയവയ്ക്കായി അധ്യാപകനുമായി നിരന്തര ബന്ധം പുലർത്തുന്നത് അധ്യാപക വിദ്യാർത്ഥി ബന്ധത്തിന് ബലം കൂട്ടുന്നു. ഇത് സമീപകാലത്തായി നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ●

# പുതിയ ചോദ്യമാതൃകകൾ പ്രശംസനീയം

**എ.വി. സോമൻ**

(പിറ്റിഎ വൈസ് പ്രസിഡന്റ്, സിഎച്ച്എം എച്ച്എസ്, എളയാവൂർ, കണ്ണൂർ)

**വ**ർഷങ്ങളായി തുടങ്ങിവച്ച പുതിയ പാഠ്യപദ്ധതിയും അതോടനുബന്ധിച്ചുള്ള ഗ്രേഡിങ്ങും ഈ വർഷം അതിന്റെ പൂർണതയിലെത്തുകയാണ്. അതുകൊണ്ടുതന്നെ അതിന്റെ ഗുണവും ദോഷവും അനുഭവിച്ചറിയാൻ വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും ഈ വർഷം അവസരം നല്കുന്നു.

വിദ്യാർത്ഥികളുടെ സമഗ്ര വികസനമാണ് പുതിയ പരിഷ്കരണത്തിലൂടെ പരീക്ഷിക്കപ്പെടുന്നത്. എന്നാൽ അത് കണ്ടെത്താൻ, വിദ്യാർഥികളിൽ ഏല്പിക്കുന്നപ്രയത്നം ഏറെയാണ്. അസൈൻമെന്റ്, പ്രോജക്റ്റ്, പ്രാക്റ്റിക്കൽ, സെമിനാർ എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളുടെ ബാഹുല്യം വിദ്യാർഥികളെയും അതുവഴി രക്ഷിതാക്കളെയും കുറച്ചൊന്നുമല്ല ബുദ്ധിമുട്ടിക്കുന്നത്. അതിനാൽ മാതൃക കണ്ടെത്താനും അറിയാനുമായി ഇത്തരം പ്രവർത്തനങ്ങൾ പരിമിതപ്പെടുത്തുന്നത് നന്നായിരിക്കും.

പ്രവർത്തനങ്ങൾ വിലയിരുത്തുന്നത് അധ്യാപകരാണ്. എന്നാൽ പലപ്പോഴും മൂല്യനിർണയത്തിനുള്ള മാർഗങ്ങൾ വസ്തുനിഷ്ഠമാകണമെന്നില്ല. പ്രത്യേകിച്ചും കലാ-കായിക - പ്രവൃത്തി പരിചയ മേഖല ഉൾപ്പെടുന്ന പാർട്ട് രണ്ടും പാർട്ട് മൂന്നും.

കുട്ടികളുടെ ദിനചര്യകളും സ്വഭാവസവിശേഷതകളും വിലയിരുത്തപ്പെടുന്ന പാർട്ട് മൂന്ന് കാര്യക്ഷമമായി നടപ്പിലാക്കുകവഴി കുട്ടികളിൽ വ്യക്തിഗുണങ്ങൾ വർധിക്കാൻ കാരണമാകുന്നുണ്ട്.

പരന്ന വായനയിലൂടെ ആർജിക്കേണ്ട പല അറിവുകളും പുതിയ രീതിയിൽ പരീക്ഷണത്തിനു വിധേയമാകുന്നുണ്ട്. എന്നാൽ അതിനുള്ള സൗകര്യമൊരുക്കുന്നതിൽ പലപ്പോഴും സ്കൂളുകൾ ശ്രദ്ധിച്ചുകാണുന്നില്ല. അതിനാൽ സ്കൂളുകളുടെ സൗകര്യങ്ങൾ കൂടി പരിഗണിച്ച് ഇത്തരം പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നത് നന്നായിരിക്കും.

അൺഎയ്ഡഡ് മേഖലയിലും മറ്റും നിരവധി വിദ്യാലയങ്ങൾ പ്രവർത്തിക്കുന്ന ഇക്കാലത്ത്, സാധാരണ എയ്ഡഡ് - സർക്കാർ സ്കൂളുകളിൽ പഠിക്കുന്നവരിൽ സിംഹഭാഗവും സമൂഹത്തിലെ സാധാരണക്കാരന്റെ കുട്ടികളാണ്. അവർക്ക് താങ്ങാൻ കഴിയുന്ന തരത്തിലും, സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങളുടെ പരിമിതികൾ അനുവദിക്കുന്ന തരത്തിലുമുള്ള ലഘുവായ പ്രവർത്തനങ്ങളിലൂടെ പഠനം മുന്നേറണം.

പുതിയ ചോദ്യമാതൃകകൾ പ്രശംസനീയമാണ്. യാന്ത്രികമായി മനഃപാഠമാക്കി പകർത്തുന്ന രീതി കാലഹരണപ്പെട്ടതുതന്നെ. ചിന്തയ്ക്കും അതുവഴി ബുദ്ധിവികാസത്തിനും യുക്തിബോധത്തിനും അവസരം നൽകുന്നതാണ് പുതിയ ചോദ്യങ്ങൾ.

കുട്ടികൾക്ക് പ്രവർത്തനത്തിന് പ്രാമുഖ്യം നൽകുന്നതാണ് പുതിയ സമ്പ്രദായമെന്നതിൽ സംശയമില്ല. എന്നാൽ പാഠപുസ്തകത്തിന്റെ വലിപ്പം (പാഠങ്ങളുടെ ബാഹുല്യം) പലപ്പോഴും കുട്ടികളെ വലയ്ക്കുന്നു. അതിനാൽ പ്രവർത്തനങ്ങൾ നിലനിർത്തി പാഠങ്ങളുടെ എണ്ണം കുറയ്ക്കുന്നത് ഏറെ പ്രയോജനകരമായിരിക്കും.

ചുരുക്കത്തിൽ മാറ്റത്തിന്റെ കാറ്റ് വീശിത്തുടങ്ങിയെന്നത് അഭിനന്ദനീയംതന്നെ. അതോടൊപ്പം മുകളിൽ സൂചിപ്പിച്ച ചില പ്രശ്നങ്ങൾക്ക് കൂടി പരിഹാരം കണ്ടെത്തി, പഠനം കൂടുതൽ കലാപരവും രസകരവുമാക്കിത്തീർക്കേണ്ടത് അനിവാര്യമാണ്. •

**ഒ**രു പുതിയ പാഠ്യപദ്ധതിയുടെ തുടക്കക്കാരിൽ ഒരുവനാകാൻ സാധിച്ചതിൽ എനിക്കേറെ സന്തോഷമുണ്ട്. ഒരധ്യയന വർഷത്തിന്റെ അസ്തമയസന്ധ്യയിൽ, അധ്യയനവർഷം സന്തോഷകരമോ അതോ ദുഃഖകരമോ എന്നതിലേക്കുള്ള തിരിഞ്ഞുനോട്ടം ഒരനുഭൂതി തന്നെയാണ്.

ഗ്രേഡിങ് സമ്പ്രദായം എന്ന വാക്ക് വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും വളരെയധികം ആശങ്കയ്ക്ക് വകനല്കുന്ന ഒന്നാണ്.

"അന്ധർ നിൻ തുമ്പിയോ കൊമ്പോ
പള്ളയോ തൊട്ടിടഞ്ഞീടാം".

ഈ വരികൾ ഇവിടെ ഉൾപ്പെടുത്തിയത് മനഃപൂർവമാണ്. ഗ്രേഡിങ് സമ്പ്രദായത്തിന്റെ എന്തെങ്കിലുമൊരു വശം മാത്രം മനസ്സിലാക്കി അതിനെ വിലയിരുത്താൻ ശ്രമിക്കുമ്പോൾ അതൊരു വലിയ ആശങ്കയ്ക്കു തന്നെ വഴി വെക്കുന്നു. ഉപര്യുക്ത വരികളുടെ പ്രാധാന്യം മനസ്സിലാക്കാവുന്നതേയുള്ളൂ. സമസ്തമേഖലകളിലും കഴിവുകൾ വളർത്തിയെടുക്കാൻ വിദ്യാർത്ഥികളെ പ്രാപ്തമാക്കുന്ന ഒന്നാണ് ഗ്രേഡിങ് സമ്പ്രദായം.

പഴയ പാഠ്യപദ്ധതിയെ അപേക്ഷിച്ച്, മനഃപാഠമാക്കുന്നതിനുള്ള മത്സരമല്ല, പ്രത്യുത പാഠ്യമേഖലയിലും പാഠ്യേതര മേഖലയിലും തന്റെ സാന്നിധ്യം ഉറപ്പാക്കാനുള്ള മത്സരമാണ് ഗ്രേഡിങ് സിസ്റ്റത്തിലൂടെ സംജാതമാകുന്നത്. ഇതേക്കുറിച്ച് ഒരു വ്യക്തമായ ധാരണ വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും ഉണ്ടാക്കുവാൻ സാധിച്ചിരുന്നുവെങ്കിൽ ഗ്രേഡിങ് സമ്പ്രദായം അതിന്റെ പൂർണവിജയത്തിലെത്തുമായിരുന്നു. സിഇ യുടെ മാർക്ക് വെട്ടിച്ചുരുക്കിയതിലൂടെ വിദ്യാർഥികൾക്ക് അതിലുള്ള താല്പര്യം കുറയാൻ കാരണമായിട്ടുണ്ട്. ഒരർഥത്തിൽ നമ്മുടെ പരമ്പരാഗത രീതിയിലുള്ള തിരിച്ചുപോക്കായി അതിനെ കാണാനാകും. കാരണം, പഴയ പാഠ്യപദ്ധതി എഴുത്തുപരീക്ഷയ്ക്ക് മാത്രമാണല്ലോ പ്രാധാന്യം നല്കിയിരുന്നത്.

# ഗ്രേഡിംഗ് – ഒരു അനുഗ്രഹം

**അൻവറ എ. ആർ., വിദ്യാർത്ഥി**

സി.ജെ.എച്ച്.എസ്.എസ്., കാസർഗോഡ്

**എ**ന്റെ അഭിപ്രായത്തിൽ ഗ്രേഡിംഗ് എന്നത് വളരെ മെച്ചപ്പെട്ട ഒരു സമ്പ്രദായമാണ്. ഈ സമ്പ്രദായത്തിൽ ഒരു കുട്ടിയുടെ മാനസികവളർച്ചയ്ക്ക് കൂടിയാണ് ഊന്നൽ നൽകിയിരിക്കുന്നത്.

ഈ സമ്പ്രദായത്തിലൂടെ കുട്ടി ഒരു കാര്യം പഠിക്കുമ്പോൾ പ്രായോഗിക വീക്ഷണത്തിലൂടെയാണ് കാര്യങ്ങൾ മനസ്സിലാക്കുന്നത്. ഇത് ആ കുട്ടിയെ ഒരു വിഷയത്തെപ്പറ്റി വ്യക്തമായ ധാരണയും തന്റേതായ അഭിപ്രായങ്ങളും ഉണ്ടാക്കുന്നതിന് സഹായിക്കും. ഇതിലൂടെ ഏറ്റവുമധികം മാറ്റങ്ങൾ വരുത്തിയിരിക്കുന്നത് പരീക്ഷാരീതിയിലാണ്. ഹൃദിസ്ഥമാക്കിയതൊക്കെ പരീക്ഷയ്ക്കെഴുതുമ്പോൾ വിദ്യാർത്ഥിയുടെ ഓർമശക്തി മാത്രമേ പരീക്ഷിക്കപ്പെടുന്നുള്ളു. പക്ഷേ ഇന്ന് പുതിയ രീതിയിൽ അവന്റെ ഗ്രഹണശക്തിയും വിഷയത്തെക്കുറിച്ചുള്ള അവബോധവും ഒരുപോലെ പരീക്ഷിക്കപ്പെടുന്നു. റാങ്കിംഗിന്റെ ഭയമില്ലാതെ, അതായത് തെല്ലും മാനസികസംഘർഷമില്ലാതെ പരീക്ഷയെ അഭിമുഖീകരിക്കാൻ ഗ്രേഡിംഗ് സമ്പ്രദായം സഹായിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ പണ്ടത്തേതുപോലെ ചോദ്യപേപ്പർ ഒരു പേടിസ്വപ്നമായല്ല മറിച്ച് ഒരു ഉറ്റ ചങ്ങാതിയായാണ് മാറിയിരിക്കുന്നത്.

പഠനത്തിൽ മോശമായ വിദ്യാർത്ഥിക്കുപോലും മുകളിലേക്കെത്താൻ ഈ സമ്പ്രദായം സഹായകമാവുമെന്ന് എനിക്ക് ഉറച്ച വിശ്വാസമുണ്ട്. •

# ഞങ്ങൾ കയറിയ പടവുകൾ

**അബ്ദുൽ സലാഹ്, വിദ്യാർത്ഥി**
സി.എച്ച്.എം.എച്ച്.എസ്.എസ്., എളയാവൂർ, കണ്ണൂർ

വിദ്യാഭ്യാസ രംഗത്തെ ഈ നിരന്തര മാറ്റത്തിന് കാരണമെന്തുതന്നെയായാലും അതിനെ തരണം ചെയ്യാൻ കഴിഞ്ഞിരുന്നു



വെങ്കിൽ ഒരുപക്ഷേ ഇത്രയും വലിയ ആശയക്കുഴപ്പം ഉണ്ടാകുമായിരുന്നില്ല. എഴുത്ത് പരീക്ഷയുടെ കാര്യത്തിലും ആശങ്കകൾ ഇല്ലാതില്ല. എന്നാൽ, കഴിഞ്ഞ അരക്കൊല്ല, മോഡൽ പരീക്ഷകളുടെ ചോദ്യപേപ്പറുകൾ ഏകദേശം സാമ്യം പ്രകടിപ്പിക്കുന്നതിനാൽ വിദ്യാർഥികൾക്ക് ആശയ്ക്ക് വകയുണ്ട്.

അധ്യാപകരുടെ ക്ലാസ്സുകളുടെ കാര്യത്തിലും നിരന്തര മാറ്റം ഉണ്ടാകുന്നതായ അനുഭവവും ഉണ്ടായി. അതിനു കാരണം അധ്യാപകർക്ക് ഇടയ്ക്കിടെ നല്കിയ പരിശീലന ക്ലാസ്സുകളിലെ അനുഭവങ്ങളാണെന്ന് വിദ്യാർഥികൾ മനസ്സിലാക്കിയിട്ടുണ്ട്. പരീക്ഷാരീതിയെപ്പറ്റി വ്യക്തമായ ധാരണ മിക്കവിദ്യാലയങ്ങളിലെയും അധ്യാപകരിൽ ഉണ്ടായത് അർധവാർഷിക പരീക്ഷയ്ക്കു ശേഷമാണെന്നു തോന്നുന്നു. നല്ല ഒരു ധാരണയുണ്ടാകുമ്പോഴേയ്ക്കും അധ്യയനവർഷത്തിന് തിരശ്ശീല വീണുതുടങ്ങിയെന്നത് അത്തരം വിദ്യാലയങ്ങളെ ദോഷകരമായി ബാധിച്ചു. എന്നിരുന്നാലും ഇതൊരു പുതിയ പാഠ്യപദ്ധതിയുടെയും പഠനരീതിയുടെയും പഠനക്രമത്തിന്റെയും തുടക്കമെന്ന നിലയിൽ ഉണ്ടാകാവുന്ന സ്വാഭാവിക പ്രശ്നങ്ങളാണെന്നോർക്കുമ്പോൾ ആശ്വാസം ലഭിക്കുന്നു. കാരണം മറ്റൊന്നുമല്ല, അടുത്ത അധ്യയന വർഷത്തിലെ എസ് എസ് എൽ സി വിദ്യാർഥികൾക്ക് ഇക്കൊല്ലത്തെ അനുഭവം ഉണ്ടാകില്ലെന്നതു തന്നെ.

ചുരുക്കത്തിൽ പുതിയ ഗ്രേഡിംഗ് സമ്പ്രദായത്തിനാവശ്യം സ്ഥിരതയാണ്. അതുണ്ടാവുകയാണെങ്കിൽ പാഠ്യരംഗത്തും പാഠ്യേതര രംഗത്തും മികവ് പുലർത്തുന്ന ഒരു നല്ല തലമുറ ഉണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല.●

# അന്വേഷിക്കാനും കണ്ടെത്താനും

**അമൃത രാമചന്ദ്രൻ, വിദ്യാർത്ഥിനി**
ജി.എം.എം. ജി.എച്ച്.എസ്.എസ്, പാലക്കാട്

**പ്രൈ**മറി ക്ലാസ് മുതൽ ഗ്രേഡിംഗ് രീതിയിലൂടെ പഠിച്ചുവളർന്ന എന്നെ സംബന്ധിച്ച് എസ്.എസ്.എൽ.സിയുടെ ഗ്രേഡിംഗ് പ്രശ്നമായി തോന്നിയില്ല. എന്നാൽ, പഴയരീതിയിൽ പഠനം നടത്തിയ രക്ഷിതാക്കൾക്കും നാട്ടുകാർക്കും ഏറെ ആശങ്കയുണ്ടാക്കുന്നതാണ് എന്ന് തോന്നിയിട്ടുണ്ട്. ഈ തോന്നലുകൾക്ക് യാതൊരു അടിസ്ഥാനവുമില്ലെന്ന് ഞാനവരോട് പറയുന്നു. കാരണം, ക്ലാസ്മുറികളിൽ അനുവർത്തിച്ചുവരുന്ന നിരന്തര മൂല്യനിർണയത്തിലൂടെ വ്യക്തിപരമായ നേട്ടം എനിക്കുണ്ടായിട്ടുണ്ട്. അപ്പർ പ്രൈമറിതലം മുതൽ വായനയിൽ മുഴുകി പുസ്തകങ്ങൾ തേടി വായനശാലയിൽ അംഗത്വമെടുക്കാൻ കഴിഞ്ഞു. നാടൻ പാട്ടുകൾ ശേഖരിക്കാനും, സാഹിത്യ സമാജത്തിന് പ്രസംഗിക്കാനും, കവിത-കഥാ രചനയിൽ പങ്കെടുക്കാനുള്ള ധൈര്യം കിട്ടിയതുമെല്ലാം ക്ലാസ്സുകളിലെ ടീച്ചർമാരുടെ പ്രേരണയും നിർദ്ദേശവുമാണ്.



അങ്ങനെ, സെമിനാറും, അസൈൻമെന്റും ചെയ്യാൻ എനിക്ക് ആവേശമാണ്. ചിന്തിക്കാനും, അന്വേഷിച്ചു കണ്ടെത്താനും, യുക്തിപൂർവം ബോധ്യപ്പെട്ടു പഠിക്കാനും കഴിയുന്ന ഗ്രേഡിംഗ് സമ്പ്രദായം നല്ലതു തന്നെയാണ്. എന്നാൽ ക്ലാസ്മുറികളിൽ ചിലപ്പോഴെങ്കിലും ടീച്ചർമാർ പതറുന്നതായും പരിഭ്രമിക്കുന്നതായും കണ്ടിട്ടുണ്ട്. അതിന്റെ കാരണം, അവർക്ക് കിട്ടുന്ന ട്രെയിനിംഗ് വേണ്ടത്ര ഗുണപരമാകാത്തതോ, അല്ലെങ്കിൽ ട്രെയിനിംഗ് നിലവാരം അവർ ആർജിക്കാത്തതോ ആകാം. അതുപോലെ തന്നെ വിവിധ സ്കൂളുകളിലെ ടീച്ചേഴ്സിന്റെ മനോഭാവവും താത്പര്യവും, ഇച്ഛാശക്തിയും വ്യത്യസ്തമാണ് എന്നും തോന്നിയിട്ടുണ്ട്. പാടാനും ആടാനും രചനാ വൈഭവങ്ങൾ ശക്തിപ്പെടുത്താനും ഇതിലൂടെ കൂടുതൽ മാർക്ക് വാങ്ങണമെന്ന തോന്നലിനും എനിക്ക് ഗ്രേഡിംഗ് സമ്പ്രദായം കൊണ്ട് കഴിഞ്ഞിട്ടുണ്ട്. ആരു പറഞ്ഞാലും വിമർശിച്ചാലും ശരി ഈ സമ്പ്രദായം മെച്ചമാണ് എന്നാണ് എന്റെ അഭിപ്രായം. ഇതു തന്നെ തുടരണം.●

# ആശങ്കയും ആകാംഷയും പിന്നെ ആത്മവിശ്വാസവും

**അപർണ. എം. ജി.**
പത്താംക്ലാസ്,
കാണിക്കമാതാ കോൺവെന്റ്, പാലക്കാട്

'സർവർക്കും ശിക്ഷ അത്യാവശ്യം' എന്ന് വിദ്യാർത്ഥികളും അധ്യാപകരും മാതാപിതാക്കളും കളിയാക്കി വിളിച്ചിരുന്ന എസ്.എസ്.എ ഇന്ന് അതിന്റെ യഥാർത്ഥ പേരായ 'സർവശിക്ഷഅഭിയാൻ' എന്ന ഘടനയിലേക്ക് പതുക്കെ കടന്നു വന്നു തുടങ്ങിയിരിക്കുന്നു. ഗ്രേഡിംഗ് സമ്പ്രദായത്തിൽ ആദ്യമായി എസ്.എസ്.എൽ.സി പരീക്ഷയെഴുതാൻ പോകുന്ന ഒരു വിദ്യാർത്ഥിനിയാണ് ഞാൻ. ഗ്രേഡിംഗ് സമ്പ്രദായത്തിന്റെ ഭാഗമായ എസ്.എസ്.എ എന്താണ് എന്നതിനെക്കുറിച്ച് തുടക്കത്തിൽ സർക്കാരിനും അധ്യാപകർക്കും വിദ്യാർത്ഥികൾക്കും വളരെ പരിമിതമായ അറിവേ ഉണ്ടായിരുന്നുള്ളു. ഈ അല്പജ്ഞാനം വിദ്യാർത്ഥികളെയും മാതാപിതാക്കളെയും അധ്യാപകരെയും ആശങ്കയിലേക്കും ഭീതിയിലേക്കും നയിച്ചു. ഈ കുറവ് പരിഹരിക്കാൻ വേണ്ടി സർക്കാരും സ്കൂൾ അധികൃതരും മാധ്യമങ്ങളും ധാരാളം സെമിനാറുകളും, ബോധവത്കരണ ക്ലാസ്സുകളും നടത്തി. പിന്നീട് അത് എല്ലാവരെയും ഒരു ആകാംഷയിലേക്ക് വഴിതിരിച്ചു. മാർക്കിന്റെയും ഗ്രേഡിംഗിന്റെയും കാര്യങ്ങളെക്കുറിച്ച് ആർക്കും കാര്യമായ അറിവ് ഉണ്ടായിരുന്നില്ല. ഇതു കാരണം വിദ്യാർത്ഥികൾക്ക് അസൈൻമെന്റുകൾക്കും പ്രോജക്ടുകൾക്കും വേണ്ടി ഒരുപാട് സമയം ചെലവഴിക്കേണ്ടി വന്നു. അധ്യാപകരും ഇതിനായി പ്രയത്നിച്ചതു കാരണം പാഠങ്ങൾ മുഴുവനായും എടുത്തു തീർക്കാൻ സാധിച്ചിരുന്നില്ല. ഈ ആശങ്കയും ആകാംഷയും ചെറിയ തോതിൽ പരീക്ഷകളെയും ബാധിച്ചു. ഇപ്പോൾ എസ്.എസ്.എ എന്താണെന്ന് എല്ലാവർക്കും അറിവു കിട്ടിത്തുടങ്ങി. റാങ്കിംഗ് സമ്പ്രദായത്തിന്റെ കുറവുകൾ പരിഹരിച്ച് വിദ്യാർത്ഥികളെ ബഹുമുഖ പ്രതിഭകളാക്കാനുള്ള ഈ പുതിയ സമ്പ്രദായത്തെ അധ്യാപകരും മാതാപിതാക്കളും കുട്ടികളും അഭിനന്ദിക്കാനും തയ്യാറായി. 'സ്പൂൺ ഫീഡിങ്ങ്' രീതിയിലുള്ള പഴയ പഠനരീതിയിൽ നിന്നും ഗ്രേഡിംഗ് സമ്പ്രദായത്തിലെ അവരവരുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള അവസരങ്ങൾ ഒരുക്കുന്ന എസ്.എസ്.എ ഇപ്പോൾ വിദ്യാർത്ഥികളെ ആത്മവിശ്വാസത്തിന്റെ പാതയിലേക്ക് നയിച്ചുകൊണ്ടിരിക്കുന്നു. അസൈൻമെന്റുകളുടെയും മറ്റും തീ കെട്ടു കഴിഞ്ഞപ്പോൾ ഇനി പഠിക്കാനുള്ള സമയം കുട്ടികൾക്ക് മുന്നിൽ വെല്ലുവിളിയായി നിലകൊള്ളുന്നു. പണ്ടുതൊട്ടേ മത്സരങ്ങൾക്ക് പേരുകേട്ട രണ്ടു മേഖലകളായിരുന്നു വിദ്യാഭ്യാസമേഖലയും യുവജനോത്സവ വേദികളും. റാങ്കിംഗ് സമ്പ്രദായത്തിൽ നിന്നും ഗ്രേഡിംഗ് സമ്പ്രദായത്തിലേക്ക് വിദ്യാഭ്യാസ മേഖല ചുവടുമാറ്റം നടത്തിയപ്പോൾ മത്സരങ്ങൾ യുവജനോത്സവ വേദികളിൽ മാത്രം ഒതുങ്ങിക്കൂടി. ഈ മേഖലയിലും എന്തെങ്കിലും പുതിയ സമ്പ്രദായം വരുമെന്ന് നമുക്ക് പ്രത്യാശിക്കാം. എസ്.എസ്.എ രീതിയിൽ നടക്കാനിരിക്കുന്ന പരീക്ഷകളെ ആത്മവിശ്വാസത്തോടെ അഭിമുഖീകരിക്കാൻ കഴിയുമെന്ന ശുഭപ്രതീക്ഷയോടെ ഞങ്ങൾ ഈ പ്രയാണം തുടരുകയാണ്, മാർച്ച് 29 വരെ.●

വിദ്യാഭ്യാസം എന്നത് ഒരു വിദ്യാർത്ഥിയുടെ മാനസികവും ബൗദ്ധികവുമായ വളർച്ചയാണ്. ഇതിന്റെ ലക്ഷ്യം സമൂഹത്തിനനുരൂപനായ ഒരു വ്യക്തിയെ വാർത്തെടുക്കലാണ്. സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ ഒരു പ്രധാന ലക്ഷ്യം തന്നെ അതായിരുന്നു. അതിന്റെ ബാക്കിപത്രങ്ങളാണ് കോത്താരി കമ്മീഷനും രാധാകൃഷ്ണൻ കമ്മീഷനുമെല്ലാം. എന്നാൽ ഇന്നലെവരെ ഉണ്ടായിരുന്ന വിദ്യാഭ്യാസം കൊണ്ട് ഈ ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധ്യമായിരുന്നോ? മനപ്പാഠമാക്കിയ ഉപന്യാസങ്ങളും സ്വപ്നത്തിൽപോലും കാണാത്ത ശാസ്ത്രപരീക്ഷണങ്ങളുടെ തത്ത്വങ്ങളും ഉത്തരക്കടലാസിലേക്ക് പകർത്തി വൻതോതിൽ മാർക്കു വാങ്ങാൻ ഇന്നലെവരെ ഉണ്ടായിരുന്നവർക്ക് കഴിഞ്ഞിരുന്നു. എന്നാൽ പുതിയതരം ചിന്തകളുടെയും മാറ്റത്തെ മനസ്സിലാക്കിയ വ്യക്തിത്വങ്ങളുടെയും ശ്രമഫലമായാണ് ഗ്രേഡിംഗ് എന്ന പുതിയ രീതി ഇന്നിവിടെ ആവിർഭവിച്ചത്.

വിദ്യാർത്ഥികളുടെ എല്ലാ തലത്തിലുള്ള വികാസങ്ങളെയും നിരന്തരം വിലയിരുത്തുന്ന രീതിയാണിത്. ഇങ്ങനെ

# പുതിയ രീതി ശാസ്ത്രീയം

**സണ്ണി ജോർജ്ജ്**
പി.ടി.എ. പ്രസിഡന്റ്,
നിർമല ഹൈസ്കൂൾ, വയനാട്

പന്ത്രണ്ട് വിഷയങ്ങൾക്കായി എസ്.എസ്.എൽ.സി. പരീക്ഷയിൽ 210 മാർക്കെങ്കിലും കിട്ടുന്ന കുട്ടി ജയിച്ചെന്നും അല്ലാത്തവർ തോറ്റെന്നും പ്രഖ്യാപിക്കുന്ന രീതി മാറ്റി ശാസ്ത്രീയമെന്ന് കാണിക്കുന്ന ഗ്രേഡിംഗ് സമ്പ്രദായം നിലവിൽ വന്നിരിക്കുകയാണ്.

പതിമൂന്ന് വിഷയങ്ങളിൽ പന്ത്രണ്ട് വിഷയത്തിന് 50 മാർക്കും പതിമൂന്നാം വിഷയമായ ഐ.ടി. ക്ക് 30 മാർക്കും. ഇതിൽ ഐ.ടി. യുടെ പ്രാക്ടിക്കലിന് 5 മാർക്കും തിയറിക്ക് 25 മാർക്കും എന്ന തീരുമാനം പുനഃപരിശോധിക്കണം. കുട്ടികൾക്ക് തിയറിയെക്കാൾ മിടുക്കും കഴിവും പ്രാക്ടിക്കൽ ചെയ്യുന്നതിനാണ്. ഇപ്പോൾ കുട്ടികളുടെ പഠനഭാരം കുറയ്ക്കുന്നതിനു പകരം മാർക്കാണ് കുറച്ചിരിക്കുന്നത്.

പുതിയ ഗ്രേഡിംഗ് സമ്പ്രദായത്തെക്കുറിച്ച് രക്ഷകർത്താക്കൾക്ക് ആശങ്കയുണ്ടായിരുന്നുവെന്ന യാഥാർത്ഥ്യം കാണാതിരുന്നുകൂടാ. അവരുടെ ആശങ്ക അകറ്റാൻ ചില സ്കൂളുകളിൽ ബോധവത്കരണം നടന്നുവെങ്കിലും അതു പൂർണമായും ഉൾക്കൊള്ളുവാൻ അവർക്ക് സാധിച്ചിട്ടില്ല. ഗ്രേഡിംഗ് സമ്പ്രദായം സ്വാഗതാർഹമാണെങ്കിലും ചില പ്രശ്നങ്ങൾ ഇനിയും പരിഹരിക്കപ്പെടേണ്ടതുണ്ട്. അവ അടുത്ത വർഷമെങ്കിലും പരിഹരിക്കണമെന്നാണ് എന്റെ അഭിപ്രായം.●

## ഗ്രേഡിംഗ് ഫലപ്രദം
## രക്ഷിതാവിന്റെ അഭിപ്രായം

നിരന്തരമൂല്യനിർണയത്തിൽ കൂടുതൽ ഊർജം നഷ്ടപ്പെടുന്നതായി തൃശ്ശൂർ ജില്ലാ പി.ടി.എ പ്രസിഡന്റും അരണാട്ടുകര ഇൻഫന്റ് ജീസസ്സ് ഹൈസ്കൂളിലെ വിദ്യാർത്ഥിനി ലിയ കെ. ജോണിന്റെ പിതാവുമായ ജോൺസൺ കാഞ്ഞിരത്തിങ്കൽ അഭിപ്രായപ്പെടുന്നു. കുട്ടിക്ക് പ്രോജക്ട്, സെമിനാർ, കളക്ഷൻ, അസൈൻമെന്റ് തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്യാൻ വളരെ ആവേശമാണെന്നും എന്നാൽ അവളുടെ പഠനസമയത്തിന്റെ അറുപതുശതമാനവും അതിനുവേണ്ടി ചെലവായിപ്പോകുന്നതായും എന്നാൽ മാർക്കിൽ പതിനേഴു ശതമാനം (760–ൽ 130 മാർക്ക്) മാത്രമേ നിരന്തരമൂല്യനിർണയത്തിന് ലഭിക്കുന്നുള്ളുവെന്നും ജോൺ പറയുന്നു. എങ്കിലും ഗ്രേഡിംഗിന്റെ ഫലപൂർണതയിലും കുട്ടികളിലുണ്ടാക്കുന്ന സമഗ്രവികസനത്തിലും അദ്ദേഹത്തിന് വളരെ നല്ല അഭിപ്രായമാണ്, കുറെക്കൂടി നേരത്തെ പരിശീലനപരിപാടികളെല്ലാം ആരംഭിക്കേണ്ടിയിരുന്നു എന്ന അഭിപ്രായം ഉണ്ടെങ്കിലും തങ്ങളുടെ കുട്ടികൾ മാത്രം പരീക്ഷണത്തിന്റെ പേരിൽ ബലിയാടാകരുത് എന്നും തുടർന്ന് അദ്ദേഹം പറയുന്നുണ്ട്.●

# ആശങ്കയും ആകാംഷയും പിന്നെ ആത്മവിശ്വാസവും

**അപർണ. എം. ജി.**
പത്താംക്ലാസ്,
കാണിക്കമാതാ കോൺവെന്റ്, പാലക്കാട്

'സർവർക്കും ശിക്ഷ അത്യാവശ്യം' എന്ന് വിദ്യാർത്ഥികളും അധ്യാപകരും മാതാപിതാക്കളും കളിയാക്കി വിളിച്ചിരുന്ന എസ്.എസ്.എ ഇന്ന് അതിന്റെ യഥാർത്ഥ പേരായ 'സർവശിക്ഷഅഭിയാൻ' എന്ന ഘടനയിലേക്ക് പതുക്കെ കടന്നു വന്നു തുടങ്ങിയിരിക്കുന്നു. ഗ്രേഡിംഗ് സമ്പ്രദായത്തിൽ ആദ്യമായി എസ്.എസ്.എൽ.സി പരീക്ഷയെഴുതാൻ പോകുന്ന ഒരു വിദ്യാർത്ഥിനിയാണ് ഞാൻ. ഗ്രേഡിംഗ് സമ്പ്രദായത്തിന്റെ ഭാഗമായ എസ്.എസ്.എ എന്താണ് എന്നതിനെക്കുറിച്ച് തുടക്കത്തിൽ സർക്കാരിനും അധ്യാപകർക്കും വിദ്യാർത്ഥികൾക്കും വളരെ പരിമിതമായ അറിവേ ഉണ്ടായിരുന്നുള്ളൂ. ഈ അല്പജ്ഞാനം വിദ്യാർത്ഥികളെയും മാതാപിതാക്കളെയും അധ്യാപകരെയും ആശങ്കയിലേക്കും ഭീതിയിലേക്കും നയിച്ചു. ഈ കുറവ് പരിഹരിക്കാൻ വേണ്ടി സർക്കാരും സ്കൂൾ അധികൃതരും മാധ്യമങ്ങളും ധാരാളം സെമിനാറുകളും, ബോധവത്കരണ ക്ലാസ്സുകളും നടത്തി. പിന്നീട് അത് എല്ലാവരെയും ഒരു ആകാംഷയിലേക്ക് വഴിതിരിച്ചു. മാർക്കിന്റെയും ഗ്രേഡിംഗിന്റെയും കാര്യങ്ങളെക്കുറിച്ച് ആർക്കും കാര്യമായ അറിവ് ഉണ്ടായിരുന്നില്ല. ഇതു കാരണം വിദ്യാർത്ഥികൾക്ക് അസൈൻമെന്റുകൾക്കും പ്രോജക്ടുകൾക്കും വേണ്ടി ഒരുപാട് സമയം ചെലവഴിക്കേണ്ടി വന്നു. അധ്യാപകരും ഇതിനായി പ്രയത്നിച്ചതു കാരണം പാഠങ്ങൾ മുഴുവനായും എടുത്തു തീർക്കാൻ സാധിച്ചിരുന്നില്ല. ഈ ആശങ്കയും ആകാംഷയും ചെറിയ തോതിൽ പരീക്ഷകളെയും ബാധിച്ചു. ഇപ്പോൾ എസ്.എസ്.എ എന്താണെന്ന് എല്ലാവർക്കും അറിവു കിട്ടിത്തുടങ്ങി. റാങ്കിംഗ് സമ്പ്രദായത്തിന്റെ കുറവുകൾ പരിഹരിച്ച് വിദ്യാർത്ഥികളെ ബഹുമുഖ പ്രതിഭകളാക്കാനുള്ള ഈ പുതിയ സമ്പ്രദായത്തെ അധ്യാപകരും മാതാപിതാക്കളും കുട്ടികളും അഭിനന്ദിക്കാനും തയ്യാറായി. 'സ്പൂൺ ഫീഡിങ്ങ്' രീതിയിലുള്ള പഴയ പഠനരീതിയിൽ നിന്നും ഗ്രേഡിംഗ് സമ്പ്രദായത്തിലെ അവരവരുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള അവസരങ്ങൾ ഒരുക്കുന്ന എസ്.എസ്.എ ഇപ്പോൾ വിദ്യാർത്ഥികളെ ആത്മവിശ്വാസത്തിന്റെ പാതയിലേക്ക് നയിച്ചുകൊണ്ടിരിക്കുന്നു. അസൈൻമെന്റുകളുടെയും മറ്റും തീ കെട്ടു കഴിഞ്ഞപ്പോൾ ഇനി പഠിക്കാനുള്ള സമയം കുട്ടികൾക്ക് മുന്നിൽ വെല്ലുവിളിയായി നിലകൊള്ളുന്നു. പണ്ടുതൊട്ടേ മത്സരങ്ങൾക്ക് പേരുകേട്ട രണ്ടു മേഖലകളായിരുന്നു വിദ്യാഭ്യാസമേഖലയും യുവജനോത്സവ വേദികളും. റാങ്കിംഗ് സമ്പ്രദായത്തിൽ നിന്നും ഗ്രേഡിംഗ് സമ്പ്രദായത്തിലേക്ക് വിദ്യാഭ്യാസ മേഖല ചുവടുമാറ്റം നടത്തിയപ്പോൾ മത്സരങ്ങൾ യുവജനോത്സവ വേദികളിൽ മാത്രം ഒതുങ്ങിക്കൂടി. ഈ മേഖലയിലും എന്തെങ്കിലും പുതിയ സമ്പ്രദായം വരുമെന്ന് നമുക്ക് പ്രത്യാശിക്കാം. എസ്.എസ്.എ രീതിയിൽ നടക്കാനിരിക്കുന്ന പരീക്ഷകളെ ആത്മവിശ്വാസത്തോടെ അഭിമുഖീകരിക്കാൻ കഴിയുമെന്ന ശുഭപ്രതീക്ഷയോടെ ഞങ്ങൾ ഈ പ്രയാണം തുടരുകയാണ്, മാർച്ച് 29 വരെ. ●

വിദ്യാഭ്യാസം എന്നത് ഒരു വിദ്യാർത്ഥിയുടെ മാനസികവും ബൗദ്ധികവുമായ വളർച്ചയാണ്. ഇതിന്റെ ലക്ഷ്യം സമൂഹത്തിനനുരൂപനായ ഒരു വ്യക്തിയെ വാർത്തെടുക്കലാണ്. സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ ഒരു പ്രധാന ലക്ഷ്യം തന്നെ അതായിരുന്നു. അതിന്റെ ബാക്കിപത്രങ്ങളാണ് കോത്താരി കമ്മീഷനും രാധാകൃഷ്ണൻ കമ്മീഷനുമെല്ലാം. എന്നാൽ ഇന്നലെവരെ ഉണ്ടായിരുന്ന വിദ്യാഭ്യാസം കൊണ്ട് ഈ ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധ്യമായിരുന്നോ? മനപ്പാഠമാക്കിയ ഉപന്യാസങ്ങളും സ്വപ്നത്തിൽപോലും കാണാത്ത ശാസ്ത്രപരീക്ഷണങ്ങളുടെ തത്വങ്ങളും ഉത്തരക്കടലാസിലേക്ക് പകർത്തി വൻതോതിൽ മാർക്കു വാങ്ങാൻ ഇന്നലെവരെ ഉണ്ടായിരുന്നവർക്ക് കഴിഞ്ഞിരുന്നു. എന്നാൽ പുതിയതരം ചിന്തകളുടെയും മാറ്റത്തെ മനസ്സിലാക്കിയ വ്യക്തിത്വങ്ങളുടെയും ശ്രമഫലമായാണ് ഗ്രേഡിംഗ് എന്ന പുതിയ രീതി ഇന്നിവിടെ ആവിർഭവിച്ചത്.

വിദ്യാർത്ഥികളുടെ എല്ലാ തലത്തിലുള്ള വികാസങ്ങളെയും നിരന്തരം വിലയിരുത്തുന്ന രീതിയാണിത്. ഇങ്ങനെ

# പുതിയ രീതി ശാസ്ത്രീയം

**സണ്ണി ജോർജ്ജ്**
പി.ടി.എ. പ്രസിഡന്റ്,
നിർമല ഹൈസ്കൂൾ, വയനാട്

പന്ത്രണ്ട് വിഷയങ്ങൾക്കായി എസ്.എസ്.എൽ.സി. പരീക്ഷയിൽ 210 മാർക്കെങ്കിലും കിട്ടുന്ന കുട്ടി ജയിച്ചെന്നും അല്ലാത്തവർ തോറ്റെന്നും പ്രഖ്യാപിക്കുന്ന രീതി മാറ്റി ശാസ്ത്രീയമെന്ന് കാണിക്കുന്ന ഗ്രേഡിംഗ് സമ്പ്രദായം നിലവിൽ വന്നിരിക്കുകയാണ്.

പതിമൂന്ന് വിഷയങ്ങളിൽ പന്ത്രണ്ട് വിഷയത്തിന് 50 മാർക്കും പതിമൂന്നാം വിഷയമായ ഐ.ടി. ക്ക് 30 മാർക്കും. ഇതിൽ ഐ.ടി. യുടെ പ്രാക്ടിക്കലിന് 5 മാർക്കും തിയറിക്ക് 25 മാർക്കും എന്ന തീരുമാനം പുനഃപരിശോധിക്കണം. കുട്ടികൾക്ക് തിയറിയെക്കാൾ മിടുക്കും കഴിവും പ്രാക്ടിക്കൽ ചെയ്യുന്നതിനാണ്. ഇപ്പോൾ കുട്ടികളുടെ പഠനഭാരം കുറയ്ക്കുന്നതിനു പകരം മാർക്കാണ് കുറച്ചിരിക്കുന്നത്.

പുതിയ ഗ്രേഡിംഗ് സമ്പ്രദായത്തെക്കുറിച്ച് രക്ഷകർത്താക്കൾക്ക് ആശങ്കയുണ്ടായിരുന്നുവെന്ന യാഥാർത്ഥ്യം കാണാതിരുന്നുകൂടാ. അവരുടെ ആശങ്ക അകറ്റാൻ ചില സ്കൂളുകളിൽ ബോധവത്കരണം നടന്നുവെങ്കിലും അതു പൂർണമായും ഉൾക്കൊള്ളുവാൻ അവർക്ക് സാധിച്ചിട്ടില്ല. ഗ്രേഡിംഗ് സമ്പ്രദായം സ്വാഗതാർഹമാണെങ്കിലും ചില പ്രശ്നങ്ങൾ ഇനിയും പരിഹരിക്കപ്പെടേണ്ടതുണ്ട്. അവ അടുത്ത വർഷമെങ്കിലും പരിഹരിക്കണമെന്നാണ് എന്റെ അഭിപ്രായം. ●

## ഗ്രേഡിംഗ് ഫലപ്രദം
## രക്ഷിതാവിന്റെ അഭിപ്രായം

നിരന്തരമൂല്യനിർണയത്തിൽ കൂടുതൽ ഊർജം നഷ്ടപ്പെടുന്നതായി തൃശ്ശൂർ ജില്ലാ പി.ടി.എ പ്രസിഡന്റും അരണാട്ടുകര ഇൻഫന്റ് ജീസസ്സ് ഹൈസ്കൂളിലെ വിദ്യാർത്ഥിനി ലിയ കെ. ജോണിന്റെ പിതാവുമായ ജോൺസൺ കാഞ്ഞിരത്തിങ്കൽ അഭിപ്രായപ്പെടുന്നു. കുട്ടിക്ക് പ്രോജക്ട്, സെമിനാർ, കളക്ഷൻ, അസൈൻമെന്റ് തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്യാൻ വളരെ ആവേശമാണെന്നും എന്നാൽ അവളുടെ പഠനസമയത്തിന്റെ അറുപതുശതമാനവും അതിനുവേണ്ടി ചെലവായിപ്പോകുന്നതായും എന്നാൽ മാർക്കിൽ പതിനേഴു ശതമാനം (760-ൽ 130 മാർക്ക്) മാത്രമേ നിരന്തരമൂല്യനിർണയത്തിന് ലഭിക്കുന്നുള്ളുവെന്നും ജോൺ പറയുന്നു. എങ്കിലും ഗ്രേഡിംഗിന്റെ ഫലപൂർണതയിലും കുട്ടികളിലുണ്ടാക്കുന്ന സമഗ്രവികസനത്തിലും അദ്ദേഹത്തിന് വളരെ നല്ല അഭിപ്രായമാണ്, കുറെക്കൂടി നേരത്തെ പരിശീലനപരിപാടികളെല്ലാം ആരംഭിക്കേണ്ടിയിരുന്നു എന്ന അഭിപ്രായം ഉണ്ടെങ്കിലും തങ്ങളുടെ കുട്ടികൾ മാത്രം പരീക്ഷണത്തിന്റെ പേരിൽ ബലിയാടാകരുത് എന്നും തുടർന്ന് അദ്ദേഹം പറയുന്നുണ്ട്. ●

# നല്ല നാളേയ്ക്കു വേണ്ടി

**മൈഥിലി എം.വി.**
വിദ്യാർത്ഥിനി, നിർമല എച്ച്.എസ്, തരിയോട്

കലാപരമായും കായികമായും എല്ലാത്തിലുമുപരി ബൗദ്ധികവുമായ വളർച്ചയെ വിലയിരുത്താൻ സാധിക്കുന്നു. ഇത്തരത്തിലുള്ള മൂല്യനിർണയത്തിന് പുതിയ രീതിയിലുള്ള മൂല്യനിർണയ ഉപാധികൾ വേണമെന്ന ആശയത്തിൽ നിന്നാകാം പ്രോജക്ടും അസൈൻമെൻറുകളുമെല്ലാം രൂപം കൊണ്ടത്. പഠനത്തിനുള്ള ഏറ്റവും ശാസ്ത്രീയമായ രീതിയായിത്തന്നെ പ്രോജക്ടുകളെ കണക്കാക്കാവുന്നതാണ്.

എന്നാൽ ഏതു നാണയത്തിനും രണ്ട് പുറമുള്ളതുപോലെ ഗ്രേഡിംഗിനും ഒരു പാട് കഷ്ടതകളുള്ള ഒരു മറുപുറമുണ്ട്. ഈ രീതിയുടെ ബാലാരിഷ്ടതകൾ ഏറ്റവും കൂടുതൽ അനുഭവിച്ചത് 2004-2005 വർഷത്തെ എസ്.എസ്.എൽ.സി. ബാച്ചിലുൾപ്പെടുന്ന ഞാനടക്കമുള്ള വിദ്യാർത്ഥികളാണ്.

മൂന്നാം ക്ലാസുമുതൽ ഗ്രേഡിംഗിന് വിധേയരായിരുന്നു ഞങ്ങൾ. പുതിയ പാഠ്യപദ്ധതിയുടെ ആദ്യഇരകൾ. ഡി.പി.ഇ.പി എന്ന സംരംഭത്തിലൂടെ മനപ്പാഠമാക്കൽ മറന്ന് ഓരോന്നിനെയും യുക്തിപൂർവം മനസ്സിലാക്കുകയായിരുന്നു ഞങ്ങൾ. എന്നാൽ എട്ടാം തരത്തിൽ പ്രവേശിക്കുമ്പോൾ പെട്ടെന്നുള്ള പാഠ്യമാറ്റം എങ്ങനെ ഉൾക്കൊള്ളണം എന്ന വൈമനസ്യവുമായി നിന്ന ഞങ്ങൾക്ക് എസ്.എസ്.എ. എന്ന മറ്റൊരു രൂപഭേദത്തെ നല്കി. പുതിയ പാഠഭാഗങ്ങളെ കുട്ടികളിലേക്ക് എത്തരത്തിൽ ഉൾക്കൊള്ളിക്കണം എന്ന് അധ്യാപകർ മനസ്സിലാക്കേണ്ടതുണ്ടായിരുന്നു.

ഗ്രേഡിംഗിന് പല ന്യൂനതകളും പല നേട്ടങ്ങളുമുണ്ട്. എന്നാൽ ന്യൂനതകളെ ഒരു പരിധിവരെയെങ്കിലും നിയന്ത്രിക്കാൻ ഓവർവർക്കുകൾ കുറയ്ക്കണം. ശാസ്ത്ര വിഷയങ്ങൾക്ക് ഒരു പ്രോജക്ട്, ഭാഷയ്ക്ക് ഒന്ന് എന്ന ക്രമത്തിലാക്കണം. കുട്ടികളെ സ്വതന്ത്രമായി ചെയ്യാൻ അനുവദിക്കണം. അതിൽ അമിതമായി അദ്ധ്യാപകർ ഇടപെടരുത്.

വിദ്യാഭ്യാസരീതിയുടെ ഗുണനിലവാരം ഉയർത്താൻ സഹായിക്കുന്ന ഗ്രേഡിംഗ് പോലുള്ള രീതികൾ തെറ്റുകുറ്റങ്ങളില്ലാതെ സത്യസന്ധമായി അവതരിപ്പിക്കുന്നത് നല്ലൊരു നാളെയെ സൃഷ്ടിക്കും ●

## ഗ്രേഡിംഗ് ഫലപ്രദം

ഫൈസൽ വി.എം.,
ചേർപ്പ് ഹൈസ്കൂൾ ലീഡർ

ക്ലാസ്മുറിയിലെ പുതിയ പഠനസമ്പ്രദായം വളരെ രസകരമാണെന്നും മന:പാഠത്തിന്റെ തലവേദന തീരെയില്ലെന്നും ചേർപ്പ് ഗവൺമെന്റ് ഹൈസ്കൂൾ ലീഡർ ഫൈസൽ വി.എം പറയുന്നു. വിദ്യാഭ്യാസവകുപ്പ് പുറത്തിറക്കിയ 'പടവുകൾ', 'SSLC Top Winners' എന്നിവ വളരെ മുമ്പേ, ഡിസംബറിലെങ്കിലും പുറത്തിറക്കി തങ്ങൾക്ക് ധൈര്യം നൽകേണ്ടതായിരുന്നുവെന്നും ഫൈസൽ പറയുന്നു. മാത്രവുമല്ല ചോദ്യപേപ്പറുകൾ വായിച്ചു മനസ്സിലാക്കാൻ കൂടുതൽ സമയമെടുക്കുന്നതുകൊണ്ട് ചില പരീക്ഷകൾക്കെങ്കിലും അരമണിക്കൂർ കൂടുതൽ നൽകേണ്ടത് ആവശ്യമാണെന്ന് മോഡൽ പരീക്ഷയുടെ അടിസ്ഥാനത്തിൽ ഫൈസലും സഹപാഠികളായ വി.വി. ഷിജോയും എ.ജി. അനിലും അഭിപ്രായപ്പെടുന്നതും ഗൗരവത്തോടെ എടുക്കേണ്ടതാണ് ●

## വിജയത്തിന് അധ്യാപകരുടെ ആത്മാർത്ഥത ആധാരം

പത്താംക്ലാസ്സിൽ ഈ വർഷം മുതൽ നടപ്പിലാക്കിയ ഗ്രേഡിംഗ് സമ്പ്രദായത്തെക്കുറിച്ചുളവായ ആശങ്കകൾ പരിഹരിക്കാൻ കുറേയെല്ലാം വിദ്യാഭ്യാസവകുപ്പിന് കഴിഞ്ഞിട്ടുണ്ട്. ഗ്രേഡിംഗ് സമ്പ്രദായത്തിന്റെ ആശാസ്യതയിൽ ആർക്കും എതിരഭിപ്രായമില്ലെങ്കിലും നടത്തിപ്പിന്റെ തലത്തിൽ ആശങ്കകൾ അനവധി ഉണ്ടായിരുന്നത് സമീപനാളുകളിലെ മാധ്യമങ്ങളുടെയും വിദ്യാഭ്യാസ പ്രവർത്തകരുടെയും ശ്രമഫലമായി കുറേയേറെ കുറയ്ക്കാനായിട്ടുണ്ട്.

30 വർഷത്തെ അധ്യാപന പരിചയമുള്ള, നാലു വർഷം പ്രധാന അധ്യാപികയായിരുന്ന ചേർപ്പ് ഗവ.വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ഹെഡ്മിസ്ട്രസ് എസ്. ശാരദയ്ക്ക് ഗ്രേഡിംഗിന്റെ ഗുണഫലങ്ങളിൽ സംശയമേയില്ല. തന്റെ ദീർഘകാല സർവീസ് ജീവിതത്തിൽ ആഗ്രഹിച്ചിരുന്ന മൂല്യനിർണയത്തിന്റെ സ്വപ്നസാക്ഷാത്കാരം സംഭവിക്കുന്നതായി ശാരദടീച്ചർ ഗ്രേഡിംഗ് സമ്പ്രദായത്തെ മുൻനിർത്തി പറയുന്നു. എന്നാൽ അധ്യാപകന്റെ ആത്മാർത്ഥത ഈ പുതിയ സമ്പ്രദായത്തിന്റെ വിജയത്തിന് ആധാരമാണെന്നും അവർ പറയുന്നു. ഭൂരിഭാഗം അധ്യാപകരും കൂടുതൽ സമയം ജോലി ചെയ്ത് ശനിയാഴ്ചകളിലും നാലുമണിക്കു ശേഷവും അത്യധ്വാനം ചെയ്ത് ഗ്രേഡിംഗ് സമ്പ്രദായത്തെ കുറ്റമറ്റതാക്കാൻ ശ്രമിക്കുമ്പോൾ ചില കള്ളനാണയങ്ങളും സൂത്രപ്പണികളോടെ കാലം കഴിക്കുന്നുവെന്ന് അനുഭവത്തിന്റെ വെളിച്ചത്തിൽ ടീച്ചർ പറയുന്നു ●

## അനുബന്ധ സൗകര്യങ്ങൾ വികസിപ്പിക്കണം

**മറിയം വി. സി.**
രക്ഷകർത്താവ്, ചെമ്മനാട്, കാസർഗോഡ്

ഗ്രേഡിംഗ് സമ്പ്രദായത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ അരക്കൊല്ല പരീക്ഷയും മോഡൽ പരീക്ഷയും മാർച്ചിൽ നടക്കാനിരിക്കുന്ന എസ്.എസ്.എൽ.സി പരീക്ഷയെ സംബന്ധിച്ച് കുട്ടികളിൽ നല്ല പ്രതീക്ഷയാണ് ഉളവാക്കിയിട്ടുള്ളത്.

കാണാപാഠം പഠിച്ച് പരീക്ഷ എഴുതി വരുന്ന സമ്പ്രദായം അവസാനിപ്പിച്ച് നിരന്തരമൂല്യനിർണയത്തിലൂടെ കുട്ടി ആർജിച്ച ശേഷികൾ വിലയിരുത്താനുള്ള ഉപാധിയായി പരീക്ഷയെ പരിവർത്തിപ്പിച്ചത് അധ്യയനരംഗത്ത് ഒരു പുതിയ കാൽവെപ്പ് തന്നെയാണ്. കുട്ടികളിൽ അന്വേഷണതൃഷ്ണയും ചിന്താശേഷിയും വർദ്ധിപ്പിക്കാൻ ഈ സമ്പ്രദായം ഉപകരിച്ചിട്ടുണ്ട് എന്നതിൽ തർക്കമില്ല.

പുതിയ സമ്പ്രദായത്തിന്റെ നന്മയോടൊപ്പം സാമ്പത്തിക ബാധ്യത പരമാവധി കുറച്ചു കൊണ്ടുള്ള രീതിയിൽ പ്രോജക്ട്, അസൈൻമെന്റ് തുടങ്ങിയവ തയ്യാറാക്കാൻ കുട്ടികളെയും, അത്തരത്തിലുള്ളതാണ് അഭികാമ്യമെന്ന് അധ്യാപകരെയും ബോധവത്കരിക്കേണ്ടതുണ്ട്.

പുതിയ സമ്പ്രദായമനുസരിച്ച് കുട്ടികൾക്ക് സ്വയം അറിയാനും കണ്ടെത്താനും കഴിയുന്ന വിധത്തിൽ സ്കൂൾലൈബ്രറികൾ മറ്റു അനുബന്ധ സൗകര്യങ്ങൾ എന്നിവ വികസിപ്പിച്ചെങ്കിൽ മാത്രമേ അനായാസം പഠനം എന്ന നിലയിലേക്ക് ഇത് ഉയരുകയുള്ളൂ.

വളരെ ആസൂത്രിതമായി നടപ്പിൽ വരുത്തിയ ഈ പദ്ധതി കൂടുതൽ ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിന് ഇനിയും രക്ഷിതാക്കളിലും സമൂഹത്തിലും കൂടുതൽ ബോധവത്കരണം ആവശ്യമാണ് ●

**കേരളത്തിൽ ആറു വയസ്സിനു താഴെയുള്ള കുട്ടികളുടെ എണ്ണമെടുത്താൽ പെൺകുട്ടികളെക്കാൾ വളരെ മുന്നിലാണ് ആൺകുട്ടികൾ. പെൺഭ്രൂണഹത്യയും പെൺകുട്ടികളോടുള്ള അവഗണനയുമാണ് ഇതിന് കാരണമെന്നാണ് വാദം. പക്ഷേ ജനസംഖ്യാ ശാസ്ത്രജ്ഞരുടെ പഠനങ്ങൾ ഈ വാദം തിരുത്തുന്നു.**



# കുട്ടികളിലെ ലിംഗാനുപാതം ചില സുദൃഢചിന്തകൾ

**ഡോ. ജി. കെ. മോളി**

സ്ത്രീപുരുഷാനുപാതം ഏറ്റവും ഉയർന്നു നിൽക്കുന്ന കേരളത്തിൽ ആറു വയസ്സിനു താഴെയുള്ള കുട്ടികളുടെ എണ്ണമെടുത്താൽ പെൺകുട്ടികളെക്കാൾ വളരെ മുന്നിലാണ് ആൺകുട്ടികളെന്നുള്ളത് സത്യം തന്നെയാണ്. പെൺഭ്രൂണഹത്യയും പെൺകുട്ടികളോടുള്ള സമൂഹത്തിന്റെ അവഗണനയും ഇതിനു കാരണങ്ങളായി കണ്ടെത്തുന്നത് പൂർണമായും ഉചിതമല്ല എന്നു തെളിയിക്കാൻ ശാസ്ത്രീയമായ ഒരു വിലയിരുത്തൽ ആവശ്യമായി വരുന്നു. വളരെ വർഷങ്ങൾക്കുമുമ്പു മുതലേ ജനനസമയത്തെ സ്ത്രീപുരുഷാനുപാതം നോക്കിയാൽ ആൺകുട്ടികൾ തന്നെയാണ് മുന്നിൽ നിന്നിരുന്നത്. എന്നാൽ ശിശുമരണനിരക്ക് വളരെ ഉയർന്നു നിൽക്കുകയും അതിൽ തന്നെ ആൺകുട്ടികൾ കൂടുതലായിരുന്നു എന്നുള്ളതും ആൺകുട്ടികളുടെ എണ്ണം കുറയാൻ കാരണമായിരുന്നു. അടുത്ത കാലത്തായി 10 വയസ്സിനു താഴെയുള്ളവരുടെയിടയിലും മരണനിരക്കു വളരെകുറഞ്ഞതു കാരണം ലിംഗാനുപാതത്തിൽ സാരമായ മാറ്റമുണ്ടായി. അതായത് മരണനിരക്കും ശിശുമരണനിരക്കും കൂടി നിന്നിരുന്ന പഴയ കാലഘട്ടത്തിൽ ജനിക്കുന്ന കുട്ടികളിൽ കൂടുതലും ആൺകുട്ടികളാണെങ്കിലും അഞ്ചു വയസ്സിനകം മരിക്കുന്നതും കൂടുതൽ ആൺകുട്ടികളായിരുന്നു. എന്നാലിന്ന് ശിശുമരണനിരക്ക് ഏറ്റവും കുറഞ്ഞ കേരളത്തിൽ ജനിക്കുന്ന കുട്ടികൾക്ക് പ്രായപൂർത്തിയാകുന്നതുവരെ അതിജീവിക്കാൻ വേണ്ടുന്ന സാഹചര്യങ്ങളും പരിചരണങ്ങളും ആധുനിക വൈദ്യശാസ്ത്രം ഒരുക്കിക്കൊടുക്കുന്നുവെന്നുള്ളതാണ് വാസ്തവം.

ശിശുമരണനിരക്ക് ആൺകുട്ടികളുടെയിടയിലാണ് കൂടുതലെന്നുള്ള യാഥാർത്ഥ്യത്തെ സന്തുലനം ചെയ്യാനായി പ്രകൃതി തന്നെ കണ്ടെത്തിയിരിക്കുന്ന ഒരു പ്രതിഭാസമായാണ് ബീജസങ്കലനസമയത്ത് ആൺകുട്ടികൾ കൂടുതലുണ്ടാകുന്നുവെന്നതിനെ ജീവശാസ്ത്രജ്ഞർ കാണുന്നത്. ബീജസങ്കലനസമയത്തെ ലിംഗനിർണയത്തെപ്പറ്റി ചെറിയൊരു വിശദീകരണം ഇവിടെ ആവശ്യമായി വരുന്നു. ഗർഭസ്ഥശിശു ആണോ പെണ്ണോ എന്ന് നിർണയിക്കുന്നത് വളരെ ലഘുവായ ഒരു ഘടകമാണ്. മനുഷ്യകോശത്തിലുള്ള 23 ജോഡി ക്രോമസോമുകളിൽ 22 ജോഡികളിലെയും ഘടകങ്ങൾ സദൃശങ്ങളാണ്. പുരുഷന്മാരിൽ 23-ാമത്തെ ജോഡിയിലെ രണ്ടുക്രോമസോമുകളും ഒരുപോലെയുള്ളവയല്ല. സെക്സ് ക്രോമസോമുകൾ (SC) എന്നറിയപ്പെടുന്ന ഈ ക്രോമസോമുകളാണ് ലിംഗനിർണയത്തിനാധാരം. സെക്സ് ക്രോമസോമുകളിൽ ഒന്ന് എക്സ് (X) ക്രോമസോം എന്നും മറ്റേത് വൈ (Y) ക്രോമസോം എന്നും അറിയപ്പെടുന്നു.

സ്ത്രീകളിൽ അവസാനത്തെ ജോഡി- ക്രോമസോമു(23-ാമത്തെ)കൾ സമാനങ്ങളാണ്. അതായത് രണ്ട് എക്സ് (X) ക്രോമസോമുകൾ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. ബീജാണ്ഡങ്ങളുടെ സംയോജനഫലമായിട്ടാണല്ലോ ഗർഭസ്ഥശിശു രൂപമെടുക്കുന്നത്. X ക്രോമസോം ഉൾക്കൊള്ളുന്ന പുരുഷബീജമാണ് അണ്ഡവുമായി സംയോജിക്കുന്നതെങ്കിൽ ജനിക്കുന്ന ശിശു 'XX' ക്രോമസോമുകളോടുകൂടിയ പെൺകുട്ടിയായിത്തീരുന്നു. മറിച്ച് 'Y' ക്രോമസോം ഉൾക്കൊള്ളുന്ന പുരുഷബീജത്തിനാണ് അണ്ഡവുമായി സംയോജിക്കുന്നതിനുള്ള ഭാഗ്യം ലഭിക്കുന്നതെങ്കിൽ ശിശു ആൺകുട്ടിയായിരിക്കും. 'Y' ക്രോമസോം ഉൾക്കൊള്ളുന്ന പുരുഷബീജത്തിന് ഭാരം കുറവായതിനാൽ വളരെ വേഗത്തിൽ സഞ്ചരിക്കാനുള്ള കഴിവുണ്ടെന്നും അതുകൊണ്ടുതന്നെ സ്ത്രീപുരുഷസംയോഗം നടക്കുന്ന സമയത്ത് ആൺകുട്ടികളാണ് കൂടുതലുണ്ടാകുന്നതെന്നും പഠനങ്ങളിലൂടെ തെളിഞ്ഞിട്ടുണ്ട്. കൂടാതെ ജീവശാസ്ത്രപരമായി നോക്കിയാൽ പെൺഭ്രൂണത്തിനാണ് ആൺഭ്രൂണത്തെക്കാൾ ബലഹീനത അതിജീവിക്കാൻ കഴിവുള്ളതായി ശാസ്ത്രജ്ഞർ ചൂണ്ടിക്കാണിച്ചിരിക്കുന്നത്. അതായത് ഭ്രൂണാവസ്ഥയിൽ ആണ് പെണ്ണിനെക്കാൾ ശക്തി കുറഞ്ഞതാണെന്നതു തന്നെ. അതുമൂലം അവ പൂർണ്ണവളർച്ചയെത്തി ജനിക്കുമെന്നുറപ്പില്ല എന്നു മാത്രമല്ല, ജനിച്ചാൽ തന്നെ ശൈശവത്തെ അതിജീവിച്ച് പ്രായപൂർത്തിയാകുന്നതും വളരെ കുറവായിരുന്നു. ഇതിനൊക്കെ മാറ്റം വന്നിരിക്കുന്നു.

1996-98 ലെ കണക്കുകളനുസരിച്ച് കേരളത്തിൽ 100 പെൺകുട്ടികൾക്ക് 107 ആൺകുട്ടികൾ ജനിച്ചിരുന്നതായാണ് പഠനങ്ങൾ കാണിക്കുന്നത്. അതേസമയം ശിശുമരണനിരക്ക് പെൺകുട്ടികളുടെയിടയിൽ കൂടിയിരിക്കുന്നതായും കാണുന്നു. വിശദമായി പറഞ്ഞാൽ, ആൺകുട്ടികളുടെ ജീവശാസ്ത്രപരമായ ബലഹീനതകളെ അതിജീവിക്കാൻ വൈദ്യശാസ്ത്രം പുരോഗമിച്ചതോടൊപ്പം മറ്റു കാരണങ്ങളാലുണ്ടാകുന്ന വളരെ കുറച്ചു മരണങ്ങളിൽ കൂടുതലും പെൺകുട്ടികളായി എന്നതാണ്. ഇതെല്ലാം ആറുവയസ്സിനു താഴെയുള്ളവരുടെയിടയിലെ ലിംഗാനുപാതത്തെ ബാധിക്കുന്ന ഘടകങ്ങളാണ്.

ഇന്ത്യയുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ കുട്ടികളുടെയിടയിലുള്ള (0-6) സ്ത്രീപുരുഷാനുപാതം വളരെ കൂടുതലാണെങ്കിലും 1981-ൽ 1000 ആൺകുട്ടികൾക്ക് 970 പെൺകുട്ടികളുണ്ടായിരുന്നുവെങ്കിൽ 2001 ആയപ്പോഴേക്കും അത് 1000 ത്തിന് 963 എന്നായി കുറഞ്ഞു. എന്നാൽ 1991 ലേതിനേക്കാൾ അല്പം കൂടുതലാണിത്. അതിനൊപ്പം തന്നെ ശ്രദ്ധേയമായ കാര്യം, ശിശുമരണനിരക്ക് 1981-ൽ 37 ആയിരുന്നത് 2001-ൽ വെറും 11 ആയി എന്നുള്ളതാണ്. കുട്ടികളുടെ ലിംഗാനുപാതം കുറയാൻ ഇത് തന്നെ മതിയായ കാരണമാണ്.

ജനസംഖ്യാശാസ്ത്രജ്ഞർ നടത്തിയ പഠനങ്ങളിലൂടെ തെളിഞ്ഞ മറ്റൊരു കാര്യം, തീരെ ചെറുപ്പക്കാരായ അമ്മമാർക്ക് കൂടുതലും ആൺകുട്ടികളും പ്രായമായ അമ്മമാർക്ക് കൂടുതലും പെൺകുട്ടികളും ഉണ്ടാകാനുള്ള സാധ്യത കൂടുതലാണെന്നതാണ്. വിവാഹപ്രായം വളരെ കൂടിയതോടൊപ്പം പ്രായം അധികം കടന്നുപോകുന്നതിന് മുമ്പ് വലിയ പ്രായവ്യത്യാസമില്ലാതെ ഒന്നോ രണ്ടോ കുട്ടികളിലൊതുക്കി പ്രസവം നിർത്തുന്നതാണ് പൊതുവെ കേരളത്തിലിപ്പോൾ കണ്ടുവരുന്ന രീതി. അതുകൊണ്ടുതന്നെ വളരെ പ്രായമുള്ള അമ്മമാരുടെ പ്രസവങ്ങളുടെ എണ്ണം വിരളമാണെന്നതും പെൺകുട്ടികളുടെ എണ്ണം കുറയാൻ കാരണമാകുന്നു. കൂടാതെ വളരെ കുറഞ്ഞൊരു ശതമാനം അമ്മമാരെങ്കിലും ഒരു കുട്ടി മതി, പ്രത്യേകിച്ചും ആദ്യത്തേത് പെൺകുട്ടിയാണെങ്കിൽ, എന്നു തീരുമാനിക്കുന്ന പ്രവണതയും കേരളത്തിൽ വളർന്നുവരുന്നുണ്ട്.

**ഇന്ത്യയിലെയും കേരളത്തിലെയും കുട്ടികളുടെ (0-6) ഇടയിലെ ലിംഗാനുപാതവും ശിശുമരണനിരക്കും (ഒരു വയസ്സിനു താഴെ)**

| | ലിംഗാനുപാതം | | ശിശുമരണനിരക്ക് | |
|---|---|---|---|---|
| വർഷം | കേരളം | ഇന്ത്യ | കേരളം | ഇന്ത്യ |
| 1961 | 972 | 976 | 66 | 114 |
| 1971 | 976 | 964 | 61 | 129 |
| 1981 | 970 | 962 | 37 | 110 |
| 1991 | 958 | 945 | 30 | 105 |
| 2001 | 963 | 927 | 11 | 66 |

ഇതിനെല്ലാമുപരിയായി എടുത്തുപറയേണ്ട മറ്റൊരു വസ്തുത, വന്ധ്യതാപരിചരണകേന്ദ്രങ്ങളുടെ പങ്കാണ്. മുൻകാലങ്ങളിൽ, വളർച്ച തുടങ്ങുന്ന കൂടുതൽ ആൺഭ്രൂണങ്ങൾക്കും വളർച്ച പൂർത്തിയാക്കാനാകാതെ ഗർഭപാത്രത്തിനുള്ളിൽ വച്ചു തന്നെ ജീവന്റെ തുടിപ്പ് നഷ്ടമാകുന്ന ഒരവസ്ഥയാണുണ്ടായിരുന്നത്. വന്ധ്യതാപരിചരണകേന്ദ്രങ്ങളുടെ എണ്ണം വളരെ കൂടിവരുന്ന കേരളത്തിൽ ആധുനിക ചികിത്സാരീതികളുടെയും മരുന്നുകളുടെയും പിൻബലത്തിൽ അലസിപ്പോകേണ്ട വലിയൊരു ഭാഗം ഗർഭങ്ങളും സംരക്ഷിക്കപ്പെടുന്നു. ഹോർമോൺ കുത്തിവെയ്ക്കുന്നവർ, ഡോക്ടറുടെ നിർദ്ദേശപ്രകാരം ഗർഭിണിയാണെന്നറിയുന്ന ദിവസം മുതൽ പ്രസവം വരെയും പൂർണമായ വിശ്രമത്തിലൂടെയും ആശുപത്രി കിടക്കയിലും കഴിയേണ്ടിവരുന്നവർ, അങ്ങനെ പലതരത്തിലാണ് ചികിത്സകൾ. എന്തൊക്കെയായാലും ഒരു സ്ത്രീ പൂർണയാകുന്നത് അവൾ അമ്മ ആയാൽ മാത്രമാണെന്നും, സ്ത്രീ അമ്മ ആകാനായി സൃഷ്ടിക്കപ്പെട്ടവളാണെന്നും ദാമ്പത്യത്തിന്റെ കെട്ടുറപ്പിന് ഒരു കുട്ടിയെങ്കിലും വേണമെന്നുമൊക്കെയുള്ള വിശ്വാസം നില നിൽക്കുന്ന നമ്മുടെ സമൂഹത്തിൽ ഈ പുതിയ രീതികളെ അഭിനന്ദിക്കുകയും അവ തരപ്പെടുത്തുന്നവരെ നന്ദിയോടെ സ്മരിക്കുകയും ചെയ്യുന്നതിന്റെയൊപ്പം ചിന്തിക്കേണ്ടുന്ന മറ്റൊരു കാര്യം, ഇങ്ങനെ ജനിക്കുന്ന കുട്ടികളുടെ ആരോഗ്യം എത്രത്തോളം മെച്ചപ്പെട്ടതായിരിക്കുമെന്നതാണ്. അതുകൊണ്ടുതന്നെ സ്ത്രീപുരുഷാനുപാതം കുട്ടികളിൽ കുറയുന്നത് സ്ത്രീഭ്രൂണഹത്യ നടക്കുന്നതുകൊണ്ടാണോ എന്നു മുറവിളി കൂട്ടുന്നതിനു മുമ്പേ, ജനിക്കുന്ന കുട്ടികൾ ആരോഗ്യമുള്ളവരാണോ, അല്ലെങ്കിൽ മറ്റുള്ളവർക്കൊപ്പം നിൽക്കാൻ എന്തു സഹായമാണവർക്കു ചെയ്യേണ്ടതെന്നാലോചിക്കുന്നതു നന്നായിരിക്കും.

അമ്മത്തൊട്ടിലിൽ ഉപേക്ഷിച്ച 37 കുട്ടികളിൽ 17 എണ്ണം ആൺകുട്ടികളാണെന്നതും ദത്തെടുക്കുന്നതിൽ കൂടുതലും പെൺകുട്ടികളാണെന്നതും പെൺകുട്ടികളോടുള്ള അവഗണന കേരളത്തിൽ കുറവാണെന്നതിനു തെളിവാണെന്നുള്ളതും കൂടി ഇവിടെ ഓർമ്മിക്കേണ്ടിയിരിക്കുന്നു.



# വാറ്റ് ശാസ്ത്രീയ നികുതിയുടെ പുതിയ തലങ്ങൾ

രവീന്ദ്രനാഥ് ഗൗരീശപട്ടം

ഡബ്ലിയു.എ.ലവിസ് പറഞ്ഞതിപ്രകാരമാണ് : ഇരുപതാം നൂറ്റാണ്ടിലെ അവികസിതരാജ്യങ്ങൾ ഒരേ സമയം രണ്ട ശ്വങ്ങളെ പായിക്കുവാൻ അഭിലഷിച്ചിരുന്നു; സാമ്പത്തിക സമത്വമാകുന്ന അശ്വവും സാമ്പത്തിക വികസനമാകുന്ന അശ്വവും. അപ്പോൾ സോവിയറ്റ് യൂണിയൻ പറഞ്ഞു ഈ രണ്ടു കുതിരകളും ഒന്നിച്ചു പോകില്ലെന്നും, അതിനാൽ ഏതെങ്കിലും ഒന്നിനെ ഉപേക്ഷിച്ച് യുക്തമായതിനെ തിരഞ്ഞെടുക്കണമെന്നും. ഇവയിൽ നിന്നും ഒരു പ്രധാന ആശയം ഉടലെടുത്തതെന്തെന്നാൽ ഈ രണ്ട് ലക്ഷ്യങ്ങളും നേടുവാൻ അവികസിത/വികസ്വര രാജ്യങ്ങളിലെ നികുതിഘടന ശരിയാക്കി നികുതിലഭ്യത ശരിയായ ദിശയിൽ കൊണ്ടുവരികയും പിരിച്ചെടുക്കുന്ന നികുതി നീതിയുക്തവും, യുക്തിസഹവുമായ രീതിയിൽ ഉപയുക്തമാക്കുകയും ചെയ്താൽ സാധ്യമാകുമെന്നാണ്. ആസൂത്രണപ്രക്രിയ തുടങ്ങിയ ആദ്യനാളുകളിൽ തന്നെ ആസൂത്രണപ്രക്രിയയിലൂന്നിയ വികസനത്തിന് ശക്തി പകരാനാവശ്യമായ ധനസമ്പാദന മാർഗങ്ങൾ ആരാഞ്ഞു കൊണ്ട് വിവിധ കമ്മിറ്റികളെ ഇന്ത്യയിലെ നികുതിഘടന ശക്തമാക്കുവാൻ നിയോഗിക്കുകയുണ്ടായി. അങ്ങനെ 1976 ജൂലൈ മാസത്തിലാണ് എൽ.കെ. ഝായെ ചെയർമാനാക്കി ഇന്ത്യയിലെ പരോക്ഷ നികുതിയെക്കുറിച്ചു പഠിച്ചു നിർദേശങ്ങൾ വയ്ക്കുന്നതിന് നിയോഗിച്ചത്. പ്രസ്തുത കമ്മിറ്റിയുടെ നിർദേശങ്ങളിൽ ഒന്നായിരുന്നു മൂല്യവർദ്ധിത നികുതി (Value Added Tax) ചില പ്രത്യേക ഉത്പാദന യൂണിറ്റുകളിലെങ്കിലും നടപ്പാക്കണമെന്നത്. എന്നാൽ 1986-ൽ മാത്രമാണ് മൂല്യവർദ്ധിത നികുതി (VAT)ഇന്ത്യയിൽ സജീവപരിഗണനക്ക് വന്നത്. അന്നു മുതൽ ഇതൊരു "മിറാക്കിൾ ടാക്സ്" എന്നെല്ലാപേരും സമ്മതിച്ചുവെങ്കിലും ഇതെപ്രകാരം വിജയത്തിലെത്തിക്കാമെന്ന ചിന്തയായി. മൂല്യവർദ്ധിത നികുതി ഏറ്റവും വിജയപ്രദമാകണമെങ്കിൽ നാലു പ്രധാന കാര്യങ്ങൾ ആവശ്യമാണെന്നുള്ളതാണ് നാം മനസ്സിലാക്കേണ്ടത്. അവ

- മൂല്യവർദ്ധിതനികുതി (VAT) എന്താണെന്നു ശരിയായി മനസ്സിലാക്കുക.
- ശരിയായ രീതിയിൽ രേഖകൾ സൂക്ഷിക്കുക.
- നികുതി പിരിച്ചെടുക്കുവാൻ ഇപ്പോഴുള്ള സ്ഥാപനങ്ങൾ യുക്തിസഹമായും സത്യസന്ധമായും പ്രവർത്തിക്കുക.
- അനുഗുണമായ നികുതിനിരക്കുകൾ കണ്ടെത്തുക.



**ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളുടെ പ്രത്യേകതകൾ ഉൾക്കൊണ്ട് രൂപംകൊണ്ട മഹത്തായ ആശയമാണ് സംസ്ഥാനതല മൂല്യവർദ്ധിത നികുതി ഘടന. പല നൂലാമാലകളിലും പെട്ടുഴലുന്ന ഇപ്പോഴത്തെ നികുതി സമ്പ്രദായത്തിൽ നിന്നുള്ള ആശ്വാസകരമായ കയറ്റമായിരിക്കും ഇത്.**

**മൂല്യവർദ്ധിതനികുതിയെന്നാലെന്ത്?**

ഒരു ഉത്പന്നത്തിന്റെയോ സേവനത്തിന്റെയോ ഉത്പാദനത്തിന്റെയും വിതരണത്തിന്റെയും വിവിധ ഘട്ടങ്ങളിലുണ്ടാകുന്ന മൂല്യവർദ്ധനയിൻമേൽ മാത്രം നൽകേണ്ട നികുതിയാണ് മൂല്യവർദ്ധിത നികുതി. ഒരു ഉത്പന്നം ഉപഭോക്താവിന് ലഭ്യമാകുന്നത് വിവിധഘട്ടങ്ങൾ കഴിഞ്ഞാണ്. ഓരോ ഘട്ടത്തിലും വിൽപനയിൻ മേൽ ഉത്പന്നത്തിന് ബാധകമായ നിരക്കിൽ മാത്രം നികുതി പിരിച്ചെടുക്കുകയും അപ്രകാരം പിരിച്ചെടുത്ത നികുതിയിൽ നിന്നും ഉത്പന്നം വാങ്ങുമ്പോൾ നൽകിയ നികുതി കിഴിച്ച് ബാക്കി മാത്രം സർക്കാരിലേയ്ക്കടയ്ക്കുകയും ചെയ്യുന്നു. ഓരോ ഘട്ടത്തിലും അടയ്ക്കുന്ന നികുതി അതതു ഘട്ടത്തിൽ വന്ന മൂല്യവർദ്ധനയിൻമേലുള്ള നികുതി മാത്രമാണ്.

മൂല്യവർദ്ധന = ഉത്പന്നത്തിന്റെ വിൽപന വില - ഇടയ്ക്കുള്ള വാങ്ങലുകളുടെ വില

(ie Value added = Sales - Purchases)

ഒരു ഉദാഹരണം കൊണ്ട് ഇത് വ്യക്തമാക്കാം. ഒരു കാർഫാക്ടറി കാറുണ്ടാക്കുക എന്ന ജോലി പൂർത്തീകരിക്കുമ്പോൾ ടയർ, ബാറ്ററി, ഗിയർ ബോക്സ്, വൈദ്യുത ഘടകങ്ങൾ എന്നിങ്ങനെ പല ഇൻപുട്ടുകളും മറ്റു സ്ഥാപനങ്ങളിൽ നിന്ന് വാങ്ങേണ്ടി വരുന്നു. വാങ്ങുമ്പോൾ ഈ ഇൻപുട്ടുകൾക്കെല്ലാം നികുതി നൽകേണ്ടതായും വരുന്നു. കാർ വിൽക്കുമ്പോൾ കാറിന് മൊത്തമായി വീണ്ടും നികുതി ചുമത്തുന്നു. അപ്രകാരം കാറിന് മൊത്തമായി ചുമത്തിയ നികുതിയിൽ നിന്ന് ഉത്പാദകൻ മറ്റു സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയ സാധനങ്ങൾക്ക് നൽകിയ നികുതി കിഴിവ് (Set off - Input tax Credit ) അനുവദിക്കുന്നതിനാൽ അതു കഴിച്ചുള്ള തുക സർക്കാരിലേക്ക് നൽകിയാൽ മതിയാകും. അതിനാൽ പ്രസ്രവണം (Cascading) ഒഴിവാകുന്നു. ഒരു നിർമാണശാലയെ സംബന്ധിച്ചിടത്തോളം ആ സ്ഥാപനത്തിൽ നിർമിച്ച ഉത്പന്നത്തിന്റെ വിറ്റ വിലയുടെയും പ്രസ്തുത ഉത്പന്നം നിർമിക്കാൻ വേണ്ടി വാങ്ങിയ നിവേശവസ്തുക്കളുടെ (Inputs) വിലയുടെയും വ്യത്യാസമാണ് മൂല്യവർദ്ധന എന്നത്. വില്പന കേന്ദ്രത്തെ സംബന്ധിച്ചിടത്തോളം വിറ്റ വിലയുടെയും വാങ്ങിയ വിലയുടെയും വ്യത്യാസമാണ് മൂല്യവർദ്ധന. രണ്ടായാലും മൂല്യവർദ്ധന എന്നത് ചെലവിന്റെയും ലാഭത്തിന്റെയും തുകയാണ്.

മൂല്യവർദ്ധിതനികുതിഘടനയുടെ തനതായ ആശയങ്ങൾക്ക് മാറ്റമുണ്ടാകാതെ എന്നാൽ ഇന്ത്യയിലെ വിവിധ സംസ്ഥാന

ങ്ങളുടെ പ്രത്യേകതകൾ ഉൾക്കൊണ്ടുകൊണ്ട് സംസ്ഥാന ധനകാര്യമന്ത്രിമാരുടെ പല ആവർത്തിയിലെ സത്യസന്ധവും സുതാര്യവുമായ ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞുവന്ന മഹത്തായ ആശയമാണ് സംസ്ഥാനതല മൂല്യവർദ്ധിത നികുതി ഘടന. അതാണ് ഇപ്പോൾ ധവളപത്രത്തിലൂടെ പ്രകാശനം ചെയ്യപ്പെട്ടിരിക്കുന്നത്. നികുതിക്കുമേൽനികുതി അഥവാ ഇരട്ടനികുതി, മറ്റ് അധിക നികുതിചുമത്തലുകൾ, കേന്ദ്രവിൽപന നികുതി എന്നിങ്ങനെ പല നൂലാമാലകളും നിലനിൽക്കുന്ന ഇപ്പോഴത്തെ നികുതി സമ്പ്രദായം വ്യാവസായിക മേഖലയ്ക്കും കച്ചവടക്കാർക്കും ജനങ്ങൾക്കും ബുദ്ധിമുട്ടുളവാക്കുമെന്നതിൽ രണ്ടഭിപ്രായമില്ല. അതിനാൽ ഇന്ത്യൻ നികുതി വ്യവസ്ഥ ശാസ്ത്രീയവത്കരിക്കേണ്ട സമയം എന്നേ അതിക്രമിച്ചു കഴിഞ്ഞു. മൂല്യവർദ്ധിത നികുതി ശരിയാംവണ്ണം നടപ്പിലാക്കിയാൽ നമ്മുടെ നികുതിഘടനലഘുവും സുതാര്യവുമാകുന്നതാണെന്നതിൽ തർക്കമില്ല. സംസ്ഥാനങ്ങൾ തമ്മിലുള്ള അനാരോഗ്യകരമായ തർക്കങ്ങളും മത്സരങ്ങളും ഒഴിവാക്കാനും മൂല്യവർദ്ധിത നികുതിയുടെ ശരിയായ നടത്തിപ്പിലൂടെ സാധ്യമാവുന്നതാണ്. തുടക്കത്തിൽ ചില വീഴ്ചകളൊക്കെയുണ്ടാകാൻ സാധ്യതയുണ്ടെങ്കിലും മൂല്യവർദ്ധിത നികുതിയെ സ്വാഗതം ചെയ്യാവുന്നതാണ്.

ഇന്ത്യൻ സംസ്ഥാനങ്ങളിൽ മൂല്യവർദ്ധിതനികുതി (VAT) നടപ്പാക്കുന്നത് 2005 ഏപ്രിൽ ഒന്ന് മുതലാണ്. മൂല്യവർദ്ധിത നികുതി ഈടാക്കാനുദ്ദേശിക്കുന്ന രീതിയാണ് Input Tax Credit Method. ഇതിൻപ്രകാരം ഓരോ ഘട്ടത്തിലും ഓരോ ചരക്കിനും ബാധകമായ നിരക്കിൽ നികുതി പിരിക്കുകയും അതിന് തൊട്ടുമുൻപുള്ള ഘട്ടത്തിൽ നൽകിയ നികുതി കിഴിച്ചു ബാക്കി മാത്രം സർക്കാരിലേക്ക് അടയ്ക്കുകയും ചെയ്യുന്നു. അങ്ങനെ ഇരട്ടനികുതി ഒഴിവായി പ്രസ്രവണം (Cascading) ഇല്ലാതാകുന്നു.

വളരെക്കുറച്ചു സാധനങ്ങളെ മാത്രം നികുതിയിൽ നിന്നൊഴിവാക്കുകയും ബാക്കിയുള്ളവയ്ക്ക് 1%, 4%, 12.5% എന്നീ നിരക്കുകളിൽ നികുതി ചുമത്തുകയും ചെയ്യുന്നു. ഏപ്രിൽ ഒന്ന് മുതൽ ഇന്ത്യൻ സംസ്ഥാനങ്ങളിൽ പ്രധാനമായും 4 ശതമാനം, 12.5 ശതമാനം എന്ന രണ്ടു നിരക്കുകളാണ് ഉണ്ടാകുന്നത്. (പട്ടിക കാണുക).

മൂല്യവർദ്ധിതനികുതിയുടെ പരിധിയിൽ 550 ഓളം ഉത്പന്നങ്ങൾ.

മൂല്യവർദ്ധിതനികുതിയിൽ നിരക്കുകളുടെ എണ്ണം രണ്ടെണ്ണം മാത്രമായതിനാൽ അഞ്ച്/റീഫണ്ട്/റിബേറ്റ് എന്നിവയുടെ കണക്കാക്കൽ എളുപ്പവും സുതാര്യവുമാകുന്നു. അതിനാൽ കണക്കുകൾ സൂക്ഷിക്കേണ്ടത് സൗകര്യപ്രദവും എന്നാൽ അനിവാര്യവുമാണ്. രജിസ്റ്റർ ചെയ്യാത്ത വ്യാപാരിയിൽ നിന്നോ "പ്രിസംപ്ടിവ് ടാക്സ്" നൽകുന്ന വ്യാപാരിയിൽ നിന്നോ വാങ്ങുമ്പോൾ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അനുവദനീയമല്ല.

നികുതിയിൻമേൽ നികുതി ചുമത്തുന്ന ഇപ്പോൾ നിലവിലുള്ള സമ്പ്രദായം അവ്യക്തതയ്ക്കും പ്രസ്രവണാനുബന്ധമായ (Cascading) പ്രശ്നങ്ങൾക്കും കാരണമാകുന്നതിനാൽ ഉത്പാദകർക്കും കച്ചവടക്കാർക്കും നഷ്ടമുണ്ടാകുന്നതാണ്. എന്നാൽ മൂല്യവർദ്ധിതനികുതി ഏർപ്പെടുത്തുന്നതോടു കൂടി പ്രസ്രവണം ഒഴിവാകുന്നതിനാൽ ഉത്പാദകർക്കും, ഇടനിലക്കച്ചവടക്കാർക്കും (Intermediary goods traders) മൊത്തക്കച്ചവടക്കാർക്കും ചില്ലറവില്പനക്കാർക്കുമെല്ലാം നികുതിയിൽ ചുമത്തുന്ന നികുതിക്ക് കിഴിവു ലഭിക്കുന്നതിനാൽ പ്രയോജനം ഉണ്ടാകുന്നതാണ്. മൂല്യവർദ്ധിതനികുതിഘടനയിൽ ബില്ലെഴുത്തും കണക്കുസൂക്ഷിപ്പും യോജിച്ച സമ്പ്രദായമാകയാൽ നികുതി വെട്ടിപ്പ് ഒഴി





## റിട്ടേൺ നൽകാൻ താലൂക്ക് തോറും സംവിധാനം ഏർപ്പെടുത്തും - ധനമന്ത്രി

മൂല്യവർദ്ധിതനികുതി (വാറ്റ്) നടപ്പാക്കുന്നതോടെ വ്യാപാരികൾക്കുണ്ടാകുന്ന അസൗകര്യങ്ങൾ പരിഹരിക്കാൻ സർക്കാർ എല്ലാ നടപടികളും സ്വീകരിക്കുമെന്ന് ധനമന്ത്രി വക്കം പുരുഷോത്തമൻ ഉറപ്പു നൽകി. ഇതിന്റെ ഭാഗമായി റിട്ടേൺ സമർപ്പിക്കുന്നതിന് എല്ലാ താലൂക്കിലും സംവിധാനം ഏർപ്പെടുത്തുമെന്ന് അദ്ദേഹം അറിയിച്ചു.

വ്യാപാരികളുടെ പ്രശ്നങ്ങളും പ്രയാസങ്ങളും ചർച്ച ചെയ്യുന്നതിന് വിളിച്ചുകൂട്ടിയ യോഗത്തിൽ സംസാരിക്കുകയായിരുന്നു ധനമന്ത്രി. വാറ്റിന്റെ പരിധിയിൽ വരുന്ന ചെറുകിട വ്യാപാരികളുടെ വിറ്റുവരവിന്റെ പരിധി രണ്ടു ലക്ഷത്തിൽ നിന്ന് അഞ്ചുലക്ഷം മുതൽ 50 ലക്ഷം വരെയാക്കി ഉയർത്തിയിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. ജനവികാരം മനസ്സിലാക്കി ചെറുകിട വ്യാപാരികളെ പരമാവധി സഹായിക്കാനാണ് സർക്കാർ ഇങ്ങനെ ചെയ്തത്. വ്യാപാരികൾക്ക് ഉദ്യോഗസ്ഥരിൽ നിന്നുണ്ടാവുന്ന ശല്യങ്ങൾ പരമാവധി ഇല്ലാതാക്കാൻ നടപടി സ്വീകരിക്കും. ഇക്കാര്യത്തിൽ വ്യാപാരികളെ ബോദ്ധ്യപ്പെടുത്തുന്നതിനായി യോഗങ്ങൾ വിളിച്ചു ചേർക്കും. സ്വർണ വ്യാപാരികൾ സത്യസന്ധമായി ബിൽ എഴുതിയാൽ അവർക്ക് ബുദ്ധിമുട്ടുണ്ടാവില്ലെന്ന് മന്ത്രി പറഞ്ഞു.

വാറ്റ് നടപ്പിലാക്കുമ്പോൾ ആരെങ്കിലും അധികം നികുതി നൽകേണ്ടിവരുന്നുണ്ടെങ്കിൽ അധികതുക മൂന്നു മാസത്തിനകം മടക്കി നൽകുമെന്ന് അദ്ദേഹം അറിയിച്ചു. വാറ്റ് മൂലം റബ്ബറിന്റെ വില കുറയുമെന്ന ഭയം കണക്കിലെടുത്ത് ഇക്കാര്യം സജീവമായി പരിഗണിക്കാമെന്ന് മന്ത്രി ഉറപ്പു നൽകി. അതുപോലെ ഉപയോഗിച്ച ഉത്പന്നങ്ങൾക്ക് വീണ്ടും നികുതി അടയ്ക്കേണ്ടിവരുന്ന പ്രശ്നവും പുനഃപരിശോധിക്കും.

സംസ്ഥാനത്ത് ഏപ്രിൽ ഒന്നു മുതൽ വാറ്റ് നടപ്പാക്കും. ഇതു സംബന്ധിച്ച പ്രായോഗിക ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാട്ടിയാൽ ചർച്ചചെയ്യാമെന്ന് വക്കം പറഞ്ഞു.

| | |
|---|---|
| അവശ്യസാധനങ്ങൾ, ഔഷധങ്ങൾ, കാർഷിക വ്യാവസായിക വളർച്ചക്കാവശ്യമായ നിവേശ വസ്തുക്കൾ തുടങ്ങി 270 സാധനങ്ങൾ | 4% |
| സ്വർണ്ണം, വെള്ളി എന്നിവ കൊണ്ടുണ്ടാക്കിയ ആഭരണങ്ങൾക്കും മറ്റും | 1% |
| വാറ്റിന്റെ പരിധിയിലുള്ള മറ്റു സാധനങ്ങൾക്ക് | 12.5% |
| മദ്യം, ലോട്ടറി ടിക്കറ്റ്, പെട്രോൾ, ഡീസൽ, ഏവിയേഷൻ ഫ്യുവൽസ്, മറ്റു മോട്ടോർ സ്പിരിറ്റ്സ് | വാറ്റിന്റെ പരിധിക്കുവെളിയിൽ (നിലവിലുള്ള നിരക്ക് തുടരും) |
| പ്രതിവർഷം അഞ്ചുലക്ഷം രൂപ വരെ വിറ്റുവരവുള്ള കച്ചവടക്കാരെ മൂല്യവർദ്ധിതനികുതിഘടന പ്രകാരമുള്ള ലെവിയിൽനിന്ന് ഒഴിവാക്കും | ഒഴിവാക്കുന്നു |
| നികുതി ഒഴിവായ പട്ടികയിൽ | 46 സാധനങ്ങൾ |
| അഞ്ചുലക്ഷത്തിൽ കൂടുതൽ വിറ്റുവരവെങ്കിൽ | രജിസ്ട്രേഷൻ നിർബന്ധം |

വാകുന്നതിലൂടെ അധിക നികുതി ചുമത്താതെ തന്നെ സർക്കാരിന് കാര്യക്ഷമമായി നികുതി പിരിച്ചെടുക്കാൻ കഴിയുന്നു.

ഒരു ഉത്പന്നത്തിന്റെ ഉത്പാദനത്തിന്റെ ഓരോ ഘട്ടത്തിലും നൽകുന്ന നികുതിക്ക് അടുത്ത ഘട്ടത്തിൽ കിഴിവ് അനുവദിക്കുന്നതുകൊണ്ട് അന്തർ സംസ്ഥാന വില്പനയ്ക്കായി കേരളത്തിലേക്ക് വരുന്ന ചരക്കുകൾക്ക് ഉത്ഭവസ്ഥാനങ്ങളിൽ നൽകിയ നികുതി ആ സംസ്ഥാനങ്ങളിൽ തന്നെ മടക്കി നൽകുന്നതു മൂലം ഉത്പന്നങ്ങളുടെ വിലയിൽ കുറവ് വരാൻ വഴിയൊരുങ്ങും. നികുതിഭാരം കുറയുമ്പോഴുണ്ടാകുന്ന മിച്ചം ഉത്പന്നവിലയിൽ പ്രതിഫലിക്കുമെന്നതിനാലാണ് ഇത് സംഭവിക്കുന്നത്.


രജിസ്റ്റർ ചെയ്തിട്ടുള്ള വ്യാപാരികൾ വാറ്റ് നിയമത്തിൻ കീഴിൽ രജിസ്റ്റർ ചെയ്യുമ്പോൾ അധികബാധ്യതയുണ്ടാകില്ല. മൂല്യവർദ്ധിതനികുതി നടപ്പാക്കുന്നത് 2005 ഏപ്രിൽ മുതലാണല്ലോ? അതിനാൽ വ്യാപാരിയുടെ കൈവശമുള്ള സ്റ്റോക്കിന്റെ കണക്ക് കൃത്യമായി സൂക്ഷിച്ചിരുന്നാൽ പുതിയ നിയമത്തിലേക്ക് മാറുന്ന തീയതിക്ക് തൊട്ടു മുൻപുള്ള മാസങ്ങളിൽ വാങ്ങിയ ബില്ലിന്റെ അടിസ്ഥാനത്തിൽ ബില്ലിൽ കാണിച്ചിട്ടുള്ള വിലയുടെ നിശ്ചിത ശതമാനത്തിൽ കിഴിവ് അനുവദനീയമാണ്. പുതിയ നിയമത്തിലേക്ക് മാറുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ വ്യാപാരികൾക്ക് സർക്കാർ വേണ്ടിവരുന്ന നിർദേശങ്ങളും സഹായങ്ങളും പരിശീലനങ്ങളും നൽകാൻ വേണ്ട നടപടികളും സ്വീകരിച്ചു കഴിഞ്ഞു. വാറ്റിന്റെ എംപവേർഡ് കമ്മിറ്റി ഇപ്പോൾ തന്നെ ഒരു കൺസൾട്ടേറ്റീവ് കമ്മിറ്റി രൂപീകരിച്ച് വ്യാപാരസംഘടനകളുമായും ചേംബർ ഓഫ് കോമേഴ്സും വ്യാവസായികളുമൊക്കെയുമായും സംഭാഷണം നടത്തി വരികയാണ്. സംസ്ഥാന തലത്തിൽ തന്നെ ഇത്തരം കമ്മിറ്റികൾ രൂപപ്പെടുത്തി വ്യാപാരമേഖലയുടെ സർവ്വതോന്മുഖമായ വികസനത്തിന് വഴിതെളിക്കുന്നതാണ്.



ഒരു ഉത്പന്നത്തിന്റെ വിലയിൽ ഉത്പാദനച്ചെലവ്, ലാഭം, നികുതി എന്നിവ ഉൾപ്പെടുമല്ലോ. പ്രസ്രവണം (Cascading) ഒഴിവാകുകുയും വ്യാപാരശൃംഖലക്ക് കിഴിവ് ലഭിക്കുമ്പോൾ ഉണ്ടാകുന്ന ഉണർവ്, കാലക്രമത്തിൽ കാർഷിക വ്യാവസായിക സർവീസ് മേഖലകളിൽ അധിക മൂലധന നിക്ഷേപത്തിനുള്ള അഭിവാഞ്ഛ (Inducement to additional investment) ജനിപ്പിക്കുന്നു. ഇത് ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും വിലകുറച്ച് സാധനങ്ങൾ ഉപഭോക്താവിന് ലഭ്യമാക്കാനും സാധ്യമാക്കുന്നു. ഇത് ജീവിതനിലവാരം ഉയരുവാൻ ഇടയാക്കുമെന്നും പ്രതീക്ഷിക്കാം. കാർഷിക, വ്യാവസായിക സേവനമേഖലകളിലെ അധികമൂലധന നിക്ഷേപ ഇച്ഛ (Inducement to invest) സമ്പദ് വ്യവസ്ഥയുടെ സർവോതോന്മുഖമായ വളർച്ചയ്ക്ക് കാരണമാകുന്നതാണ്.

**സംസ്ഥാനങ്ങൾ തമ്മിലുള്ള അനാരോഗ്യകരമായ തർക്കങ്ങളും മത്സരങ്ങളും ഒഴിവാക്കാനും മൂല്യവർദ്ധിത നികുതിയുടെ ശരിയായ നടത്തിപ്പിലൂടെ സാധ്യമാവുന്നതാണ്. തുടക്കത്തിൽ ചില വീഴ്ചകളൊക്കെയുണ്ടാകാൻ സാധ്യതയുണ്ടെങ്കിലും മൂല്യവർദ്ധിത നികുതിയെ സ്വാഗതം ചെയ്യാവുന്നതാണ്.**

ഇനി കള്ളന്മാർക്ക് കാര്യങ്ങൾ എളുപ്പമാണ്. പഴയതു പോലെ കത്തിയും കഠാരിയുമൊന്നും കൂടെ കൊണ്ടു നടക്കേണ്ടതില്ല. പകരം ചെറിയ ഒരു സ്കാനർ മാത്രം കയ്യിൽ കരുതിയാൽ മതി. ഇതുപയോഗിച്ച് മററുള്ളവരുടെ ക്രെഡിററ് കാർഡ് നമ്പർ മനസ്സിലാക്കി പണം എളുപ്പത്തിൽ അടിച്ചുമാററാം. മനുഷ്യശരീരത്തിൽ ഇലക്ട്രോണിക് ചിപ്പുകൾ വെച്ചു പിടിപ്പിക്കാൻ അമേരിക്കൻ ഭരണകൂടം അനുമതി നൽകിയതാണ് ഇത്തരമൊരു സാഹചര്യത്തിന് നിമിത്തമായിരിക്കുന്നത്. ഇത് വളരെ പെട്ടെന്ന് നടക്കുന്ന സംഗതിയൊന്നുമല്ല. പക്ഷെ ഭാവിയിൽ ഇത്തരം അടിച്ചു മാററലുകൾ ഒരു സംഭവമേ അല്ലാതായിത്തീരും.



മനുഷ്യരിൽ ചിപ്പ് ഘടിപ്പിക്കുന്നത് ഒരു പുതുമയുള്ള കാര്യമൊന്നുമല്ല. വിവിധ ആവശ്യങ്ങൾക്കായി നിരവധി പേർ ചിപ്പ് ഘടിപ്പിച്ചിട്ടുണ്ട്. ലണ്ടനിലെ പ്രൊഫ. കെവിൻ വാർവിക് അത്തരത്തിലൊരാളാണ്. അദ്ദേഹത്തിന്റെ കയ്യിൽ സ്ഥാപിച്ചിരിക്കുന്ന സിലിക്കൺ ചിപ്പ് മുറിയിലുള്ള കംപ്യൂട്ടറുമായി റേഡിയോ തരംഗങ്ങൾ വഴി ബന്ധപ്പെട്ട് അദ്ദേഹം വരുമ്പോൾ ലൈററിടുക, പോകുമ്പോൾ ഓഫാക്കുക തുടങ്ങിയ കൃത്യങ്ങൾ ചെയ്യും. മാത്രമല്ല അദ്ദേഹത്തെ സ്വീകരിക്കുന്ന ഒരു സന്ദേശം കംപ്യൂട്ടറിൽ പ്രദർശിപ്പിക്കുകയും ചെയ്യും. ഭാവിയിൽ ആശയവിനിമയം പരസ്പരമുള്ള ഒരു ഷേക്ക് ഹാന്റിൽ ഒതുങ്ങും. അപ്പോഴേക്കും ആവശ്യമായ കാര്യങ്ങൾ ഒരാൾ ചിപ്പ് വഴി മറെറാരാൾക്ക് നൽകിക്കഴിഞ്ഞിരിക്കും.

ചികിത്സാരംഗത്തെ ആവശ്യങ്ങൾക്ക് ഇലക്ട്രോണിക് മൈക്രോചിപ്പുകൾ ശരീരത്തിൽ പിടിപ്പിക്കാനാണ് യുണൈററഡ് സ്റേറററ്സ് ഫുഡ് ആന്റ് ഡ്രഗ് അഡ്മിനിസ്ട്രേഷൻ അനുമതി നൽകിയിരിക്കുന്നത്. മനുഷ്യന്റെ ആരോഗ്യനിലയെ കുറിച്ചുള്ള വിവരങ്ങൾ സൂക്ഷിക്കുവാൻ കഴിവുള്ള വെരിചിപ്പ് കമ്പനിയുടെ മൈക്രോചിപ്പ് മനുഷ്യരുടെ കയ്യിലാണ് ഇംപ്ലാന്റ് ചെയ്യുക. പത്ത് മിനിട്ടിനുള്ളിൽ ഒരു ഡോക്ടർക്ക് ഇത്തരത്തിലുള്ള ചിപ്പ് ഒരാളിൽ നിക്ഷേപിക്കാം. ചിപ്പ് നൽകുന്ന വിവരങ്ങൾ വഴി അടിയന്തര സാഹചര്യങ്ങളിൽ രോഗിയുടെ ജീവൻ വരെ രക്ഷിക്കാനാവുമെന്നാണ് ചിപ്പ് നിർമ്മാതാക്കളുടെ അവകാശവാദം. വഹിക്കുന്നയാളുടെ രോഗങ്ങൾ, ചികിത്സ, രക്തഗ്രൂപ്പ്, അലർജിയുള്ള വസ്തുക്കൾ എന്നിവ ചിപ്പിൽ നിന്ന് മന

| | |
|---|---|
| അവശ്യസാധനങ്ങൾ, ഔഷധങ്ങൾ, കാർഷിക വ്യാവസായിക വളർച്ചക്കാവശ്യമായ നിവേശ വസ്തുക്കൾ തുടങ്ങി 270 സാധനങ്ങൾ | 4% |
| സ്വർണ്ണം, വെള്ളി എന്നിവ കൊണ്ടുണ്ടാക്കിയ ആഭരണങ്ങൾക്കും മറ്റും | 1% |
| വാറ്റിന്റെ പരിധിയിലുള്ള മറ്റു സാധനങ്ങൾക്ക് | 12.5% |
| മദ്യം, ലോട്ടറി ടിക്കറ്റ്, പെട്രോൾ, ഡീസൽ, ഏവിയേഷൻ ഫ്യൂവൽസ്, മറ്റു മോട്ടോർ സ്പിരിറ്റ്സ് | വാറ്റിന്റെ പരിധിക്കുവെളിയിൽ (നിലവിലുള്ള നിരക്ക് തുടരും) |
| പ്രതിവർഷം അഞ്ചുലക്ഷം രൂപ വരെ വിറ്റുവരവുള്ള കച്ചവടക്കാരെ മൂല്യവർദ്ധിതനികുതിഘടന പ്രകാരമുള്ള ലെവിയിൽനിന്ന് ഒഴിവാക്കും | ഒഴിവാക്കുന്നു |
| നികുതി ഒഴിവായ പട്ടികയിൽ | 46 സാധനങ്ങൾ |
| അഞ്ചുലക്ഷത്തിൽ കൂടുതൽ വിറ്റുവരവെങ്കിൽ | രജിസ്ട്രേഷൻ നിർബന്ധം |

വാകുന്നതിലൂടെ അധിക നികുതി ചുമത്താതെ തന്നെ സർക്കാരിന് കാര്യക്ഷമമായി നികുതി പിരിച്ചെടുക്കാൻ കഴിയുന്നു.

ഒരു ഉത്പന്നത്തിന്റെ ഉത്പാദനത്തിന്റെ ഓരോ ഘട്ടത്തിലും നൽകുന്ന നികുതിക്ക് അടുത്തഘട്ടത്തിൽ കിഴിവ് അനുവദിക്കുന്നതുകൊണ്ട് അന്തർ സംസ്ഥാന വില്പനയ്ക്കായി കേരളത്തിലേക്ക് വരുന്ന ചരക്കുകൾക്ക് ഉത്ഭവസ്ഥാനങ്ങളിൽ നൽകിയ നികുതി ആ സംസ്ഥാനങ്ങളിൽ തന്നെ മടക്കി നൽകുന്നതു മൂലം ഉത്പന്നങ്ങളുടെ വിലയിൽ കുറവ് വരാൻ വഴിയൊരുങ്ങും. നികുതിഭാരം കുറയുമ്പോഴുണ്ടാകുന്ന മിച്ചം ഉത്പന്നവിലയിൽ പ്രതിഫലിക്കുമെന്നതിനാലാണ് ഇത് സംഭവിക്കുന്നത്.


**സംസ്ഥാനങ്ങൾ തമ്മിലുള്ള അനാരോഗ്യകരമായ തർക്കങ്ങളും മത്സരങ്ങളും ഒഴിവാക്കാനും മൂല്യവർദ്ധിത നികുതിയുടെ ശരിയായ നടത്തിപ്പിലൂടെ സാധ്യമാവുന്നതാണ്. തുടക്കത്തിൽ ചില വീഴ്ചകളൊക്കെയുണ്ടാകാൻ സാധ്യതയുണ്ടെങ്കിലും മൂല്യവർദ്ധിത നികുതിയെ സ്വാഗതം ചെയ്യാവുന്നതാണ്.**



രജിസ്റ്റർ ചെയ്തിട്ടുള്ള വ്യാപാരികൾ വാറ്റ് നിയമത്തിൻ കീഴിൽ രജിസ്റ്റർ ചെയ്യുമ്പോൾ അധികബാധ്യതയുണ്ടാകില്ല. മൂല്യവർദ്ധിതനികുതി നടപ്പാക്കുന്നത് 2005 ഏപ്രിൽ മുതലാണല്ലോ? അതിനാൽ വ്യാപാരിയുടെ കൈവശമുള്ള സ്റ്റോക്കിന്റെ കണക്ക് കൃത്യമായി സൂക്ഷിച്ചിരുന്നാൽ പുതിയ നിയമത്തിലേക്ക് മാറുന്ന തീയതിക്ക് തൊട്ടു മുൻപുള്ള മാസങ്ങളിൽ വാങ്ങിയ ബില്ലിന്റെ അടിസ്ഥാനത്തിൽ ബില്ലിൽ കാണിച്ചിട്ടുള്ള വിലയുടെ നിശ്ചിത ശതമാനത്തിൽ കിഴിവ് അനുവദനീയമാണ്. പുതിയ നിയമത്തിലേക്ക് മാറുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ വ്യാപാരികൾക്ക് സർക്കാർ വേണ്ടിവരുന്ന നിർദ്ദേശങ്ങളും സഹായങ്ങളും പരിശീലനങ്ങളും നൽകാൻ വേണ്ട നടപടികളും സ്വീകരിച്ചു കഴിഞ്ഞു. വാറ്റിന്റെ എംപവേർഡ് കമ്മിറ്റി ഇപ്പോൾ തന്നെ ഒരു കൺസൾട്ടേറ്റീവ് കമ്മിറ്റി രൂപീകരിച്ച് വ്യാപാരസംഘടനകളുമായും ചേംബർ ഓഫ് കോമേഴ്സും വ്യാവസായികളുമൊക്കെയുമായും സംഭാഷണം നടത്തി വരികയാണ്. സംസ്ഥാന തലത്തിൽ തന്നെ ഇത്തരം കമ്മിറ്റികൾ രൂപപ്പെടുത്തി വ്യാപാരമേഖലയുടെ സർവ്വതോന്മുഖമായ വികസനത്തിന് വഴിതെളിക്കുന്നതാണ്.

ഒരു ഉത്പന്നത്തിന്റെ വിലയിൽ ഉത്പാദനച്ചെലവ്, ലാഭം, നികുതി എന്നിവ ഉൾപ്പെടുമല്ലോ. പ്രസ്രവണം (Cascading) ഒഴിവാകുകുയും വ്യാപാരശൃംഖലക്ക് കിഴിവ് ലഭിക്കുമ്പോൾ ഉണ്ടാകുന്ന ഉണർവ്, കാലക്രമത്തിൽ കാർഷിക വ്യാവസായിക സർവീസ് മേഖലകളിൽ അധിക മൂലധന നിക്ഷേപത്തിനുള്ള അഭിവാഞ്ഛ (Inducement to additional investment) ജനിപ്പിക്കുന്നു. ഇത് ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും വിലകുറച്ച് സാധനങ്ങൾ ഉപഭോക്താവിന് ലഭ്യമാക്കാനും സാധ്യമാക്കുന്നു. ഇത് ജീവിതനിലവാരം ഉയരുവാൻ ഇടയാക്കുമെന്നും പ്രതീക്ഷിക്കാം. കാർഷിക, വ്യാവസായിക സേവനമേഖലകളിലെ അധികമൂലധന നിക്ഷേപ ഇച്ഛ (Inducement to invest) സമ്പദ് വ്യവസ്ഥയുടെ സർവോതോന്മുഖമായ വളർച്ചയ്ക്ക് കാരണമാകുന്നതാണ്.

ഇനി കള്ളൻമാർക്ക് കാര്യങ്ങൾ എളുപ്പമാണ്. പഴയതു പോലെ കത്തിയും കഠാരിയുമൊന്നും കൂടെ കൊണ്ടു നടക്കേണ്ടതില്ല. പകരം ചെറിയ ഒരു സ്കാനർ മാത്രം കയ്യിൽ കരുതിയാൽ മതി. ഇതുപയോഗിച്ച് മററുള്ളവരുടെ ക്രെഡിററ് കാർഡ് നമ്പർ മനസ്സിലാക്കി പണം എളുപ്പത്തിൽ അടിച്ചുമാററാം. മനുഷ്യശരീരത്തിൽ ഇലക്ട്രോണിക് ചിപ്പുകൾ വെച്ചു പിടിപ്പിക്കാൻ അമേരിക്കൻ ഭരണകൂടം അനുമതി നൽകിയതാണ് ഇത്തരമൊരു സാഹചര്യത്തിന് നിമിത്തമായിരിക്കുന്നത്. ഇത് വളരെ പെട്ടെന്ന് നടക്കുന്ന സംഗതിയൊന്നുമല്ല. പക്ഷെ ഭാവിയിൽ ഇത്തരം അടിച്ചുമാററലുകൾ ഒരു സംഭവമേ അല്ലാതായിത്തീരും.




മനുഷ്യരിൽ ചിപ്പ് ഘടിപ്പിക്കുന്നത് ഒരു പുതുമയുള്ള കാര്യമൊന്നുമല്ല. വിവിധ ആവശ്യങ്ങൾക്കായി നിരവധി പേർ ചിപ്പ് ഘടിപ്പിച്ചിട്ടുണ്ട്. ലണ്ടനിലെ പ്രൊഫ. കെവിൻ വാർവിക് അത്തരത്തിലൊരാളാണ്. അദ്ദേഹത്തിന്റെ കയ്യിൽ സ്ഥാപിച്ചിരിക്കുന്ന സിലിക്കൺ ചിപ്പ് മുറിയിലുള്ള കംപ്യൂട്ടറുമായി റേഡിയോ തരംഗങ്ങൾ വഴി ബന്ധപ്പെട്ട് അദ്ദേഹം വരുമ്പോൾ ലൈററിടുക, പോകുമ്പോൾ ഓഫാക്കുക തുടങ്ങിയ കൃത്യങ്ങൾ ചെയ്യും. മാത്രമല്ല അദ്ദേഹത്തെ സ്വീകരിക്കുന്ന ഒരു സന്ദേശം കംപ്യൂട്ടറിൽ പ്രദർശിപ്പിക്കുകയും ചെയ്യും. ഭാവിയിൽ ആശയവിനിമയം പരസ്പരമുള്ള ഒരു ഷേക്ക് ഹാന്റിൽ ഒതുങ്ങും. അപ്പോഴേക്കും ആവശ്യമായ കാര്യങ്ങൾ ഒരാൾ ചിപ്പ് വഴി മറെറാരാൾക്ക് നൽകിക്കഴിഞ്ഞിരിക്കും.

ചികിത്സാരംഗത്തെ ആവശ്യങ്ങൾക്ക് ഇലക്ട്രോണിക് മൈക്രോചിപ്പുകൾ ശരീരത്തിൽ പിടിപ്പിക്കാനാണ് യുണൈററഡ് സ്റേററ്സ് ഫുഡ് ആന്റ് ഡ്രഗ് അഡ്മിനിസ്ട്രേഷൻ അനുമതി നൽകിയിരിക്കുന്നത്. മനുഷ്യന്റെ ആരോഗ്യനിലയെ കുറിച്ചുള്ള വിവരങ്ങൾ സൂക്ഷിക്കുവാൻ കഴിവുള്ള വെരിചിപ്പ് കമ്പനിയുടെ മൈക്രോചിപ്പ് മനുഷ്യരുടെ കയ്യിലാണ് ഇംപ്ലാന്റ് ചെയ്യുക. പത്ത് മിനിട്ടിനുള്ളിൽ ഒരു ഡോക്ടർക്ക് ഇത്തരത്തിലുള്ള ചിപ്പ് ഒരാളിൽ നിക്ഷേപിക്കാം. ചിപ്പ് നൽകുന്ന വിവരങ്ങൾ വഴി അടിയന്തര സാഹചര്യങ്ങളിൽ രോഗിയുടെ ജീവൻ വരെ രക്ഷിക്കാനാവുമെന്നാണ് ചിപ്പ് നിർമ്മാതാക്കളുടെ അവകാശവാദം. വഹിക്കുന്നയാളുടെ രോഗങ്ങൾ, ചികിത്സ, രക്തഗ്രൂപ്പ്, അലർജിയുള്ള വസ്തുക്കൾ എന്നിവ ചിപ്പിൽ നിന്ന് മന

# മനുഷ്യശരീരം കയ്യടക്കാൻ ചിപ്പുകൾ വരുന്നു...

ടി.വി.സിജു

**അമേരിക്കൻ ഭരണകൂടം ചികിത്സാ രംഗത്തെ ആവശ്യങ്ങൾക്കായി മനുഷ്യശരീരത്തിൽ ചിപ്പുകൾ ഘടിപ്പിക്കാനുള്ള അനുമതി നല്കിക്കഴിഞ്ഞു. ക്രമേണ ചിപ്പുകളുടെ സഹായത്തോടെ വ്യക്തികളുടെ സ്വകാര്യതകളുടെ മറ നീക്കാനും ബുദ്ധിവൈഭവങ്ങൾ നിയന്ത്രിക്കാനും കഴിയുന്ന കാലവും സംജാതമാകുമോ ?**



സ്സിലാക്കാമത്രെ. കയ്യിലെ ചിപ്പിന് മുകളിലൂടെ ഒരു പ്രത്യേകതരത്തിലുള്ള സ്കാനർ കൊണ്ടുവന്നാൽ ഇവരെ സംബന്ധിച്ചുള്ള വിവരങ്ങളെല്ലാം അതുമായി ബന്ധപ്പെട്ട കംപ്യൂട്ടർ ഒപ്പിയെടുത്ത് മെഡിക്കൽ ഡാററാ ബേസിൽ ശേഖരിക്കും.

ഒരു വ്യക്തിയെ കുറിച്ച് പൂർണ്ണവിവരങ്ങൾ ചിപ്പ് നൽകുന്നതിനാൽ പിന്നീട് പാസ്പോർട്ട്, ഐഡന്റിററി കാർഡ്, ക്രെഡിററ് കാർഡ് എന്നിവയൊന്നും ഭാവിയിൽ കൊണ്ടുനടക്കേണ്ട ആവശ്യമില്ല. മാത്രമല്ല ഒരാളെ കാണാതാവുകയോ തട്ടിക്കൊണ്ടുപോവുകയോ ചെയ്താൽ ചിപ്പ് മുഖേന കണ്ടുപിടിക്കുകയും ചെയ്യാം. സംശയരോഗമുള്ളവർക്ക് മററുള്ളവരുടെ യാത്രാപഥത്തെകുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാനും ഈ ചിപ്പ് ഉപയോഗപ്പെടുത്താനാവുമോ എന്നാണ് ചില കുബുദ്ധികളുടെ നോട്ടം.

ഓർമശക്തി വർദ്ധിപ്പിക്കാൻ കംപ്യൂട്ടർ ചിപ്പുകൾക്ക് കഴിയുമെന്ന കാര്യം നമുക്ക് ചിന്തിക്കാനാകുമായിരുന്നില്ല. എന്നാൽ ഇത്തരത്തിലുള്ള കംപ്യൂട്ടർ ചിപ്പുകൾ വിപണിയിൽ സുലഭമായി ലഭിക്കുന്ന കാലം വിദൂരമല്ല. മനുഷ്യശരീരത്തിനുള്ളിൽ നിശ്ചിത സ്ഥാനങ്ങളിൽ തിരുകികയറ്റുന്ന ഇത്തരം ചിപ്പുകൾക്ക് സൗൾ കാച്ചർ (Soul Catcher) എന്നാണ് പേര് നൽകിയിരിക്കുന്നത്. വിവിധ ശക്തിയുള്ള മരുന്നുകൾ ലഭിക്കുന്നതു പോലെ വിവിധ ശേഷിയുള്ള ചിപ്പുകളും ലഭിക്കും. ശക്തി കൂടിയ ചിപ്പുകൾ ഉപയോഗിക്കുന്നവർ മറ്റുള്ളവരെ ബഹുദൂരം പിന്നിലാക്കും. ഓർമശക്തി തീരെയില്ലാത്തവർ ഈ ചിപ്പ് ഉപയോഗിക്കുകയാണെങ്കിൽ ചിപ്പുകൾ ഉപയോഗിക്കാത്ത പ്രതിഭാശാലികൾ തന്നെ പുറന്തള്ളപ്പെട്ടു പോയേക്കാമെന്ന് ചിന്തിക്കുന്നവരുണ്ട്. അത് ഒരുപക്ഷേ സത്യമായിത്തീരാം. ബ്രിട്ടീഷ് ടെലികോമിന്റെ ലബോറട്ടറികളിലാണ് സൗൾ ക്യാച്ചർ നിർമ്മിക്കാനുള്ള പരീക്ഷണങ്ങൾ ദ്രുതഗതിയിൽ നടക്കുന്നത്. തലച്ചോറിൽ നിന്നുള്ള വൈദ്യുതസിഗ്നലുകളെ പിടിച്ചെടുത്ത് കൈകാര്യം ചെയ്യുന്നത് വഴിയാണ് ഇത്തരം കാര്യങ്ങൾ നേടാനാവുന്നത്.

ചിന്താശേഷി പ്രദാനം ചെയ്യുന്ന ഘടകങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള വളരെ ചെറിയ ചിപ്പുകളും ശരീരത്തിൽ നിക്ഷേപിക്കാം. നാനോ മീററർ മാത്രം വലിപ്പമുള്ള ഇവ തലച്ചോറിന്റെ പ്രത്യേക ഭാഗങ്ങളിലാണ് തിരുകി വയ്ക്കുന്നത്. സിറിഞ്ച് വഴി കുത്തിവെക്കുന്ന ഇവയെ വയർലെസ് സംവിധാനം ഉപയോഗിക്കുകയാണെങ്കിൽ ശരീരത്തിന് വെളിയിൽ നിന്നും നിയന്ത്രിക്കാം. ബ്രെയിൻ ആക്ചേററഡ് കംപ്യൂട്ടറുകൾ എന്ന പേരിൽ ഗവേഷണത്തിലിരിക്കുന്ന ഇവയ്ക്ക് വളരെ യേറെ പ്രാധാന്യമാണ് ശാസ്ത്രസമൂഹം നൽകിയിരിക്കുന്നത്.

സിംഗപ്പൂരിൽ പട്ടികളും പൂച്ചകളും ശരീരത്തിൽ കംപ്യൂട്ടർ ചിപ്പുകളുമായാണ് നടക്കുന്നത്. മോഷണം തടയാൻ മാത്രമല്ല, ആവശ്യമില്ലെന്ന് തോന്നിയാൽ ഉടമകൾ ഇവയെ റോഡിൽ ഉപേക്ഷിക്കുന്നതു കൂടെ തടയാനാണ് അധികൃതരുടെ ഈ പദ്ധതി. അരിമണിയോളം മാത്രം വലിപ്പമുള്ള ചിപ്പുകൾ ഇഞ്ചക്ഷനിലൂടെ ഇവയുടെ ശരീരത്തിൽ ഘടിപ്പിച്ചാൽ അവരുടെ ഉടമയെ എളുപ്പത്തിൽ തിരിച്ചറിയാം. തടവറയിൽ പാർപ്പിച്ചിരിക്കുന്ന കുററവാളികളെയും ഈ രീതിയിൽ ടാഗ് ചെയ്യാനുള്ള നിർദ്ദേശം വിദേശത്തെ ചില രാജ്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. അതുവഴി അവരുടെ എല്ലാ നീക്കങ്ങളും അധികൃതർക്ക് വളരെ വ്യക്തമായി മനസ്സിലാക്കാവുന്നതിനാൽ വേലി ചാടുന്നത് സംബന്ധിച്ചുള്ള പ്രശ്നം ഉദിക്കുന്നേയില്ല.

കേരളത്തിലും ഇത്തരമൊരു പദ്ധതി നടപ്പിലാക്കാനുള്ള തയ്യാറെടുപ്പിലാണ്. പട്ടികൾക്ക് പകരം ചന്ദനമരമാണെന്ന് മാത്രം. മറയൂരിലെ അവശേഷിക്കുന്ന ചന്ദനക്കാടുകൾ സംരക്ഷിക്കാൻ വനംവകുപ്പാണ് ഉപഗ്രഹ സഹായത്തോടെ പദ്ധതി ആവിഷ്കരിച്ചത്. ഇതനുസരിച്ച് ഓരോ ചന്ദനമരത്തിലും മൈക്രോ ഇലക്ട്രോണിക് ചിപ്പുകൾ സ്ഥാപിക്കും. ചിപ്പുകൾ സ്ഥാപിച്ചിട്ടുള്ള മരങ്ങൾ മുറിച്ചാൽ വനംവകുപ്പിന്റെ കൺട്രോൾ റൂമിൽ വിവരം ലഭിക്കും. ഇതുവഴി ആൾക്കാരെയും ചന്ദനക്കടത്തിനെയും പിടികൂടാനാവും. തിരുവനന്തപുരം വിക്രം സാരാഭായി സ്പേസ് സെന്ററും പൂനെയിലെ സി. ഇ.ഡി. എ.സി. എന്നിവരും സഹകരിച്ചാണ് പദ്ധതി ആവിഷ്കരിക്കുന്നത്.

സ്കാനറിന്റെ സഹായത്തോടെ ഒരു വ്യക്തിക്ക് മറെറാരാളുടെ കാര്യങ്ങൾ അറിയാമെന്ന് വന്നാൽ സ്വകാര്യതയ്ക്ക് ഇടമില്ലാതാകും. അങ്ങനെയാവുമ്പോൾ ആരും സുരക്ഷിതരായിരിക്കുകയില്ല. ഒരാൾ ഉറങ്ങി കിടക്കുമ്പോഴാവും എല്ലാ വിവരങ്ങളും അടിച്ചുമാററി മറെറാരാൾ തടിതപ്പുക. ആവശ്യമെങ്കിൽ ഓൺ ചെയ്യാനും അല്ലെങ്കിൽ ഓഫ് ചെയ്യാനുമുള്ള സൗകര്യം ഇത്തരം ചിപ്പുകളിൽ ഉണ്ടെങ്കിൽ ഇത്തരം മോഷണങ്ങൾ ഒഴിവാക്കാവുന്നതേയുള്ളൂ. പ്രശ്നങ്ങളും പ്രതികൂല സാഹചര്യങ്ങളും മറികടന്ന് ഈ ചിപ്പുകളും നമ്മുടെ ശരീരത്തിലേക്ക് കടക്കാൻ തയ്യാറായാൽ കേടായ വാച്ചുകളുടെ ഐ.സി. മാററുന്നതു പോലെ നമ്മുടെ ഐ.സി.(ചിപ്പ്)യും മാറേറണ്ടി വരുമോ? പ്രതീക്ഷയോടെ കാത്തിരിക്കാം.

വ്രതശുദ്ധിയാർന്ന ശൈവർ മഹാശിവരാത്രിക്ക് സുസ്വാഗതമോതുന്നു. ലോകത്തെവിടെയുമുള്ള ശൈവരുടെ അധരങ്ങളിൽ ഒരേയൊരു പ്രാർത്ഥനാമന്ത്രം മാത്രം


........ശിവം ശിവകരം ശാന്തം
ശിവാത്മനാം ശിവോത്തമം
ശിവമാർഗ്ഗപ്രണേതാരം
പ്രണതോസ്മി സദാശിവം......

അതെ – മഹാശിവരാത്രി ആഗതമാവുകയാണ്. കുംഭമാസത്തിലെ കൃഷ്ണ പക്ഷത്തിലെ ചതുർദശിനാളിനെ ഉദാത്തവും ചൈതന്യധന്യവുമാക്കുന്ന മഹാശിവരാത്രി, ഈ മഹാപ്രപഞ്ചത്തിലുള്ള സമസ്തമനുഷ്യരുടെയും മനസ്സിൽ മായാത്ത ഹർഷമുദ്ര പതിപ്പിച്ച് അനശ്വരമായിത്തീർന്നിരിക്കുകയാണ്.

സൃഷ്ടി-സ്ഥിതി സംഹാരമൂർത്തികളിൽ പ്രഥമവും പ്രധാനവുമായ സ്ഥാനം അലങ്കരിക്കുന്ന നാഗേന്ദ്രഹാരനും ത്രിലോചനനും ഭസ്മലേപനനുമായ സാക്ഷാൽ പരമശിവൻ മൂന്നു ലോകങ്ങളിലെയും സമസ്ത ചരാചരങ്ങളെയും തൃക്കൺപാർത്തനുഗ്രഹിക്കുന്ന ഈ പുണ്യദിനം ശിവഭക്തരെ സംബന്ധിച്ചിടത്തോളം ഭക്തിസാന്ദ്രവും നിർവൃതിദായകവുമാണ്.

സർവൈശ്വര്യദായകനും മംഗളസ്വരൂപനും ദേവാധിദേവനുമായ പരമശിവന്റെ അപദാനങ്ങളെ വർണിച്ചുകൊണ്ടും ആ കൈലാസനാഥന്റെ നാമങ്ങൾ ഉരുവിട്ടുകൊണ്ടും സുരാസുരന്മാർ ഭക്തിപരവശ

## സാക്ഷാൽ പരമശിവൻ മൂന്നു ലോകങ്ങളിലെയും സമസ്തചരാചരങ്ങളെ തൃക്കൺപാർത്തനുഗ്രഹിക്കുന്ന പുണ്യദിനമാണ് മഹാശിവരാത്രി ദിനം. ഐതിഹ്യപ്പെരുമയുടെ ധന്യത നിറയുന്ന ശിവരാത്രി വിശേഷങ്ങളിലേക്ക്...........



നാകുന്ന പുണ്യദിനമത്രെ മഹാശിവരാത്രി ദിനം. ഈ രാത്രിയുടെ യാമങ്ങൾ നിദ്രാവിഹീനരായും വ്രതശുദ്ധിയുള്ളവരായും ഉപവാസാനുഷ്ഠാനങ്ങളോടെ നാമജപത്തിൽ നിമഗ്നരായാൽ ഏതൊരാൾക്കും പരമപദം പൂകുവാൻ കഴിയുമത്രെ.

ശിവരാത്രിദിനത്തിൽ രാവിലെതന്നെ വ്രതാനുഷ്ഠാനങ്ങൾ ആരംഭിക്കുന്നു. പ്രാതഃസ്നാനത്തിനുശേഷം ശുഭ്രവസ്ത്രധാരികളായി ശിവക്ഷേത്രദർശനം നടത്തുന്നു. ചതുർദശി രാത്രിയായ അന്നുരാത്രി ഊണും ഉറക്കവുമുപേക്ഷിച്ച് "നമഃശിവായ" എന്ന പഞ്ചാക്ഷരി മന്ത്രം ജപിച്ചുകൊണ്ട് ഭക്തജനങ്ങൾ ഭക്ത്യാദരപൂർവം ശിവനെ ആരാധിക്കുന്നു.

ഇവർക്ക് പുത്രലാഭം, സൽകീർത്തി, ഐശ്വര്യസമൃദ്ധമായ കുടുംബജീവിതം, ബന്ധുബലം, ധനലാഭം, ദീർഘായുസ്സ്, പരമപദമാകുന്ന മോക്ഷം എന്നിവ സംസിദ്ധമാകുമെന്ന് വിശ്വസിക്കപ്പെടുന്നു.

ശിവൻ അശരീരിയും പരമാത്മാവുമാണ് എന്ന് അഗ്നിപുരാണത്തിൽ സൂചനയുണ്ട്. ജ്യോതിർസ്വരൂപനായ ശിവൻ നിരാകാരനാണ്. അതുകൊണ്ടുതന്നെ അദ്ദേഹത്തിന് മാതാപിതാക്കളോ ഗുരുവോ ഇല്ല എന്ന് ശിവപുരാണത്തിലും കാണുന്നു. ശിവലിംഗം പുരുഷരൂപമോ സ്ത്രീരൂപമോ അല്ല. ആദ്യന്തരഹിതനായ പരമശിവന്റെ ജന്മനാൾ എന്ന സങ്കല്പം പ്രാജ്ഞമതികൾക്കു പോലും അപ്രാപ്യമാണ്.

മഹാശിവരാത്രിയിൽ തമോഗുണമൂർത്തിയായ ശിവനെ ഏകാഗ്രമനസ്സോടെ ഭക്തജനകോടിയിൽ ഭജിക്കുകയാണെങ്കിൽ പ്രാപഞ്ചികജീവിതയാത്ര സഫലം എന്നാണ് ഹിന്ദുമതവിശ്വാസം.

# മഹാശിവരാത്രി



തിരുമൂലപുരം നാരായണൻ

ശിവരാത്രിപൂജകൾ നടത്തി, ഓം നമഃ ശിവായ മന്ത്രാക്ഷരം ജപിച്ച് ശിവരാത്രി ആഘോഷിച്ച് ആത്മസംതൃപ്തിയടയുന്നതിൽ വാരണാസിയിലെ വിശ്വേശ്വരക്ഷേത്രവും ഉജ്ജയിനിയിലെ മഹാകാളിക്ഷേത്രവും ആലുവാ മണൽപുറത്തെ ശിവക്ഷേത്രവും മുൻപന്തിയിലാണെന്നു പറയാം.

സനാതനമായ ഹിന്ദുമതതത്ത്വങ്ങളിലൂടെ തീർത്ഥയാത്ര നടത്തിയാൽ ലോകകാരകരായ ത്രിമൂർത്തികളെ കണ്ടെത്തുകയും അവർക്കിടയിൽ, ഓംകാരതയിൽ നിന്നും ജന്മം കൊണ്ട പരമശിവനുള്ള പരമോന്നതസ്ഥാനം തിരിച്ചറിയുകയും ചെയ്യുമ്പോൾ നമ്മുടെ മനസ്സ് ആ ദേവന്റെ തിരുമുമ്പിൽ സാഷ്ടാംഗം പ്രണമിച്ചു പോകുന്നു.

ശ്രീപരമശിവനെ സംഹാരമൂർത്തിയായി സങ്കല്പിച്ചാണ് ഭാരതീയർ ആരാധിക്കുന്നത്. തൃക്കണ്ണുള്ള ദേവന്റെ മൂന്നാം കണ്ണിൽ സ്ഥിതിചെയ്യുന്ന അഗ്നിക്ക് ത്രിഭുവനത്തെ ഒന്നോടെ ഭസ്മമാക്കാനുള്ള മാസ്മരശക്തിയുണ്ട്. പണ്ട് ശിവൻ ആ മൂന്നാം തൃക്കണ്ണിലെ തീയിൽ കാമദേവനെ ദഹിപ്പിച്ചുകളഞ്ഞു.

മഹാശിവരാത്രിയെ ചൈതന്യധന്യവും ഉദാത്തകോമളവുമാക്കിത്തീർക്കുന്ന നിരവധി ഐതിഹ്യങ്ങൾ നാവിൽ നിന്നും നാവിലേക്കായി നിലവിലുണ്ട്. അവയിൽ വിശ്വസനീയവും ഭക്തി-വിശ്വാസങ്ങൾക്കനുയോജ്യവുമായ രണ്ട് ഐതിഹ്യങ്ങൾ ഇവിടെ പകർത്തട്ടെ: ഒന്ന്: ഒരിക്കൽ ബ്രഹ്മാവും വിഷ്ണുവും തമ്മിൽ ഒരു വാഗ്വാദം ഉണ്ടായി. ആ വാഗ്വാദം യുദ്ധത്തിലാണ് കലാശിച്ചത്. യുദ്ധത്തിൽ ബ്രഹ്മാവ് തൊടുത്തുവിട്ട ബ്രഹ്മാസ്ത്രത്തിനെതിരെ വിഷ്ണു പാശുപതാസ്ത്രം തൊടുത്തുവിട്ടു.

ഒരു കുംഭമാസത്തിലെ ചതുർദശിരാത്രിയിലായിരുന്നു ഈ യുദ്ധം ആരംഭിച്ചത്. സംഹാരശക്തിയോടെ പാശുപതാസ്ത്രം ലോകം മുഴുവൻ ചുറ്റി നടന്നു. ബ്രഹ്മാസ്ത്രം, ആഗ്നേയാസ്ത്രം, വരുണാസ്ത്രം ഇവയ്ക്കൊന്നിനും പാശുപതാസ്ത്രത്തെ സംഹരിക്കാനായില്ല. ലോകം നശിക്കുന്നതു കണ്ടുനിൽക്കാനാവാതെ ദേവാസുരന്മാരും അഷ്ടദിക്പാലകരും സമസ്തചരാചരങ്ങളും പകച്ചുനിൽക്കുമ്പോൾ ബ്രഹ്മാവിന്റെയും വിഷ്ണുവിന്റെയും മദ്ധ്യേ ഒരു ശിവലിംഗം ഉയർന്നു വന്നു.

അദൃശ്യമായിരുന്ന അതിന്റെ അഗ്രഭാഗങ്ങൾ നോക്കിക്കാണാൻ ബ്രഹ്മാവ് മേലോട്ടും വിഷ്ണു കീഴോട്ടും സഞ്ചരിച്ചു. ഫലം നിരാശയായിരുന്നു. നിരാശിതരായി ഇരുവരും പൂർവസ്ഥാനത്തെത്തുമ്പോൾ പരമശിവൻ പ്രത്യക്ഷപ്പെട്ട് പാശുപതാസ്ത്രത്തെ നിർവീര്യമാക്കി ലോകത്തെ രക്ഷിച്ചു.

മാഘമാസ(കുംഭമാസം)ത്തിലെ കറുത്തപക്ഷത്തിൽ ചതുർദശിരാത്രിയിലായിരുന്നു ശിവൻ പ്രത്യക്ഷപ്പെട്ടതും പാശുപതാസ്ത്രത്തെ നിർവീര്യമാക്കിയതും. ആകയാൽ, മേലിൽ എല്ലാ വർഷവും പ്രസ്തുത രാത്രി വ്രതമായി അനുഷ്ഠിക്കണമെന്നും അതിന് “ശിവരാത്രി വ്രതം” എന്ന പേരായിരിക്കണമെന്നും ശിവൻ അരുളിച്ചെയ്ത് അപ്രത്യക്ഷനായി.

അന്നുമുതൽ ഈ രാത്രി ശിവന്റെ ഓർമയ്ക്കായി ‘ശിവരാത്രി’ യെന്നും അനുഷ്ഠിക്കുന്ന വ്രതം ‘ശിവരാത്രിവ്രത’മെന്നും അറിയപ്പെടുന്നു - ശിവപുരാണത്തിൽ നിന്നും എടുത്തതാണ് ഈ കഥ.

മറ്റൊരു ഐതിഹ്യകഥ ഇങ്ങനെ: പാലാഴിമഥനവുമായി ബന്ധപ്പെട്ടതാണ് ഈ ഐതിഹ്യകഥ. ദേവാസുരന്മാർ മന്ദരപർവതത്തെ മത്തും വാസുകിയെന്ന ഉഗ്രവിഷമുള്ള സർപ്പത്തെ കയറുമാക്കി പാലാഴി മഥനം ചെയ്തപ്പോൾ കാമധേനു, ചന്ദ്രൻ, ഉച്ചൈശ്രവസ്, ലക്ഷ്മിദേവി, അപ്സരസ്സുകൾ, കൗസ്തുഭം, അമൃതകലശം, കല്പവൃക്ഷം, ഐരാവതം എന്നിവ ഉയർന്നുവരികയുണ്ടായി. വാസുകിയെന്ന സർപ്പത്തിന്റെ വായിൽ നിന്ന് കരാളമായ വിഷവും വമിച്ചു. രുദ്രമൂർത്തിയായ പരമശിവൻ പ്രപഞ്ചരക്ഷയ്ക്കായി യാതൊരു സങ്കോചവും കൂടാതെ കാളകൂടവിഷം വിഴുങ്ങുവാൻ തയ്യാറായി വായിലാക്കുകയും ചെയ്തു.

പരിഭ്രാന്തയായ പാർവ്വതി വിഷം പ്രാണനാഥന്റെ വയറ്റിലേക്കിറങ്ങാതിരിക്കാൻ കണ്ഠത്തിൽ മുറുകെപിടിച്ചു. മഹാവിഷ്ണുവാകട്ടെ ഇത്തരുണത്തിൽ വിഷം വായിൽ നിന്ന് പുറത്തേക്ക് വമിക്കാതിരിക്കാൻ ശിവന്റെ വായ് പൊത്തിപ്പിടിച്ചു. മേലോട്ടും താഴോട്ടും പോകാതെ വിഷം ശിവന്റെ കണ്ഠനാളത്തിൽ തന്നെ തങ്ങി നിന്നു. അതോടെ പരമശിവൻ നീലകണ്ഠനും വിഷത്തിന്റെ ഉഗ്രതയാലും തീക്ഷ്ണതയാലും മഹാവിഷ്ണു നീലവർണനും പാർവ്വതി കാളിയുമായി(കാളിമയുള്ളവൾ)ത്തീർന്നു.

ശിവന്റെ കണ്ഠത്തിൽ കെട്ടിനിൽക്കുന്ന കാളകൂടവിഷം പുറത്തേക്കു പോയാലും നാശം. ഉള്ളിലേക്ക് പോയാലും നാശം. ഉള്ളിലേക്ക് പോയാൽ സ്വന്തം നാശം. പുറത്തേക്ക് പോയാലോ ലോകനാശം.

നാശമൊന്നും സംഭവിക്കാതിരിക്കാൻ ആ രാത്രി ഊണും ഉറക്കവും വെടിഞ്ഞ് “ഓം നമോ നാരായണ മന്ത്ര”വും “ഓം നമഃശിവായ മന്ത്ര”വും ജപിച്ച് ശൈശവരും വൈഷ്ണവരുമായ ഭക്തജനകോടികൾ ആ രാത്രി കഴിച്ചുകൂട്ടി. ഭക്തിസാന്ദ്രമായ ആ രാത്രിയാണ് മഹാശിവരാത്രി.

എല്ലാവർഷവും മാഘമാസത്തിൽ കറുത്തപക്ഷത്തിൽ ചതുർദശി രാത്രി മഹാശിവരാത്രിയായി നമ്മൾ ആഘോഷിച്ചു പോരുന്നു. ശിവരാത്രിവ്രതം അനുഷ്ഠിക്കുന്നത് സർവപാപഹരവും സർവാഭീഷ്ടസിദ്ധിപ്രദവുമാണെന്ന് ഹിന്ദുമതവിശ്വാസികൾ കരുതിപ്പോരുന്നു.

മോഹിനിയാട്ടം, തുള്ളൽ, കൈകൊട്ടിക്കളി എന്നിവ പോലെ തികച്ചും ഒരു കേരളീയ കലയാണ് കഥകളി. എന്നാൽ മറ്റു കലാരൂപങ്ങളെ അസൂയപ്പെടുത്തുമാറ് കേരളീയ സംസ്കാരത്തിന്റെ മുഖമുദ്രയും സാംസ്കാരിക ചിഹ്നവും (ഒരളവ് വരെ വ്യാവസായിക ചിഹ്നവും) ആയി മാറാൻ കഥകളിക്ക് കഴിഞ്ഞിട്ടുണ്ട്.

കഥകളി തികച്ചും ഒരു അഭിനയകലയാണ്. അതിലെ നാട്യങ്ങളും മുദ്രകളും ഭാവപ്രകടനങ്ങളുമാണ് സദസ് ആസ്വദിക്കുന്നത്. എങ്കിൽപോലും ആ നാട്യത്തിന് അടിസ്ഥാനം ചിട്ടപ്പെടുത്തിയ കഥകളാണ്. കഥകളി അവതരിപ്പിക്കാൻ അടിസ്ഥാനമായുള്ള അതിന്റെ സാഹിത്യരൂപത്തെയാണ് ആട്ടക്കഥ എന്നു പറയുന്നത്.

തെരഞ്ഞെടുപ്പ് ഇത് തെളിയിക്കുന്നു.

ആട്ടക്കഥയുടെ ഉത്ഭവത്തെക്കുറിച്ചുള്ള കഥ രസാവഹമാണ്. 17-ാം നൂറ്റാണ്ടിൽ, ഉത്തരകേരളത്തിൽ, കോഴിക്കോട് സാമൂതിരിയുടെ രക്ഷാധികാരത്തിൻ കീഴിൽ, ഒരു കൃഷ്ണനാട്ടസംഘം ഉണ്ടായിരുന്നു. ആയിടയ്ക്ക് കൊട്ടാരക്കര തമ്പുരാന് കൃഷ്ണനാട്ടം കാണാൻ മോഹമുദിക്കുകയും സാമൂതിരിയുടെ കീഴിലുള്ള സംഘത്തെ ഒന്ന് കൊട്ടാരക്കര വരെ അയയ്ക്കാൻ അപേക്ഷിക്കുകയും ചെയ്തു. എന്നാൽ സാമൂതിരി ആ അപേക്ഷ നിരസിച്ചു. ഇതിൽ നിരാശനും കുപിതനുമായ കൊട്ടാരക്കര തമ്പുരാൻ സ്വന്തമായി ഒരു കലാരൂപം രൂപപ്പെടുത്തി. അതാണ് പിന്നീട് കഥകളിയായി രൂപാന്തരപ്പെട്ടതെന്ന് വിശ്വസിക്കപ്പെടുന്നു.

രാൻ ചിട്ടപ്പെടുത്തി. ഇതാണ് ആദ്യത്തെ ആട്ടക്കഥ എന്ന് പറയപ്പെടുന്നത്.

എന്നാൽ ആട്ടക്കഥയുടെ ഉത്ഭവത്തിന് വിത്തു പാകിയ ഒരു കൃതി എന്നതിൽ കവിഞ്ഞ് കൊട്ടാരക്കര തമ്പുരാന്റെ രാമായണത്തിൽ ഒന്നുമില്ലായിരുന്നു എന്നാണ് മിക്ക ഭാഷാ വിദഗ്ദ്ധരും അഭിപ്രായപ്പെടുന്നത്. "ഛന്ദോഭംഗമില്ലെങ്കിലും വലിച്ചുനീട്ടിയും കുറുക്കിയും വൃത്തശുദ്ധി ഒപ്പിച്ചെടുക്കേണ്ട ശ്ലോകങ്ങളും വ്യാകരണ നിബന്ധനകൾക്ക് വിപരീതവും അരോചകവുമായ പദശൈലീവിശേഷണങ്ങളും ഏതാണ്ട് ആദ്യാവസാനം കാണാവുന്ന ഈ രാമനാട്ടക്കഥകളിൽ ഏത് വിധത്തിലും കഥ പറഞ്ഞ് തീർക്കണം എന്ന വ്യഗ്രതയാണ് കാണുന്നത്. ഭാഷാശുദ്ധിയും സാഹിത്യമേന്മയും കുറ



**ഒരുകാലത്ത് സംസ്കൃത പണ്ഡിതൻമാരുടെ മാത്രം സാഹിത്യശാഖയായ ആട്ടക്കഥാ സാഹിത്യം ഇന്ന് ജനകീയമായിക്കൊണ്ടിരിക്കുന്നു. കേരളത്തിന്റെ മാത്രം സാഹിത്യ പ്രസ്ഥാനമായ ആട്ടക്കഥാ പ്രസ്ഥാനം പുതിയ മാനങ്ങൾ തേടുമ്പോൾ വിജയിക്കുന്നത് മലയാളഭാഷയാണ്.**

# ആട്ടക്കഥാ

എം.എസ്. രാഖേഷ്കൃഷ്ണൻ

മലയാള സാഹിത്യത്തിൽ വളരെ പെട്ടെന്ന് വികാസം പ്രാപിച്ച ഒരു സാഹിത്യശാഖയാണ് ആട്ടക്കഥ. സംസ്കൃത പണ്ഡിതന്മാർക്ക് മാത്രം ആസ്വദിക്കാൻ കഴിയുമായിരുന്ന ആട്ടക്കഥകൾ ഇന്ന് തീർത്തും ജനകീയമായിരിക്കുകയാണ്. ചില പുതിയ ആട്ടക്കഥകളുടെ വിഷയത്തിന്റെ

സാമൂതിരിയുടെ കൃഷ്ണനാട്ടം എന്ന കലാരൂപത്തിന്റെ മാതൃകയിൽ, കൊട്ടാരക്കരതമ്പുരാൻ തന്റെ പുതിയ കലാരൂപത്തിന് രാമനാട്ടം എന്ന പേരാണ് നൽകിയത്. കൃഷ്ണനാട്ടം ശ്രീകൃഷ്ണന്റെ കഥ എട്ട് ഭാഗങ്ങളായി അവതരിപ്പിച്ചതിനാൽ രാമനാട്ടത്തിൽ രാമന്റെ കഥ എട്ട് ഭാഗങ്ങളായി തമ്പു

വാണെങ്കിലും രംഗപ്രയോഗക്ഷമതയിൽ ഈ രാമായണകഥകൾ മിക്കതും ആസ്വാദ്യമായി നിലകൊള്ളുന്നു". ഈ ഗുണം തന്നെയാകാം ആട്ടക്കഥകളുടെയും കഥകളിയുടെയും വളർച്ചക്ക് നിദാനമായിത്തീർന്നത്.

ആട്ടക്കഥകൾ ആദ്യമായി അവതരിപ്പിച്ചത് കൊട്ടാരക്കരത്തമ്പുരാനായിരുന്നെ



# സാഹിത്യം

ങ്കിലും അതിനെ ഒരു സാഹിത്യപ്രസ്ഥാന മായി വളർത്തുന്നതിൽ ഒരു മുഖ്യപങ്ക് വഹി ച്ചത് കോട്ടയത്തുതമ്പുരാനാണ്. കൊല്ല വർഷം 825നും 900നും ഇടയ്ക്കാണ് അദ്ദേഹം ജീവിച്ചിരുന്നത്. ആട്ടക്കഥകളിൽ ഭാവപ്രകടനങ്ങൾക്ക് പ്രാധാന്യം നൽകിയത് ഇദ്ദേഹമാണ്.

കഥകളി അവതരണത്തിലും ചില പരി ഷ്കാരങ്ങൾ കോട്ടയത്ത് തമ്പുരാൻ വരുത്തി. പുറപ്പാടിൽ മേളപ്പദത്തിനുശേഷം 'മഞ്ജു തര' വേണമെന്ന് ഇദ്ദേഹം നിഷ്കർഷിച്ചു. പദാർത്ഥാഭിനയം ആവശ്യമായവയായിരുന്നു ഇദ്ദേഹം രൂപകൽപന ചെയ്ത കഥകൾ. ബകവധം, കിർമ്മീരവധം, കല്യാണസൗഗ ന്ധികം, നിവാതകവചകാലകേയവധം എന്നി വയാണ് തമ്പുരാന്റെ പ്രശസ്തമായ ആട്ട ക്കഥകൾ.

ലക്ഷണമൊത്ത ആട്ടക്കഥയായി ഏവരും അംഗീകരിക്കുന്ന കൃതിയാണ് ഉണ്ണാ യിവാര്യരുടെ നളചരിതം ആട്ടക്കഥ. നളച രിതത്തിന് കിട്ടിയ പ്രശസ്തി അതിനു മുമ്പും ശേഷവുമുണ്ടായിട്ടുള്ള മറ്റൊരു ആട്ട ക്കഥക്കും ലഭിച്ചിട്ടില്ല.

മഹാഭാരതത്തിലെ 'നളോപാഖ്യാന' ത്തെ ആസ്പദമാക്കി, നാല് ദിവസം കൊണ്ട് അവതരിപ്പിക്കാവുന്ന വിധത്തിലാണ് നളച രിതം ആട്ടക്കഥ ചിട്ടപ്പെടുത്തിയിരിക്കുന്നത്. പാത്രസൃഷ്ടിയിലും ശൈലീസംവിധാന ത്തിലും സ്വന്തമായി മനോധർമങ്ങൾ വച്ച് പുലർത്തിയ ഉണ്ണായിവാര്യർ നളചരിതത്തെ ഒരു സംഗീതനാടകം എന്നപോലെ ജന ങ്ങൾക്ക് ഹൃദ്യമാക്കിതീർത്തു. ഉണ്ണായി വാര്യരുടേതെന്ന്, ആധികാരികമായി പറയാ വുന്ന ഒരേയൊരു കൃതിയും നളചരിതം ആട്ടക്കഥ തന്നെയാണ്.

ആട്ടക്കഥകളെ ജനകീയമാക്കുന്നതിൽ തിരുവിതാംകൂർ രാജാക്കൻമാരുടെ സംഭാവ നകൾ നിസ്തുലമാണ്. കാർത്തിക തിരു നാൾ രാമവർമ (1724-98) രാജസൂയം, പാഞ്ചാ ലീസ്വയംവരം, ഗന്ധർവ വിജയം തുടങ്ങി ധാരാളം ആട്ടക്കഥകൾ രചിക്കുകയും പല ആട്ടക്കഥാ രചയിതാക്കൾക്കും കഥകളി നട ന്മാർക്കും പ്രോത്സാഹനം നൽകുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ ഭാഗിനേയ നായ അശ്വതിതിരുനാൾ രാമവർമ, മാതു ലന്റെ അപൂർണമായിരുന്ന 'നരകാസുര വധം' ആട്ടക്കഥ പൂർത്തിയാക്കി. കൂടാതെ സ്വന്തമായി രുഗ്മിണീസ്വയംവരം, അംബ രീഷ ചരിതം, പൂതനാമോക്ഷം തുടങ്ങിയ ആട്ടക്കഥകളും രചിച്ചു.

സ്വാതിതിരുനാൾ മഹാരാജാവിന്റെ അനു ജനായ ഉത്രം തിരുനാൾ മാർത്താണ്ഡവർമ യുടെ കാലത്ത് ആട്ടക്കഥാപ്രസ്ഥാനത്തിന് സാരമായ പുരോഗതിയുണ്ടായി. 'സിംഹ ധ്വജചരിതം' എന്ന പേരിൽ ഒരേയൊരു ആട്ട ക്കഥയെ രചിച്ചിട്ടുള്ളുവെങ്കിലും നല്ലൊരു ആസ്വാദകനായിരുന്നു ഉത്രം തിരുനാൾ. ഇദ്ദേഹത്തിന്റെ സമകാലീനനായിരുന്ന ഇര യിമ്മൻതമ്പിയും ആട്ടക്കഥാപ്രസ്ഥാനത്തിന് കനത്ത സംഭാവനകൾ നൽകി. കീചക വധം, ദക്ഷയാഗം, ഉത്തരാസ്വയംവരം എന്നിവ ഇരയിമ്മൻതമ്പിയുടെ ആട്ടക്കഥക ളാണ്.

ആട്ടക്കഥയുടെ ഭാഷ എന്നത് ഒരു പ്രത്യേക ചട്ടക്കൂട്ടിൽ ഒതുക്കി നിർത്താനാ വാത്തതാണ്. കൊട്ടാരക്കരത്തമ്പുരാന്റെ രാമായണം ആട്ടക്കഥ തികച്ചും മണിപ്രവാ ളത്തിലാണ് എഴുതപ്പെട്ടിട്ടുള്ളത്. എന്നാൽ കോട്ടയത്ത് തമ്പുരാനും അശ്വതിതിരുനാളും സംസ്കൃതപക്ഷപാതികളായിരുന്നു. നേരെ മറിച്ച് ഉണ്ണായിവാര്യരും ഇരയിമ്മൻ തമ്പിയും കൂടുതൽ മലയാളപദങ്ങൾ ഉപ യോഗിക്കുന്നതിൽ ശ്രദ്ധിച്ചു. പൊതുവെ എല്ലാവരും ശ്ലോകങ്ങൾ തനി സംസ്കൃ തവും പദങ്ങൾ മണിപ്രവാളവും ആയി രചി ക്കാനാണ് താത്പര്യപ്പെട്ടത്. എന്നാൽ ആട്ട ക്കഥകളുടെ ഭാഷാപ്രയോഗം ഒരു സാമാന്യ വത്കരണത്തിനും ഇടം കൊടുക്കുന്നില്ല.

പിന്നീട് രംഗത്ത് വന്ന ആട്ടക്കഥാരചയി താക്കളും ഈ അഭിപ്രായത്തെ ശരി വക്കു ന്നു. താടകാവധം, വല്ലീകുമാരം, ചൂഡാമണി തുടങ്ങിയ ആട്ടക്കഥകളുടെ രചയിതാവായ വി.കൃഷ്ണൻതമ്പി ഇത്തരത്തിലൊരാളാണ്. താടകാവധത്തിൽ അദ്ദേഹം പ്രയോഗിച്ച പദ ങ്ങളിൽ പലതും മണിപ്രവാളങ്ങളായിരുന്നു.


കരീന്ദ്രൻതമ്പുരാൻ എന്നറിയപ്പെട്ടിരുന്ന കിളിമാനൂർ രാജരാജവർമ കോയിത്തമ്പു രാന്റെ 'രാവണവിജയം', ഇട്ടിരാരിശ്ശ മേനോന്റെ 'സന്താനഗോപാല'വും 'രുഗ്മാംഗദചരിത'വും, വയസ്കരമൂസിന്റെ 'ദുര്യോധന ചരിതം' എന്നിവ സഹൃദയ സദസ്സിന്റെ പ്രശംസ പിടിച്ചു പറ്റിയ ആട്ട ക്കഥകളാണ്.

1931-ൽ മഹാകവി വള്ളത്തോളിന്റെ നേതൃത്വത്തിൽ കേരള കലാമണ്ഡലം സ്ഥാപിതമായതോടെ കഥകളി എന്ന കലാ രൂപത്തിന് അഭൂതപൂർവമായ വികാസം ഉണ്ടായി. എന്നാൽ അതിന് തക്ക വളർച്ച പ്രാപിക്കാൻ ആട്ടക്കഥാപ്രസ്ഥാനത്തിന് ആയില്ലെന്നത് നിരാശാജനകമായ സംഗതി യാണ്. രംഗാവതരണത്തിൽ ഓരോ നട ന്മാരും സ്വന്തമായ ശൈലികൾ വച്ചു പുലർത്തിയപ്പോൾ ആട്ടക്കഥാരചയിതാ ക്കൾക്ക് അതിന് സാധിച്ചില്ല. പഴയ രചന കളുടെ ചുവടു പിടിച്ച്, ഓരോരുത്തരുടെ ശൈലികൾ അനുകരിച്ച്, ഒരേ വിഷയങ്ങൾ കൈകാര്യം ചെയ്ത് പലരും ആട്ടക്കഥാ പ്രസ്ഥാനത്തെ മൃതപ്രായമാക്കി.

എന്നാൽ പത്തിരുപതുവർഷങ്ങളായി ഈ രീതിക്ക് മാറ്റം വരുന്നുണ്ട്. ശ്ലോകങ്ങ ളില്ലാതെ എഴുതിയ മാലി എന്ന വി. മാധ വൻനായരുടെ കർണപഥം ആട്ടക്കഥ പുതി യൊരു പരീക്ഷണമായിരുന്നു.

പുരാണകഥകളെ വിട്ട് സാമൂഹികവും സാംസ്കാരികവുമായ വിഷയങ്ങൾ പലരും തെരഞ്ഞെടുക്കാൻ തുടങ്ങി. ഗാന്ധിവിജ യം, ഹിറ്റ്ലർവധം, കരുണ, ഡോക്ടർ ഫൗസ്റ്റ്, എബ്രഹാമിന്റെ ബലി, മാനവവിജ യം, ശിഷ്യനും മകനും തുടങ്ങിയ രചന കൾ വേറിട്ട ഒരു വഴി തുറന്നു. ഇത്തരം ആട്ടക്കഥകളുടെ അവതരണം പുതിയ പ്രവ ണതകളെയും പരീക്ഷണങ്ങളെയും പ്രോത്സാഹിപ്പിക്കും എന്നതിൽ സംശയമില്ല.

ജനകീയ കലകൾക്കേ ആത്യന്തികമായ വിജയം ഉണ്ടാകുകയുള്ളൂ എന്ന് കാലം തെളിയിച്ചതാണ്. പുതിയ ആട്ടക്കഥാരചന കൾ ആ കാര്യത്തിൽ വിജയം കൈവരിക്കു മ്പോൾ ആട്ടക്കഥാപ്രസ്ഥാനത്തിന്റെ മാത്രം വിജയമല്ല അത്. മറിച്ച് കേരളത്തിന്റെ മാത്രം സാഹിത്യപ്രസ്ഥാനമെന്ന നിലയിൽ മലയാളഭാഷയുടെ കൂടെ വിജയമാണ് ●



## പാലാട്ട് മോഹൻദാസ് ചീഫ്സെക്രട്ടറി

പാലാട്ട് മോഹൻദാസാണ് അടുത്ത സംസ്ഥാന ചീഫ് സെക്രട്ടറി. ബ്രിട്ടനിലെ ഹൾ സർവകലാശാലയിൽ നിന്ന് എം.ബി.എ ബിരുദം നേടിയ പാലാട്ട് മോഹൻദാസ് 1968 ബാച്ച് കേരള കേഡർ ഐ.എ.എസുകാരനാണ്. ജനനം 1945 ഒക്ടോബർ മൂന്ന്. 2003 മാർച്ച് മുതൽ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പ് (ആയുർവേദം, യോഗ-പ്രകൃതി ചികിത്സ, യുനാനി, സിദ്ധ, ഹോമിയോപ്പതി) സെക്രട്ടറിയാണ്. സംസ്ഥാന അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ ആയിരിക്കെയാണ് അദ്ദേഹം കേന്ദ്രത്തിൽ നിയമിതനായത്.

പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ-ഭവന, ആരോഗ്യ വകുപ്പ് സെക്രട്ടറി, നികുതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി, കെ.ടി.ഡി.സി, കേരള കോ-ഓപ്പറേറ്റീവ് സെൻട്രൽ ലാന്റ് മോർട്ട്ഗേജ് ബാങ്ക്, യുണൈറ്റഡ് എന്നിവയുടെ മാനേജിംഗ് ഡയറക്ടർ, കൃഷിവകുപ്പ് ഡയറക്ടർ, പാലക്കാട് ജില്ലാ കളക്ടർ എന്നീ നിലകളിൽ സംസ്ഥാന സർക്കാരിൽ പ്രവർത്തിച്ചിട്ടുണ്ട്.

കേന്ദ്രത്തിൽ ഗ്രാമവികസന വകുപ്പിൽ ശുദ്ധജല വിതരണ വകുപ്പിന്റെ സെക്രട്ടറി, വാട്ടർ റിസോഴ്സസ് അഡിഷണൽ സെക്രട്ടറി, രാജീവ് ഗാന്ധി നാഷണൽ ഡ്രിങ്കിങ് വാട്ടർ മിഷൻ ജോയിന്റ് സെക്രട്ടറി ആന്റ് മിഷൻ ഡയറക്ടർ, ദേശീയ രോഗപ്രതിരോധമിഷൻ ജോയിന്റ് ഡയറക്ടർ എന്നീ പദവികളും വഹിച്ചിട്ടുണ്ട്.

രാജ്യത്തിന്റെ സാമൂഹിക-സാമ്പത്തിക മേഖലകളിൽ സ്തുത്യർഹമായി പ്രവർത്തിച്ചിട്ടുണ്ട്. രോഗപ്രതിരോധം, കുടിവെള്ളം, സാനിട്ടേഷൻ മിഷനുകളിലെ ദേശീയതലത്തിലുള്ള പ്രവർത്തനവും ശ്രദ്ധേയമായിരുന്നു. ഈ മേഖലകളിലെ പരിഷ്കരണപ്രവർത്തനങ്ങൾക്ക് ക്രിയാത്മകമായ നേതൃത്വം നൽകി.

## രക്ഷയുടെ രശ്മികൾ

'ഓപ്പറേഷൻ കഴിഞ്ഞതാണോ എന്നാലിത്തിരി സൂര്യപ്രകാശം കൊള്ളണം'. ഭാവിയിൽ ഏതെങ്കിലും ഭിഷഗ്വരൻ ഇങ്ങനെ പറഞ്ഞുകൂടായ്കയില്ല. സൂര്യപ്രകാശമേറ്റാൽ വേദന താരതമ്യേന കുറവായിരിക്കും എന്നാണ് കണ്ടെത്തൽ. നമ്മുടെ ശരീരത്തിലുള്ള സെറോറ്റോനിൻ എന്ന ഹോർമോണിന്റെ തോത് ഉയർത്തുക വഴിയാണ് സൂര്യപ്രകാശം വേദനയുടെ തീവ്രത കുറയ്ക്കുന്നത്. സൂര്യപ്രകാശത്തിന്റെ പ്രയോജനത്തെകുറിച്ച് കണ്ടെത്തിയത് പീറ്റ്ബർഗ് മെഡിക്കൽ സെന്ററിലെ ഗവേഷകരാണ്.



## മെഴുകുതിരിയും അപകടകാരിയോ?


ഉരുകുന്ന മെഴുകുതിരി പോലെ എന്നൊക്കെ സാഹിത്യത്തിൽ പ്രയോഗിക്കാം. കേൾക്കാൻ സുഖവുമുണ്ട്. പക്ഷേ യഥാർത്ഥത്തിൽ സംഗതി ഇത്തിരി ഗൗരവമുള്ളതാണ്.

മെഴുകുതിരി കത്തുമ്പോൾ ഉണ്ടാകുന്ന പുകയിൽ അർബുദരോഗഹേതുക്കളായ ചില ഘടകങ്ങൾ അടങ്ങിയിരിക്കുന്നുവത്രെ. പോളിസൈക്ലിക് ആരോമാറ്റിക് ഹൈഡ്രോകാർബണും അതുപോലുള്ള ചില ഘടകങ്ങളുമാണ് വില്ലന്മാർ. മാസ്ട്രിച്ച് യൂണിവേഴ്സിറ്റിയാണിതു സംബന്ധിച്ച പഠനം നടത്തിയത്. ഏതായാലും കത്തിച്ച മെഴുകുതിരിയുമായി കൂടുതൽ സമ്പർക്കം പുലർത്തുന്നവർ ജാഗ്രതൈ!



## ഞാനും ഒന്നു പൊട്ടിത്തെറിച്ചോട്ടെ

ഡിസംബർ 26ന് ഇവിടെ കടലിനടിയിൽ ഒരു സ്ഫോടനം നടന്നെങ്കിൽ (സുനാമി) 27ന് അങ്ങ് ആകാശത്തും നടന്നു ഒരു അത്യുഗ്രസ്ഫോടനം. അതിശക്തമായ കാന്തമണ്ഡലമുള്ള, മാഗ്നറ്റർ വിഭാഗത്തിൽ



പെടുന്ന എസ്.ജി.ആർ. 1806-20 എന്ന ന്യൂട്രോൺ നക്ഷത്രമാണ് സ്ഫോടനം സൃഷ്ടിച്ചത്. ഭൂമിയിൽ നിന്ന് 50000 പ്രകാശവർഷം അകലെയാണ് സംഭവം. ഈ ദൂരക്കൂടുതലാണ് ഭൂമിയെ വലിയൊരു ആപത്തിൽ നിന്ന് രക്ഷിച്ചത്. പത്ത് പ്രകാശവർഷം അകലെയായിരുന്നു സംഭവമെങ്കിൽ ഭൂമിയ്ക്കു വലിയ നാശമുണ്ടായേനെ എന്നാണ് ശാസ്ത്രജ്ഞന്മാർ പറയുന്നത്. ലക്ഷം വർഷങ്ങൾ കൊണ്ട് സൂര്യൻ പുറത്തുവിട്ടതിന് തുല്യമായ ഊർജ്ജ വികിരണമാണ് മൈക്രോ സെക്കന്റിനുള്ളിൽ സംഭവിച്ചതെന്നറിയുമ്പോൾ സ്ഫോടനത്തിന്റെ ഉഗ്രത ഊഹിക്കാമല്ലോ.

## ഇനി ടൈറ്റനിലേക്കും

തടാകങ്ങളും അവയുടെ തീരവും നമുക്കൊരു പുതുമയേ അല്ല. എന്നാൽ തടാകത്തിൽ ജലത്തിന് പകരം ഇരുണ്ട നിറത്തിലുള്ള കൊഴുത്ത ദ്രാവകമാണെങ്കിലോ? അതു സാരമില്ല തീരത്തിലേക്കൊന്നു കാലുകുത്താം എന്നു കരുതിയെങ്കിൽ തെറ്റി. മഞ്ഞ് അട്ടിപിടിച്ചു പോയ ഒരു തീരത്ത് എങ്ങനെ കാലുകുത്താൻ! ഏതായാലും പരിഭ്രമിക്കേണ്ടതില്ല. ഇതൊക്കെ നമ്മുടെ ഈ ഭൂമിയിലല്ല. ശനിയുടെ ഉപഗ്രഹമായ ടൈറ്റനിലാണ്. നാസയും യൂറോപ്യൻ ബഹിരാകാശ ഏജൻസിയും ചേർന്ന് നടത്തിയ പരീക്ഷണ ഗവേഷണങ്ങളാണ് അത്ഭുതമുണർത്തുന്ന ഈ വസ്തുത വെളിച്ചത്തു കൊണ്ടു വന്നതിന്റെ പിന്നിൽ.

## മനുഷ്യജീനുള്ള പശു


മനുഷ്യനിൽ മാത്രം കാണുന്ന ജീനുൾപ്പെടുത്തിയ ജനിതക ഘടനയുള്ള രണ്ടു പശുക്കളെ ചൈനയിലെ ശാസ്ത്രജ്ഞർ ക്ലോണിംഗിലൂടെ നിർമിച്ചു. ക്ലോൺ ചെയ്യപ്പെട്ട ഈ പശുക്കൾക്ക് പോഷകമൂല്യമുള്ള പാലുത്പാദിപ്പിക്കാൻ ഈ ജീനിന്റെ സാന്നിദ്ധ്യം മൂലം സാധിക്കുമെന്ന് വിദഗ്ധർ അഭിപ്രായപ്പെടുന്നു. ലാക്ടോ ഫെറിൻ എന്ന ജീനാണ് ഉൾപ്പെടുത്തിയത്.

## യു.എൻ ഉപദേഷ്ടാവ്

മേജർ ജനറൽ രൺധീർകുമാർ മേത്ത ഐക്യരാഷ്ട്രസഭയുടെ സമാധാന സംരക്ഷണ വകുപ്പിലെ സൈനിക ഉപദേഷ്ടാവായി നിയമിതനായി. മുമ്പ് കിരൺബേദി ഈ വകുപ്പിലെ ജനകീയ പോലീസ് ഉപദേഷ്ടാവായിട്ടുണ്ട്.

## സുരലിപി

സുരലോകം എന്നു കേട്ടിട്ടുണ്ടാകും. അതു പോലെന്തെങ്കിലുമാണോ ഇത് എന്നാണോ സംശയം? അല്ല. മലയാളലിപിക്ക് പകരം ഒരു മലയാളി തന്നെ കണ്ടെത്തിയ ലിപിയാണിത്. സുരലിപി എന്ന് പേരും കൊടുത്തു. ഭാഷയുടെ ഇപ്പോഴത്തെ ചില പ്രശ്നങ്ങൾ, ന്യൂനതകൾ എന്നിവ പരിഹരിക്കാനുള്ള ശ്രമമാണത്രെ സോമൻ എന്ന മലയാളിയെ ഇവിടെയെത്തിച്ചത്. 51 അക്ഷരങ്ങൾക്ക് പകരം 33 അക്ഷരങ്ങളേ സുര ലിപിയിലുള്ളൂ. ദേവലിപി എന്നാണത്രെ ഇതിന്റെ മലയാളീകരണം.



## കാളവണ്ടി കം ഇൻവെർട്ടർ

കാളവണ്ടിയുടെ കറങ്ങുന്ന ചക്രങ്ങളിൽ നിന്ന് വൈദ്യുതി ഉത്പാദിപ്പിക്കാനാകുമോ? അതെ എന്നു ത്തരം. ആന്ധ്രയിലാണ് സംഭവം. കാളവണ്ടിചക്രത്തിൽ ആൾട്ടർനേറ്റർ ഘടിപ്പിച്ചാണത്രേ വൈദ്യുതോത്പാദനം സാധ്യമാക്കിയത്. ചക്രങ്ങളുടെ വെലോസിറ്റിയിലൂടെ ആൾട്ടർനേറ്ററിന്റെ ചക്രങ്ങളും വേഗതയിൽ ചലിക്കും, ഒരു മിനിട്ടിൽ 1500 മുതൽ 2000 വരെ ആവൃത്തിയിൽ. അങ്ങനെ യാന്ത്രികോർജം വൈദ്യുതോർജമാകുന്നു. ഇങ്ങനെ കിട്ടുന്ന വൈദ്യുതി ബാറ്ററികളിൽ സംഭരിക്കാവുന്നതാണ്. ഈ കണ്ടുപിടുത്തം നടത്തിയത് അദിലാബാദ് ജില്ലയിലെ എഞ്ചിനീയറിംഗ് വിദ്യാർത്ഥികളാണത്രെ. നാളെ കാളവണ്ടി ചക്രങ്ങൾ പാവപ്പെട്ടവന്റെ ഇൻവെർട്ടറായി മാറുകയില്ലെന്നാരു കണ്ടു!



## ഫോളിക് ആസിഡ് കീ ജയ്

"അയ്യോ തല പെരുത്തിട്ട് വയ്യ - പ്രഷറു കൂടിക്കാണും" ഇങ്ങനെ പറയാത്ത മധ്യവയസ്കർ ചുരുക്കം. രക്തസമ്മർദ്ദം വേണ്ടതിലധികമുള്ളവർ കൂടിക്കൂടി വരികയാണ്. എന്നാൽ ഇത് നിയന്ത്രക്കാൻ ഉള്ള കഴിവ് ഫോളിക് ആസിഡിനുണ്ടത്രെ. ഒട്ടുമിക്ക പച്ചക്കറികളിലും ഇലക്കറികളിലും ഫോളിക് ആസിഡ് സമൃദ്ധമായി അടങ്ങിയിട്ടുണ്ട്. രക്തക്കുഴലുകളുടെ പ്രവർത്തനം മെച്ചമാക്കുന്നതിലൂടെയാണത്രെ ഇവ രക്തസമ്മർദ്ദം നിയന്ത്രിക്കുന്നത്. ഹാർവാർഡ് ആണ് ഇത് സംബന്ധിച്ച പഠനം നടത്തിയത്.

## അൽഷിമേഴ്സിന് ഇനി വിട

മെഡിക്കൽ സയൻസിനെ കുഴയ്ക്കുന്ന ഒരു രോഗമാണ് അൽഷിമേഴ്സ്. ഓർമ്മകളാകെ വേരോടെ പറിഞ്ഞു പോകുന്ന അവസ്ഥയാണ് ഈ രോഗത്തിനടിപ്പെടുന്ന രോഗിയ്ക്ക്. ഈ രോഗത്തിന് മുഖ്യഹേതു ബീറ്റാ അമിലോയ്ഡിന്റെ നിക്ഷേപാധിക്യമത്രേ. ഈ 'അടിയൽ' ഒഴിവാക്കാൻ മഞ്ഞളിലുള്ള ഘടകത്തിന് കഴിയുമെന്ന് അമേരിക്കൻ വെറ്ററൻസ് കാര്യവകുപ്പിലെ ശാസ്ത്രജ്ഞർ കണ്ടെത്തി. ഇതോടെ അൽഷിമേഴ്സിന് മരുന്നു കണ്ടുപിടിക്കാനുള്ള വഴി തെളിഞ്ഞതായി കരുതാം.

## മറയൂരിൽ ചന്ദന സംരക്ഷണ സംഗമം



ചന്ദനമരങ്ങളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിന് ദേശീയതലത്തിൽ ശ്രദ്ധിക്കപ്പെടുന്ന വിധത്തിൽ മറയൂരിൽ ചന്ദന സംരക്ഷണ സംഗമം നടത്തും. പ്രകൃതി സ്നേഹികളുടെയും തദ്ദേശവാസികളുടെയും കൂട്ടായ്മയായിരിക്കും അത്. ഏപ്രിൽ 22 ന് സംഗമം നടത്താനാണുദ്ദേശിക്കുന്നത്. ഇതിനായി കവയിത്രി സുഗതകുമാരി, എം.വി. ദേവൻ, ഡോ.എ. സുകുമാരൻ നായർ എന്നിവർ രക്ഷാധികാരികളും പി.ടി. തോമസ് എം.എൽ.എ ചെയർമാനും എ.കെ. മണി എം.എൽ.എ കൺവീനറുമായി സ്വാഗതസംഘം രൂപീകരിച്ചു.

ചന്ദനസംരക്ഷണത്തിന് കർമപദ്ധതി രൂപീകരിക്കുന്നതിന് മുന്നോടിയായി പ്രകൃതിസ്നേഹികളുടെയും ബന്ധപ്പെട്ടവരുടെയും ആലോചനായോഗം മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ വിളിച്ചു ചേർത്തു.

സംരക്ഷണബിൽ ഉടൻ പാസ്സാക്കുക, ചന്ദനസംരക്ഷണത്തിന് ജനകീയ സമിതികൾ രൂപീകരിച്ച് ജാഗ്രത പാലിക്കുക, വനം-പോലീസ് വകുപ്പുകൾ ഏകോപിപ്പിച്ച് പ്രവർത്തിക്കുക, സ്വകാര്യ ചന്ദന ഫാക്ടറികൾ പാടെ നിരോധിക്കുക, മറയൂരിൽ പൊതുമേഖലയിൽ ചന്ദനഫാക്ടറി തുടങ്ങുക, ചന്ദനമേഖലകളിൽ സത്യസന്ധരായ വനം വകുപ്പ് ഉദ്യോഗസ്ഥരെ മാത്രം നിയമിക്കുക, ഉദ്യോഗസ്ഥർക്ക് ആയുധങ്ങൾ നൽകി സുസജ്ജമായ സേന രൂപീകരിക്കുക, മരംവെട്ടിനെപ്പറ്റി വിവരം നൽകുന്നവർക്ക് പാരിതോഷികം നൽകുക, അവർക്ക് ജീവാപായം സംഭവിക്കാതെ സംരക്ഷണം നൽകുക, ചന്ദനമാഫിയയെ തകർക്കാൻ ജാമ്യമില്ലാവ്യവസ്ഥകൾ ഉൾപ്പെടുത്തി നിയമം കർക്കശമാക്കുക. രാഷ്ട്രീയ ഇടപെടൽ തടയുക, പിടിക്കപ്പെടുന്നവർക്ക് പിന്നിലുള്ളവരെ കണ്ടെത്തുക, അയൽ സംസ്ഥാനങ്ങളുടെ വനം-പോലീസ് വകുപ്പുകളുമായി സഹകരിച്ച് പ്രവർത്തിക്കുക, ചന്ദനം വ്യാപകമായി കൃഷി ചെയ്യുക, ചന്ദനസംരക്ഷണത്തിന്റെ പ്രാധാന്യം ദേശീയതലത്തിൽ പ്രചരിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ യോഗം അംഗീകരിച്ചു.

മറയൂരും സമീപപ്രദേശങ്ങളും ചിന്നാർ വന്യജീവി സങ്കേതത്തിൽ ഉൾപ്പെടുത്തണമെന്ന് യോഗം തീരുമാനിച്ചു. വനസംരക്ഷണ മേഖലയിലുള്ള ക്ഷണിക്കപ്പെട്ട 54 സംഘടനകളെയും വ്യക്തികളെയും പങ്കെടുപ്പിച്ചാണ് ചർച്ച നടത്തിയത്.

മുൻമന്ത്രി പി.ജെ.ജോസഫ്, പി.റ്റി. തോമസ് എം.എൽ.എ സുഗതകുമാരി, എം.വി. ദേവൻ, ഡോ. എ. സുകുമാരൻനായർ തുടങ്ങിയവർ യോഗത്തിൽ സംബന്ധിച്ചു.

## ഗോവൻ മുഖ്യമന്ത്രി

പ്രതാപ്സിംഗ് റാണെ ഗോവയുടെ 16-ാമത് മുഖ്യമന്ത്രിയായി. 2005 ഫെബ്രുവരിയിലാണ് ഇദ്ദേഹം സത്യപ്രതിജ്ഞ ചെയ്ത് അധികാരത്തിലെത്തിയത്. മനോഹർ പരീക്കറുടെ ബി.ജെ.പി. നേതൃത്വത്തിലുള്ള കൂട്ടുകക്ഷി മന്ത്രിസഭയുടെ പതനത്തോടെയാണ് പ്രതാപ്സിംഗ് റാണെ ഈ സ്ഥാനത്തെത്തിയത്.

## രാഹുൽഗാന്ധി ഡബ്ലിയു.ഇ.എഫ് ലേക്ക്

ലോക സാമ്പത്തിക സമിതിയി (WEF) ലേക്ക് തെരഞ്ഞെടുക്കപ്പെട്ട ഇന്ത്യയിലെ ആറുനേതാക്കന്മാരിൽ രാഹുൽഗാന്ധി എം.പിയും ഉൾപ്പെടുന്നു. ലോകരാജ്യങ്ങളിൽ നിന്നുള്ള 8000 സ്ഥാനാർത്ഥികളിൽ നിന്നാണ് ഇവർ തെരഞ്ഞെടുക്കപ്പെട്ടത്. ബിർള



ഗ്രൂപ്പ് ചെയർമാൻ കുമാർ മംഗളം ബിർള, ബജാജ് ആട്ടോയുടെ രാജീവ് ബജാജ്, കൈനറ്റിക് എഞ്ചിനീയറിംഗിന്റെ സുലജ ഫിറോഡിയ മോട്ട്വാനി, കേന്ദ്ര വാർത്താവിനിമയമന്ത്രി ദയാനിധി മാരൻ, റാൻബക്സിയുടെ മൽവിന്ദർ മോഹൻസിംഗ് എന്നിവരാണ് ഇന്ത്യയിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട മറ്റുള്ളവർ.

## ബ്ലൂഐസ്

ഐ.ബി.എം വികസിപ്പിച്ചെടുത്ത പുതിയ കമ്പ്യൂട്ടറുകളാണ് ബ്ലൂഐസ്. മുന്നിലിരിക്കുന്നയാളിന്റെ മനസ്സ് വായിക്കാൻ ഈ അത്ഭുതയന്ത്രത്തിന് കഴിയും. വീഡിയോ ക്യാമറയിലെ സാങ്കേതികതയാണ് ഇതിലുപയോഗിച്ചിരിക്കുന്നത്. കമ്പ്യൂട്ടർ ഉപയോഗിക്കുന്നവരുടെ പെരുമാറ്റരീതി നിർണയിച്ചാണ് അവരുടെ ചിന്തകൾ കമ്പ്യൂട്ടർ മനസ്സിലാക്കുന്നത്.

## ബയോടെക് രാജ്ഞി

കിരൺ മസുന്ദർഷായാണ് ഇന്ത്യയിലെ ഏറ്റവും ധനികയായി തെരഞ്ഞെടുക്കപ്പെട്ടത്. 2004ൽ 2100 കോടി ആസ്തിയുള്ള ബയോകോൺ എന്ന കമ്പനിയുടെ ഉടമയാണിവർ.



ബയോടെക്നോളജി കമ്പനികളിൽ വരുമാനത്തിൽ ലോകത്തിൽ 16-ാമതും ലാഭത്തിൽ 9-ാമതും സ്ഥാനം ഈ കമ്പനിക്കാണ്. ഇന്ത്യയുടെ "ബയോടെക് രാജ്ഞി" എന്ന് 'ഇക്കണോമിസ്റ്റും' "ഇന്ത്യയിലെ കണ്ടുപിടിത്തങ്ങളുടെ രാജ്ഞി" എന്ന് 'ന്യൂയോർക്ക്ടൈംസും' ഇവരെ വിശേഷിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ ബിസിനസ് വുമൺ ഓഫ് ദി ഇയർ അവാർഡും ഇവർ കരസ്ഥമാക്കി.

## പ്രകൃതിദുരന്തം നേരിടാൻ

ഭാവിയിലുണ്ടാകുന്ന ഏത് സുനാമി ദുരന്തവും അറിയുന്നതിന് നൂതന സംവിധാനമായ ഡോർസ് (DOARS)- ഡീപ്പ് അസെസ്മെന്റ് ആന്റ് റിപ്പോർട്ടിംഗ് സിസ്റ്റവും സോഫ്ട്വെയറും സ്ഥാപിക്കുന്നതാണ്.



ആഴക്കടലിൽ ഉണ്ടാകുന്ന തിരയിളക്കങ്ങളുടെ രൂപീകരണവും തിരകളിലുണ്ടാകുന്ന വ്യതിയാനവും അറിയുന്നതിനായിരിക്കും ഇത് സ്ഥാപിക്കുന്നത്. തിരമാലകളുടെ ഒരു സെ.മീ. ഉയരത്തിലുള്ള വ്യതിയാനം പോലും കണ്ടെത്താൻ ഈ സംവിധാനത്തിലൂടെ സാധിക്കും.

സുനാമി പോലുള്ള പ്രകൃതിദുരന്തങ്ങൾ നേരിടാൻ നാഷണൽ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി (NDMA) യും സർക്കാർ രൂപീകരിച്ചു.

## പലസ്തീനിയൻ പ്രസിഡന്റ്

യാസർ അരാഫത്തിന് ശേഷം പലസ്തീനിയൻ പ്രസിഡന്റായി മഹ്മൂദ് അബ്ബാസ് തെരഞ്ഞെടുക്കപ്പെട്ടു. 2005 ജനുവരി 9നായിരുന്നു തെരഞ്ഞെടുപ്പ്. ഇദ്ദേഹം മുൻ പി.എൽ.എ പ്രധാനമന്ത്രിയായിരുന്നു.

## ഓഷ്വിറ്റ്സ് അനുസ്മരണം

ജനുവരി 27ന് പോളണ്ടിലെ ക്രാക്കോതിയേറ്ററിൽ പൈശാചികമായ ഒരേടിന്റെ അന്ത്യം കുറിച്ച വിമോചനത്തിന്റെ ഓർമയുണർത്തി ഓഷ്വിറ്റ്സ് അനുസ്മരണദിനാചരണം നടന്നു. 60 വർഷം മുമ്പാണ് ജർമനിയിലെ ഓഷ്വിറ്റ്സ് എന്ന ക്യാമ്പിൽ നിന്നും ആയിരക്കണക്കിന് മൃതപ്രായരായ ജൂതവംശജരാണ് അമേരിക്ക, ബ്രിട്ടൺ, റഷ്യ എന്നീ രാജ്യങ്ങളുടെ സംയുക്തസേനയുടെ സഹായത്താൽ വിമോചിതരായത്. ഭ്രാന്തമായ വംശസ്നേഹം തലയിൽ പിടിച്ച ഹിറ്റ്ലറെന്ന സ്വേച്ഛാധിപതിയുടെ ലോകം കണ്ട ഏറ്റവും പൈശാചികപ്രവൃത്തിയുടെ ബാക്കി പത്രമായിരുന്നു ഈ വിമോചനം. ലക്ഷക്കണക്കിന് ജൂതവംശജരാണ് ഓഷ്വിറ്റ്സ് ക്യാമ്പിലെ ഗ്യാസ് ചേമ്പറിൽ പീഡനത്തിന് വിധേയരായി വധിക്കപ്പെട്ടത്. രണ്ടാം ലോകമഹായുദ്ധത്തിലെ ജർമനിയുടെ പരാജയത്തിനു ശേഷം ക്യാമ്പിൽ അവശേഷിക്കപ്പെട്ടവരാണ് സംയുക്തസേ



നയുടെ സഹായത്താൽ വിമോചിതരായത്. മൃതപ്രായരായ ഇവർ മാസങ്ങളോളം പീഡനത്തിന് വിധേയരായവരായിരുന്നു. അനുസ്മരണദിനത്തിൽ വിമോചിതരായ പലരും അവരുടെ ബന്ധുക്കളും പങ്കെടുത്തിരുന്നു.

## Statement of ownership and other particulars of Janapatham Monthly

(Form IV – See rule 8)

| | | | |
|---|---|---|---|
| 1. | Place of Publication | : | Thiruvananthapuram |
| 2. | Periodicity of Publication | : | Monthly |
| 3. | Printer's Name | : | Jiji Thomson IAS |
| | Whether citizen of India | : | Yes |
| | Address | : | St.Joseph Press<br>Thiruvananthapuram |
| 4. | Publisher's Name | : | Jiji Thomson IAS |
| | Whether citizen of India | : | Yes |
| | Address | : | Secretary Information and<br>Public Relations,<br>Thiruvananthapuram |
| 5. | Editor's Name | : | Jiji Thomson IAS |
| | Whether citizen of India | : | Yes |
| | Address | : | Secretary Information and<br>Public Relations,<br>Thiruvananthapuram |
| 6. | Name and Address of individual who own the newspaper | : | Government of Kerala |

I, Jiji Thomson IAS declare that the particulars given above are true to the best of my knowledge and belief.

Sd/-
Jiji Thomson IAS
Publisher

Thiruvananthapuram,
28.02.2005.